VOL. XI ISSUE 07 JULY - 2020 BELTHANGADY

# Feast of St.Thomas the Apostle
## July 3rd




**My Lord and My God (John 20 : 28)**

# UDAYADEEPA BELTHANGADY

# ಉದಯದೀಪ ಬೆಳ್ತಂಗಡಿ

# ഉദയദീപ ബെൽത്തംഗഡി

## Belthangady Diocesan Bulletin

**Vol. X1 Issue. 07 July- 2020 Page- 72**

**Annual Subscription: Rs. 140-00 Single Copy: Rs. 12-00**

**Edited, Printed and Published, by Fr. Joseph Valiaparambil**
**Bishop's House, Udayanagar, P.B. No.13**
**Belthangady - 574 214, D.K., Karnataka, India.**
**Printed at Shree Raghavendra Printers, Ujire-574 240**

**Website: www.belthangadydiocese.com**
**Email : udayadeepabel@gmail.com**
**Tel.: 08256-232439, 233975**

# Feast of St. Alphonsa

**July 28th**




"I have love towards everyone. It is impossible for me to hate anyone"

St. Alphonsa

# CONTENTS

1. Circular No. 8/2020 6
2. Pastoral Letter Prot. No. 0714/2020 8
3. Circular No. 7/2020 16
4. Pastoral Letter No. 2/2020 17
5. Circular No. 5/2020 24
6. Circular No. 6/2020 30
7. World Communications Day 2020 : Pope Francis 33
8. Notifications from the Chancellery 42
9. Catechism Department News 46
10. Social Service Department 51
11. Family Apostolate 53
12. Youth Apostolate 55
13. Christus Vivit : Pope Francis 57
14. Pastoral Guidelines : KRCBC 62
15. Programme of the Bishop 71

**Circular No. 08/2020**

വന്ദ്യ സഹോദരരേ, വത്സല മക്കളേ,

ദുക്റാന തിരുനാൾ ആസന്നമായി! എല്ലാവർക്കും ദുക്റാന തിരുനാളിന്റെ മംഗളങ്ങൾ സ്നേഹപൂർവ്വം ആശംസിക്കുന്നു!

ജൂലൈ-3ന് നാം ആചരിക്കുന്ന ദുക്റാന തിരുനാൾ മാർ തോമ്മാക്രിസ്ത്യാനികളായ നമ്മെ സംബന്ധിച്ചിടത്തോളം വലിയ തിരുനാളുകളിൽ ഒന്നാണ്. നമ്മുടെ പിതാവും ഭാരത അപ്പസ്തോലനുമായ വിശുദ്ധ തോമ്മാശ്ലീഹാ രക്തസാക്ഷിത്വം വരിച്ച ദിനമാണ്! ഉത്ഥിതനായ മിശിഹായെ കണ്ടപ്പോൾ "എന്റെ കർത്താവേ, എന്റെ ദൈവമേ" എന്ന് പറഞ്ഞുകൊണ്ട് ഈശോ മിശിഹായിലുള്ള തന്റെ വിശ്വാസം ഏറ്റു പറയുകയും പിന്നീട് അങ്ങോട്ട് ആ വിശ്വാസത്തിനുവേണ്ടി സ്വയം മറന്ന് ജീവിച്ച് മരിക്കുകയും ചെയ്ത വലിയ അപ്പസ്തോലനാണ് മാർ തോമ്മാശ്ലീഹാ. ശ്ലീഹായുടെ മരണ തിരുനാൾ ആഘോഷിക്കുന്ന ഈ വേളയിൽ നാം ഒരിക്കൽക്കൂടി നമ്മുടെ വിശ്വാസ ജീവിതം പരിശോധിച്ച് പുത്തൻ തീരുമാനങ്ങളുമായി മുമ്പോട്ട് പോകണം. ഈശോയെ നമ്മുടെ രക്ഷകനും നാഥനുമായി സ്വീകരിക്കുകയും ഈശോയ്ക്കുവേണ്ടി നമ്മെ പൂർണ്ണമായി സമർപ്പിക്കുകയും വേണം.

കോവിഡ്-19 കാരണം മുടങ്ങിപോയ നമ്മുടെ പൊതുജന പങ്കാളിത്വത്തോടുകൂടിയുള്ള വി. കുർബാനയും മറ്റ് തിരുക്കർമ്മങ്ങളും ജൂലൈ -3ന് നാം പുനരാരംഭിക്കുകയാണ്(കൊഡഗു ജില്ലയിൽ നമ്മുടെ പള്ളികളിൽ ജൂൺ 14 ന് ആരംഭിച്ചിരുന്നു). വി. തോമ്മാശ്ലീഹായുടെ രക്തസാക്ഷിത്വ ദിനം നമുക്ക് ക്രൈസ്തവ ജീവിതത്തിന് പുത്തനുണർവ് നല്കട്ടെ. കോവിഡ്-19 നമുക്ക് വലിയ പ്രതിസന്ധികൾ വരുത്തുന്നുണ്ട്. എന്നാൽ ഇടയലേഖനം നമ്പർ 2/2020 ൽ ഞാൻ പ്രതിപാദിച്ചതുപോലെ ദൈവം ഈ സഹനങ്ങൾ നമുക്ക് അനുവദിക്കുമ്പോൾ അതിലൂടെ നമ്മോട് അവിടുത്തേക്ക് പലതും പറയുവാനുണ്ട്, അത് നാം തിരിച്ചറിയണം.

ഈ വർഷത്തെ ദുക്റാന തിരുനാളിനോട് അനുബന്ധിച്ച് നമ്മുടെ മേജർ ആർച്ചു ബിഷപ്പ് പ്രസിദ്ധീകരിച്ച ഇടയലേഖനത്തിലൂടെ നമ്മോട് പറയുന്ന ആഴമായ വിശ്വാസം, അടിയുറച്ച് ആദ്ധ്യാത്മീക ജീവിതം, നിർമ്മലമായ പരസ്നേഹം, ജീവിത ലാളിത്യം, കഠിനാധ്വാനം, സാക്ഷ്യ ജീവിതം, സാധുക്കളോടുള്ള അനുകമ്പ, ആഡംബരത്തോടുള്ള വിമു

കത മുതലായ പുണ്യങ്ങൾ അഭ്യസിക്കുവാനായി നമുക്ക് പരിശ്രമിക്കാം. പ്രതിദിനവും എല്ലാവരും കുറച്ച് സമയമെങ്കിലും കായികാധ്വാനം ചെയ്യണമെന്നുള്ള ആഹ്വാനവും നമുക്ക് സ്വീകരിക്കാം.

"കോവിഡ് കാലത്ത്" നമ്മുടെ സഭാ ജീവിതത്തിന് പുതിയ രൂപം നല്കേണ്ടതുണ്ട്. ബഹുമാനപ്പെട്ട അച്ചന്മാർ നല്കുന്ന നിർദ്ദേശങ്ങളോട് നിങ്ങൾ പൂർണ്ണമായി സഹകരിക്കണമന്ന് അപേക്ഷിക്കുന്നു. പള്ളിയിലെ തിരുക്കർമ്മങ്ങളിൽ ഭക്തിയോടെ പങ്കെടുക്കണം; പാലിക്കേണ്ട അച്ചടക്ക നടപടികൾ സ്വീകരിക്കണം. കുടുംബങ്ങളിലുള്ള പ്രാർത്ഥന ശക്തിപ്പെടുത്തുകയും ദൈവസ്നേഹത്തിൽ കൂടുതൽ വളരുകയും വേണം.

ജൂലൈ-3 സഭാ ദിനമായിട്ടാണ് നമ്മൾ സീറോ മലബാർ മക്കൾ ആചരിക്കുന്നത്. അന്ന് സീറോ മലബാർ സഭയ്ക്ക്വേണ്ടി പ്രത്യേകം പ്രാർത്ഥിക്കണം. അന്നേ ദിവസം പ്രത്യേക പിരിവ് എടുക്കുകയും എല്ലാവരും അതിൽ ആത്മാർത്ഥമായി സഹകരിക്കുകയും ചെയ്യണം. ലഭിക്കുന്ന തുക സീറോ മലബാർ സഭാ കേന്ദ്രത്തിൽ നല്കേണ്ടതിനായി ജൂലൈ 12 ന് മുമ്പ് രൂപത കേന്ദ്രത്തിൽ എത്തിക്കണമെന്ന് ബഹുമാനപ്പെട്ട വികാരിയച്ചന്മാരോടു അഭ്യർത്ഥിക്കുന്നു.

"അവനോടൊപ്പം മരിക്കാൻ നമുക്കും പോകാം "(യോഹ 11 :16) എന്ന് പറഞ്ഞുകൊണ്ട് ഈശോയോടുള്ള ആഴമായ സ്നേഹവും വിശ്വാസവും പ്രഖ്യാപിച്ച വി. തോമ്മാശ്ലീഹായിൽ വിളങ്ങിയിരുന്ന ആഴമായ വിശ്വാസവും ഈശോയോടുള്ള സ്നേഹവും നമുക്കും ഉണ്ടാകട്ടേയെന്ന് പ്രാർത്ഥിച്ചുകൊണ്ട് + പിതാവിന്റെയും + പുത്രന്റെയും + പരിശുദ്ധാത്മാവിന്റെയും നാമത്തിൽ ഏവരേയും ഹൃദയപൂർവ്വം ആശീർവ്വദിക്കുന്നു.

ബെൽത്തംഗഡി
27-06-2020

+ മാർ ലോറൻസ് മുക്കുഴി
ബെൽത്തംഗഡി രൂപതയുടെ മെത്രാൻ

---

**NB:** ഈ സർക്കുലർ 03.07.2020 എല്ലാ കുർബാന മദ്ധ്യേയും വായിക്കേണ്ടതാണ്.

Prot. No. 0714/2020

## ഇടയലേഖനം

## സഭാദിനം - ജൂലൈ 3, 2020

**സീറോമലബാർ സഭയുടെ മേജർ ആർച്ചുബിഷപ്പ് കർദിനാൾ ജോർജ് ആലഞ്ചേരി തന്റെ സഹ ശുശ്രൂഷകരായ മെത്രാപ്പോലീത്താമാർക്കും മെത്രാൻമാർക്കും വൈദികർക്കും സമർപ്പിതർക്കും തന്റെ അജപാലന ശുശ്രൂഷയ്ക്ക് ഏല്പിക്കപ്പെട്ടിരിക്കുന്ന എല്ലാ ദൈവജനത്തിനും എഴുതുന്നത്. കർത്താവിന്റെ കൃപ നിങ്ങളെല്ലാവരോടും കൂടെ ഉ ായിരിക്കട്ടെ!**

ഈശോമിശിഹായിൽ പ്രിയ സഹോദരീ സഹോദരന്മാരേ,

മാർതോമാശ്ലീഹായുടെ ദുക്റാനാ തിരുനാൾ ദിനമായ ജൂലൈ മൂന്ന് ഒരിക്കൽ കൂടി സമാഗതമാകുന്നു. ഈ ദിവസം നാം സീറോമലബാർ സഭാദിനമായും ആഘോഷിക്കുകയാണല്ലോ. ദുക്റാനാ തോമാശ്ലീഹായുടെ വിശ്വാസ പ്രഖ്യാപനത്തിന്റെ തിരുനാളാണ്. വിശ്വാസത്തിന്റെ കൈമാറ്റം വഴിയാണ് നാം മാർതോമാശ്ലീഹായോട് ബന്ധപ്പെട്ടിരിക്കുന്നതും അദ്ദേഹത്തെ നമ്മുടെ പിതാവായി മഹത്വപ്പെടുത്തുന്നതും. ഉത്ഥിതനായ ഈശോയുടെ തിരുവിലാവ് ദർശിച്ച തോമാശ്ലീഹായുടെ 'എന്റെ കർത്താവേ, എന്റെ ദൈവമേ' (മാറ് വാലാഹ്) എന്ന ഉദീരണം സുവിശേഷങ്ങളിൽ ഏറ്റവും വലിയ വിശ്വാസ പ്രഖ്യാപനമായി നിലകൊള്ളുന്നു. 'കർത്താവേ', 'ദൈവമേ' എന്ന രുവിളികളും ഈശോയുടെ ദൈവത്വത്തെ സൂചിപ്പിക്കുന്നവയാണ്. മനുഷ്യനായി ജീവിച്ചു മരിച്ച് ഉത്ഥാനം ചെയ്ത ഈശോ ദൈവവുമാണ് എന്ന പ്രഖ്യാപനമാണ് തോമാശ്ലീഹ നടത്തിയത്. ഇതിനുസമാനമായ വി. പത്രോസ് ശ്ലീഹായുടെ വിശ്വാസപ്രഖ്യാപനം,'നീ ജീവിക്കുന്ന ദൈവത്തിന്റെ പുത്രനായ മിശിഹായാകുന്നു' എന്നതായിരുന്നു. പത്രോസിന്റെ ഈ പ്രഖ്യാപനം കർത്താവിന്റെ പരസ്യജീവിതത്തിന്റെ മധ്യത്തിലായിരുന്നു; തോമാശ്ലീഹായുടേത് ഈശോയുടെ ഉത്ഥാനത്തിനുശേഷവും. ഉത്ഥാനശേഷം വി. പത്രോസ് നടത്തിയത് ഈശോയോടുള്ള സ്നേഹത്തിന്റെ പ്രഖ്യാപനമായിരുന്നു. ഈ സ്നേഹപ്രഖ്യാപനത്തിൽ ഉത്ഥിതനായ മിശിഹായിലുള്ള വി. പത്രോസിന്റെ പൂർണമായ

വിശ്വാസസമർപ്പണവും ഉൾക്കൊിരുന്നു. വിശ്വാസത്തിന്റെ സഫലീകരണമാണ് സ്നേഹം. സ്നേഹത്തിലൂടെ പ്രവർത്തനനിരതമാകുന്ന വിശ്വാസമാണു നമ്മെ രക്ഷിക്കുന്നതെന്ന് വി. പൗലോസ് ശ്ലീഹാ പറയുന്നു്. തോമാശ്ലീഹായിലൂടെ കൈമാറികിട്ടിയ വിശ്വാസം സ്നേഹത്തിന്റെ വിവിധങ്ങളായ പ്രവർത്തനങ്ങളിലൂടെ സാക്ഷ്യപ്പെടുത്തുന്ന ഒരു സമൂഹമാണ് നമ്മുടേത്. കൊറോണ ബാധയുടെ ഈ കാലത്ത് അതു കൂടുതൽ സജീവമാക്കുവാൻ ദൈവം നമുക്ക് അവസരം നൽകിയിരിക്കുന്നു.

**ജീവിത നവീകരണം**

കൊറോണക്കാലം പല ജീവിതനവീകരണ സാധ്യതകളും നമുക്ക് തുറന്നു നൽകിയിട്ടു്. കാലങ്ങളായി സഭ ചിന്തിച്ചുകൊിരുന്നതും പലതലങ്ങളിൽ നിന്നും ഉന്നയിക്കപ്പെട്ടിരുന്നതുമായ ജീവിതലാളിത്യം സ്വീകരിക്കുവാനുള്ള ആവശ്യബോധം ഇന്ന് നമുക്കുാകുന്നു. ഈ വർഷവും അടുത്ത വർഷങ്ങളും നമ്മെ സംബന്ധിച്ചിടത്തോളം എല്ലാ തലങ്ങളിലും ചെലവു ചുരുക്കലിന്റെ കാലമായിരിക്കണം. ധൂർത്തും ആർഭാടവും നമ്മുടെ ജീവിതശൈലിയിൽ നിന്ന് അകലണം. ഉടനേ പുതിയ നിർമ്മാണപദ്ധതികൾ ആസൂത്രണം ചെയ്യാതിരിക്കണം. ഇടവകകളും സ്ഥാപനങ്ങളും തുടങ്ങിവച്ചിട്ടുള്ള നിർമ്മാണപ്രവർത്തനങ്ങൾ സാവകാശം പൂർത്തിയാക്കിയാൽ മതി എന്ന സംയമന മനോഭാവം നമുക്കുാകണം. നിർബന്ധിത പണപ്പിരിവുകൾ നടത്താതിരിക്കാൻ നമുക്കു തീരുമാനമെടുക്കാം. ഒരുവിധ സമ്മർദ്ദവുമില്ലാതെ ജനങ്ങൾ സ്വമേധയാ നൽകുന്ന നേർച്ചകളും സംഭാവനകളും മാത്രം വിനിയോഗിച്ചുകൊ് സഭാ കൂട്ടായ്മയുടെ ആവശ്യങ്ങൾ നമുക്കു നിർവ്വഹിക്കാം. സഭാശുശ്രൂഷകളുടെയും ധ്യാന പ്രസംഗങ്ങളുടെയും തിരുനാളുകളുടെയും ലക്ഷ്യം ധനസമ്പാദനമാണ് എന്ന തെറ്റിദ്ധാരണ ജനിപ്പിക്കുന്ന പരസ്യങ്ങളും ആഘോഷങ്ങളും നമുക്കു നിറുത്തലാക്കാം. വ്യക്തിപരമായ നേട്ടങ്ങൾക്കും പ്രശസ്തിക്കും വേിനിർമ്മാണങ്ങളും പരിപാടികളും ആസൂത്രണം ചെയ്യുന്നത് ഉചിതമല്ല. സഭയിലെ ആവശ്യങ്ങളുടെ നിർവഹണം സഭാ മക്കളുടെ

കൂട്ടായ്മയുടെ പൊതുവായ ആത്മീയചിന്തയിൽ നിന്ന് ഉയിർകൊള്ളുന്നതാകട്ടെ.

വ്യക്തികളും സഭാ സംവിധാനങ്ങളും ആവശ്യത്തിൽകവിഞ്ഞ സമ്പത്ത് സ്വരുക്കൂട്ടിവയ്ക്കുന്ന പ്രവണത ഉപേക്ഷിക്കണം. ഫ്രാൻസിസ് മാർപാപ്പ പറയുന്നതുപോലെ സഭയുടെ മുഖം ദരിദ്രമാകട്ടെ. സഭ പാവപ്പെട്ടവരുടേതാകട്ടെ. സഭയുടെ സമ്പത്ത് ദൈവജനമാണ്. സഭയുടെ അത്യാവശ്യങ്ങൾക്കും ആവശ്യങ്ങൾക്കുംവേി യഥാസമയം വേത് നൽകുവാൻ തക്ക വിശ്വാസതീക്ഷ്ണത നമ്മുടെ സഭാമക്കൾക്കു്. സഭ തങ്ങളുടേതാണെന്നും തങ്ങളാണ് സഭയെന്നും സഭാശുശ്രൂഷകരുടെ ന്യായമായ ആവശ്യങ്ങൾ നിർവഹിക്കുവാൻ തങ്ങൾക്ക് ഉത്തരവാദിത്വമുന്നെും നമ്മുടെ ജനം മനസ്സിലാക്കി പ്രവർത്തിക്കുന്ന ഒരു കൂട്ടായ്മയുടെ ശൈലി സഭയിൽ സംജാതമാകട്ടെ. ദൈവസ്നേഹപ്രേരിതമായ കാരുണ്യ പ്രവർത്തനങ്ങളായിരിക്കണം സഭയുടെ മുഖമുദ്ര. വിദ്യാഭ്യാസം, ആതുരശുശ്രൂഷ, സാമൂഹ്യക്ഷേമം എന്നീ മേഖലകളിലെ നമ്മുടെ എല്ലാ പ്രവർത്തനങ്ങളും കാരുണ്യസ്പർശംകൊ് ഉത്തമ ക്രൈസ്തവസാക്ഷ്യങ്ങളായിത്തീരട്ടെ. കോവിഡുകാലത്ത് ഇടവകകളും സ്ഥാപനങ്ങളും രൂപതകളുടെ സാമൂഹ്യക്ഷേമ വിഭാഗങ്ങളും മറ്റ് സംഘടനകളും ചെയ്യുന്ന നിസ്തുലമായ സേവനങ്ങൾക്ക് ഞാൻ നന്ദിയും അഭിനന്ദനങ്ങളും അറിയിക്കുന്നു.

**കൊറോണക്കാലത്തെ ആരാധനാകർമ്മങ്ങൾ**

2020 കോവിഡുവർഷമായി ലോകചരിത്രത്തിൽ അറിയപ്പെടുമെന്ന് തോന്നുന്നു. ഈ വർഷാവസാനംവരെയെങ്കിലും കൊറോണ വൈറസിന്റെ ആക്രമണം ലോകജനതയ്ക്കു നേരിടേിവരും. അതിനാൽ രോഗത്തിന്റെ സമൂഹവ്യാപനം ഏതുവിധേനയും തടയേത് മനുഷ്യവംശത്തിന്റെ നിലനിൽപ്പിന് ആവശ്യമാണ്. ഈ ഉത്തരവാദിത്വബോധം എല്ലാവരിലുമുാകുവാൻ നാം കഠിനമായി പരിശ്രമിക്കണം. മനുഷ്യജീവിതത്തെ സാധാരണ ഗതിയിലാക്കിക്കൊുതന്നെ രോഗനിയന്ത്രണം സാധിക്കുക എന്ന നയമാണ് ഈ രാം ഘട്ടത്തിൽ രാജ്യങ്ങളെല്ലാം സ്വീകരിച്ചിരിക്കുന്നത്. നമ്മുടെ രാജ്യവും ഇതേ സമീപനമാണല്ലോ സ്വീകരിച്ചിരിക്കുന്നത്. അതിനാൽ, ലോക്ഡൗണിൽ ഇളവുകൾ

ക്രമാനുഗതമായി നൽകപ്പെടുന്നു. വ്യാപാരസ്ഥാപനങ്ങൾ, ഫാക്ടറികൾ, സർക്കാർ ഓഫീസുകൾ മുതലായവ ഏതാ് പൂർണ്ണതോതിൽ തുറന്നു പ്രവർത്തിക്കുവാൻ ആരംഭിച്ചു. സ്വകാര്യ വാഹനഗതാഗതം ഏറെക്കുറെ പൂർണ്ണതോതിൽ ആയി. നിർമ്മാണ പ്രവർത്തനങ്ങൾക്കും നിയന്ത്രണമില്ല. ജൂൺ 09 മുതൽ ആരാധനാലയങ്ങൾ തുറന്ന് പ്രാർത്ഥനാശുശ്രൂഷകൾ നടത്തുന്നതിന് അനുമതിയും സർക്കാർ നൽകിയിട്ടു്. എന്നാൽ, ഇളവുകളെല്ലാം അനുവദിക്കുമ്പോഴും രോഗവ്യാപനം തടയുന്നതിനുള്ള കർശനമായ നിബന്ധനകളും സർക്കാരുകൾ നൽകുന്നു്. സഭാമക്കളായ നാമെല്ലാവരും അവയെല്ലാം കണിശമായി പാലിച്ച് രാജ്യത്തിന്റെ പൊതുനന്മയ്ക്കായി പ്രവർത്തിക്കുവാൻ പ്രതിജ്ഞാബദ്ധരാകണം.

ദൈവാലയത്തിലെ കർമ്മങ്ങൾക്ക് അനുമതി ലഭിച്ചുവെന്നതിന്റെ പേരിൽ എല്ലാവരും എപ്പോഴും ആരാധനാകർമ്മങ്ങളിൽ സംബന്ധിക്കുവാൻ തിടുക്കം കൂട്ടുന്നത് ഈ സാഹചര്യത്തിൽ ശരിയാകില്ല. ഇപ്പോൾ തുറന്നുപ്രവർത്തിക്കുന്ന ദൈവാലയങ്ങൾക്ക് നിബന്ധനകൾ പാലിച്ചുകൊ് അതേ രീതി തുടരാം. ഇതുവരെയും ആരാധനാശുശ്രൂഷകൾ പുനരാരംഭിക്കാത്ത ദൈവാലയങ്ങളിൽ അവ തുടങ്ങുമ്പോഴും രോഗ വ്യാപനനിയന്ത്രണത്തിനുവേ മുൻകരുതലുകൾ എടുത്തേ തീരൂ. ഈ വിഷയത്തിൽ നമുക്ക് യാതൊരുവിധ ഉദാസീനതയും ഉാകരുത്. രോഗവ്യാപനത്തിന്റെ പുതിയ സാധ്യതകൾ എവിടെയെങ്കിലുമുന്നെറിഞ്ഞാൽ, ആരാധനാലയങ്ങൾ വീും അടച്ചുകൊ് വൈദികരും ജനങ്ങളും ഉത്തരവാദിത്വബോധത്തോടെ പ്രതികരിക്കണമെന്ന് അഭ്യർത്ഥിക്കുന്നു. പൊതുസമൂഹം സാധാരണ ജീവിതശൈലിയിലേയ്ക്ക് വരുന്നതോടൊപ്പം സഭാമക്കളുടെ കൗദാശികജീവിതം ക്രമേണ സാധാരണഗതിയിലേയ്ക്ക് വരണമെന്നതാണ് നമ്മുടെ ലക്ഷ്യം.

**ആദ്ധ്യാത്മികതയുടെ പുതിയ മാനങ്ങൾ**

ആത്മീയതയ്ക്കു വിരുദ്ധമായി നമ്മുടെ ജീവിതത്തിൽ കടന്നുകൂടിയ സമീപനങ്ങളെയും പ്രവർത്തനങ്ങളെയും ഉപേക്ഷിച്ചു സംശുദ്ധമായ ക്രൈസ്തവസാക്ഷ്യം നൽകുവാൻ കോവിഡു കാലത്തിന്റെ അനുഭവം നമ്മെ കൂടുതൽ പ്രേരിപ്പിക്കണം. സഭയിൽ നേതൃത്വശുശ്രൂഷയിലുള്ള വൈദികരും സമർപ്പിതരും അൽമായരും

ശരിയായ ക്രൈസ്തവസാക്ഷ്യം നൽകുന്നതിൽ ദത്തശ്രദ്ധരായിരിക്കണം. ലോക്ഡൗൺ കാലത്ത് വീടുകളിൽ കഴിഞ്ഞിരുന്നതുകൊ് കൂടുതൽ വ്യക്തിപരമായി പ്രാർത്ഥിക്കുവാനും കുടുംബപ്രാർത്ഥന ക്രമമായി ചൊല്ലുവാനും ഏവർക്കും സാധിച്ചുവല്ലോ. ഓൺലൈൻ കുർബാനയർപ്പണങ്ങളിലും ഭക്തിപൂർവ്വം സംബന്ധിക്കുവാൻ സാധിച്ചു. ഈ പ്രാർത്ഥനാനുഭവത്തോടൊപ്പം കുട്ടികളുടെ വിശ്വാസപരിശീലനവും ഓൺലൈനിൽ നടന്നുകൊിരിക്കുകയാണല്ലോ. മുതിർന്നവർക്കും വിശ്വാസ വിഷയങ്ങളിൽ കൂടുതൽ അവബോധം ഉാകുന്നതിന് ഈ അവസരത്തെ പ്രയോജനപ്പെടുത്താവുന്നതാണ്.

വിശ്വാസജീവിതത്തിന് നിരക്കാത്ത എല്ലാ പ്രവണതകളെയും നമ്മിൽ നിന്ന് അകറ്റുവാൻപരിശ്രമിക്കാം. മദ്യപാനം, ലഹരിമരുന്നുകളുടെ ഉപയോഗം, മനുഷ്യജീവന് എതിരെയുള്ള അക്രമങ്ങൾ, സാമൂഹ്യ മാധ്യമങ്ങളിലൂടെയും അല്ലാതെയും മറ്റുള്ളവരുടെ സ്വകാര്യതയ്ക്കെതിരെയുള്ള കടന്നുകയറ്റം, ഇതരർക്ക് അപകീർത്തി വരുത്തുന്ന പ്രചരണങ്ങൾ, ലൈംഗികതയുടെ എല്ലാത്തരത്തിലുമുള്ള ദുരുപയോഗം മുതലായ തിന്മകൾക്കു വിധേയരാകാതിരിക്കാൻ നാം ജാഗ്രത പാലിക്കണം. നന്മയിൽ കൂടുതൽ വളരുന്നതുവഴിയാണ് തിന്മയെ അതിജീവിക്കുവാൻ സാധിക്കുന്നത്. സംശുദ്ധമായ സ്നേഹവും കാരുണ്യവും നമ്മുടെ ചിന്തകളിലും വാക്കുകളിലും പ്രവർത്തനങ്ങളിലും വളർത്തിയെടുക്കാൻ നമുക്ക് പരിശ്രമിക്കാം. ദാരിദ്ര്യമനുഭവിക്കുന്ന കുടുംബങ്ങളെ കഴിയുന്നിടത്തോളം സഹായിക്കാം. പ്രവാസികൾ ഇപ്പോഴും നാട്ടിലേയ്ക്ക് തിരിച്ചുവന്നുകൊിരിക്കുകയാണല്ലോ. അവർക്ക് ആവശ്യകമായ സഹായസഹകരണങ്ങൾ ചെയ്തുകൊടുക്കുവാൻ സർക്കാരിനോടൊപ്പം നാം സന്നദ്ധരാകണം. പ്രവാസികളുടെ മക്കൾക്ക് ആവശ്യകമായ സ്കൂൾ-കലാലയ വിദ്യാഭ്യാസ സൗകര്യങ്ങൾ കഴിവതും ഏർപ്പെടുത്തിക്കൊടുക്കുവാൻ സഭാസ്ഥാപനങ്ങൾക്കുള്ള ഉത്തരവാദിത്വത്തെ ഓർമ്മിപ്പിച്ചുകൊള്ളട്ടെ.

വംശീയ വിവേചനം ഇന്ന് സമൂഹത്തിൽ ഭിന്നതകൾ സൃഷ്ടിക്കുന്നു്. എക്കാലത്തുമുായിരുന്ന ഈ പ്രശ്നത്തിന് ഒരു പരിധിവരെ പരിഹാരം കത്തൊൻ ലോകരാഷ്ട്രങ്ങൾക്കു

സാധിച്ചിരുന്നതാണ്. എന്നാൽ അടുത്ത കാലത്ത് അതു വീും പലപല രീതികളിൽ രംഗപ്രവേശം ചെയ്യുന്നതായിട്ട് കാണുന്നു. മനുഷ്യത്വത്തിന് നിരക്കാത്ത ഈ തിന്മയെ പൂർണ്ണമായും ഇല്ലായ്മ ചെയ്യേത് ലോകജനതയുടെ സാംസ്കാരികോന്നമനത്തിന് ആവശ്യകമാണ്. ക്രൈസ്തവരായ നമ്മെ സംബന്ധിച്ചിടത്തോളം വംശീയ വിവേചനം നമ്മുടെ വിശ്വാസത്തിന് കടകവിരുദ്ധമാണ്. യഹൂദരെയും ഗ്രീക്കുകാരെയും സമറിയാക്കാരെയുമെല്ലാം ദേശീയ, വംശീയ വ്യത്യാസങ്ങൾ ഒന്നും കൂടാതെ ദൈവപിതാവിന്റെ മക്കളെന്ന നിലയിൽ സഹോദരീസഹോദരന്മാരായി കാണ് ഈശോ ജീവിച്ചതും പ്രസംഗിച്ചതും പഠിപ്പിച്ചതും. വി. പൗലോസ് ശ്ലീഹാ പറയുന്നതുപോലെ, ഈശോമിശിഹായിൽ യഹൂദനെന്നോ ഗ്രീക്കുകാരനെന്നോ അടിമയെന്നോ സ്വതന്ത്രനെന്നോ സ്ത്രീയെന്നോ പുരുഷനെന്നോ വ്യത്യാസമില്ല (ഗലാ. 3:28). അതിനാൽ, നമ്മിൽ നിന്ന് വംശീയ വിവേചനത്തിന്റെ ചിന്തകളോ സംസാരമോ പ്രവൃത്തികളോ ഉാകാതിരിക്കാൻ ശ്രദ്ധ ചെലുത്തണം. എല്ലാ മനുഷ്യരെയും സഹോദരീസഹോദരന്മാരായി ക്, സഭയിലും സമൂഹത്തിലും കൂട്ടായ്മയിൽ ജീവിക്കുന്ന ഒരു സംസ്കാരം നാം വളർത്തിയെടുക്കണം.

ക്രിസ്തീയ ആദ്ധ്യാത്മികതയുടെ സാമൂഹികമാനങ്ങളെക്കുറിച്ചും നാം ചിന്തിക്കേതു്. കൊറോണക്കാലത്തും അതിനുശേഷം വരുന്ന വർഷങ്ങളിലും നാം ഉൽപ്പാദകരാകണം. വ്യക്തിപരമായും കുടുംബങ്ങളായും സമൂഹമായും നമ്മളാൽ കഴിയും വിധം രാജ്യത്തിന്റെ സമ്പദ്ഘടനയെ പരിരക്ഷിക്കുവാൻ പരിശ്രമിക്കണം. കൃഷിയാണ് പ്രഥമ പരിഗണനയർഹിക്കുന്നത്. വ്യക്തികളുടെയോ ഇടവകകളുടെയോ സ്ഥാപനങ്ങളുടെയോ രൂപതകളുടെയോ കൈവശമുള്ള എല്ലാ സ്ഥലങ്ങളിലും കൃഷിചെയ്യണം. ഒരിഞ്ചു കൃഷിഭൂമി പോലും തരിശായി കിടക്കാൻ ഇടയാകരുത്. വൈദികർ ഉൾപ്പെടെ ദൈവജനം മുഴുവനും കൃഷിപ്പണികൾക്കായി കുറെ സമയം കത്തണം. ഐക്യരാഷ്ട്രസംഘടനയുടെ മുന്നറിയിപ്പു പ്രകാരം കഴിഞ്ഞ 50 വർഷങ്ങളിൽ അനുഭവപ്പെട്ടതിലും വലിയ ഒരു ക്ഷാമം ലോകം നേരിടാൻ പോവുകയാണ്. കേരളത്തിൽ ഉൽപാദിപ്പിക്കുന്നവകൊുതന്നെ നമുക്ക് ഭക്ഷിക്കാൻവേവ

ലഭിക്കുമെന്നാണ് വിദഗ്ദ്ധാഭിപ്രായം. ഫ്ളാറ്റുകളിലും മറ്റും താമസിക്കുന്നവർക്കുപോലും ഗ്രോബാഗുകളിലും ടെറസുകളിലും കൃഷിചെയ്യാവുന്നതാണല്ലോ. ഇടവകകളുടെയും അയൽക്കൂട്ടങ്ങളുടെയും നേതൃത്വത്തിൽ വിപണികൾ തുറന്ന് കാർഷിക വിളകൾ ന്യായവിലയ്ക്കു എല്ലാവർക്കും ലഭ്യമാക്കുവാൻ പരിശ്രമിക്കുന്നത് കൃഷിക്കാരുടെ അഭിവൃദ്ധിക്ക് ഉപകരിക്കും. നാണ്യവിളകളെ സംബന്ധിച്ചിടത്തോളം, നമ്മുടെ രാജ്യങ്ങളിലും ഇതരരാജ്യങ്ങളിലും വിൽപനസാധ്യതയുള്ള വിളകളിലേയ്ക്ക് നാം കൃഷി തിരിച്ചുവിടണം. നമ്മുടെ സമുദായ സംഘടനയായ കത്തോലിക്കാ കോൺഗ്രസും അതോടൊപ്പം ഇൻഫാമും കൃഷിയുടെ രംഗത്ത് ജനങ്ങൾക്ക് നേതൃത്വം കൊടുക്കുവാൻ ആവശ്യമായ പദ്ധതികൾ ആസൂത്രണം ചെയ്തു നടപ്പിലാക്കുന്നത് നന്നായിരിക്കും. ചെറുകിട വ്യവസായങ്ങളുടെയും ഫാക്ടറികളുടെയും ഉൽപ്പാദനക്ഷമത വർദ്ധിപ്പിക്കുവാൻഅവയുടെ ഉടമസ്ഥർ തീവ്രമായി പരിശ്രമിക്കണം.

കോവിഡ് കാലത്ത് വന്ന സാമ്പത്തിക മാന്ദ്യം അതിജീവിക്കുവാൻ മേൽപ്പറഞ്ഞ അക്ഷീണപരിശ്രമങ്ങൾ കൂടിയേ തീരൂ. അതോടൊപ്പം,കേന്ദ്ര സംസ്ഥാന സർക്കാരുകൾ മുന്നോട്ട് വയ്ക്കുന്ന കോവിഡാനന്തര സാമ്പത്തികോന്നമനപ്രവർത്തനങ്ങൾക്ക് നമുക്ക് പൂർണ്ണസഹകരണം നൽകാം. ഒരു ജനാധിപത്യ രാജ്യമെന്നനിലയിൽ പൊതുസമൂഹത്തിൽ ഉാകാവുന്ന അഴിമതിക്കും ചൂഷണത്തിനുമെതിരെ നാമെല്ലാവരും ജാഗരൂകതയോടെ വർത്തിക്കണം. ആരും ആരെയും ചൂഷണം ചെയ്യുന്ന ആസൂത്രിതമായ പ്രവർത്തനങ്ങൾ അനുവദിച്ചുകൂടാ. അത്തരം അനീതിപരമായ പ്രവർത്തനങ്ങൾ നടക്കുന്നുവെന്നറിഞ്ഞാൽ പൊതുമനസാക്ഷിയെ തട്ടിയുണർത്തി അവയെ ഉന്മൂലനം ചെയ്യുവാൻ ജനാധിപത്യപരമായ നടപടികൾ നാം സ്വീകരിക്കണം.

ഈ ചിന്തകളെല്ലാം ക്രൈസ്തവ ജീവിതത്തിനു പുതിയൊരു രൂപവും ഭാവവും നൽകുവാൻ ഈ കാലഘട്ടത്തിൽ നമ്മെ സഹായിക്കുമെന്നു കരുതുന്നു. നമ്മുടെ ആദ്ധ്യാത്മികതയുടെ ആന്തരികതലങ്ങളും വ്യക്തിപരവും കുടുംബപരവും സാമൂഹികവുമായ തലങ്ങളും പരിശുദ്ധാത്മാവിന്റെ പ്രചോദനത്താൽ സുവിശേഷമൂല്യങ്ങൾക്ക് അനുസൃതമാക്കാൻ കോവിഡുകാലത്തും

കോവിഡാനന്തരകാലത്തും തീവ്രമായി പരിശ്രമിക്കാം. മിശിഹായുടെ മുഖം നമ്മുടെ സഭാജീവിതത്തിലൂടെ സമൂഹത്തിൽ പ്രകാശിതമാക്കാം. വി.തോമാശ്ലീഹായെപ്പോലെ ദൈവവും മനുഷ്യനുമായ ഈശോമിശിഹായിൽ നമ്മുടെ ജീവിതത്തെ പൂർണ്ണമായി സമർപ്പിച്ച് സഭയുടെയും സമൂഹത്തിന്റെയും സമുദ്ധാരണത്തിൽ നമുക്ക് പങ്കുചേരാം.

ദൈവമേ സ്തുതി!ഈശോയേ സ്തുതി! പരിശുദ്ധാത്മാവേ സ്തുതി!

എല്ലാവർക്കും ദുക്റാനാ തിരുനാളിന്റെയും സഭാദിനത്തിന്റെയും മംഗളങ്ങൾ ആശംസിച്ചുകൊ് പിതാവിന്റെയും പുത്രന്റെയും പരിശുദ്ധാത്മാവിന്റെയും നാമത്തിൽ നിങ്ങളെ ഞാൻ സ്നേഹപൂർവ്വം ആശീർവദിക്കുന്നു.

കാക്കനാട് മൗ് സെന്റ് തോമസ്സിലുള്ള മേജർ ആർച്ചുബിഷപ്പിന്റെ കാര്യാലയത്തിൽ നിന്ന് 2020-ാം ആ് ജൂൺ മാസം 17-ാം തീയതി നല്കപ്പെട്ടത്.

കർദിനാൾ ജോർജ് ആലഞ്ചേരി
സീറോമലബാർ സഭയുടെ മേജർ ആർച്ചുബിഷപ്പ്

---

**NB:** ഈ ഇടയലേഖനം ജനത്തോടൊപ്പം ആരാധനാകർമ്മങ്ങൾ നടക്കുന്ന പള്ളികളിൽ 2020 ജൂൺ 28-ാം തീയതി ഞായറാഴ്ച കുർബാനമദ്ധ്യേ വായിക്കേതാണ്. വി. കുർബാനയിൽ സംബന്ധിക്കാൻ സാധിക്കാത്തവർക്ക് ഏതെങ്കിലും രീതിയിൽ ഇതിന്റെ കോപ്പി സംലഭ്യമാക്കേതുമാണ്.

## Circular No. 07/2020

വന്ദ്യ സഹോദരരേ, വത്സല മക്കളേ,

നമ്മുടെ രൂപതയിലെ ദക്ഷിണ കന്നഡ, ഉടുപ്പി ജില്ലകളിലെ പള്ളികളിൽ പൊതുജന പങ്കാളിത്വത്തോടുകൂടിയുള്ള വി. കുർബാന ആരംഭിക്കുന്നതിനെക്കുറിച്ചാണ് ഈ കത്ത്.

സർക്കുലർ നമ്പർ 5/2020 പ്രകാരം 2020 ജൂൺ 30 വരെ നമ്മുടെ രൂപതയിലെ ദക്ഷിണ കന്നഡ, ഉടുപ്പി ജില്ലകളിൽ പൊതുജന പങ്കാളിത്വത്തോടുകൂടിയുള്ള വി. കുർബാന നടത്തേണ്ടതില്ലെന്നും പിന്നീട് സ്ഥിതിഗതികൾ കണക്കിലെടുത്തുകൊണ്ട് തീരുമാനം അറിയിക്കാം എന്നും എഴുതിയിരുന്നു. ഇപ്പോൾ പെരിയ ബഹു. ഫൊറോന വികാരിമാരിലൂടെ വീണ്ടും ഇതിനെ സംബന്ധിച്ച അഭിപ്രായം ശേഖരിക്കുകയുണ്ടായി. കോവിഡ്-19 രോഗ വ്യാപനത്തിന് കാര്യമായ മാറ്റം സംഭവിച്ചിട്ടില്ല. എന്നാൽ അനിശ്ചിതമായി വി. കുർബാനയും മറ്റെല്ലാ തിരുകർമ്മങ്ങളും സഭാ ജീവിതവും മുടക്കുന്നത് ശരിയല്ലെന്നും കർശനമായി നിയന്ത്രണങ്ങളും മുൻകരുതലുകളും എടുത്തുകൊണ്ട് പൊതുജന പങ്കാളിത്വത്തോടുകൂടിയുള്ള വി. കുർബാനയും മറ്റ് തിരുകർമ്മങ്ങളും ആരംഭിക്കണമെന്നുമാണ് പൊതുവായി അഭിപ്രായപ്പെട്ടത്.

നമ്മുടെ ജനങ്ങളുടെ ആദ്ധ്യാത്മീക നന്മയും മേൽ സൂചിപ്പിച്ച അഭിപ്രായവും കണക്കിലെടുത്തുകൊണ്ട് 2020 ജൂലൈ 3 ദുക്റാന തിരുനാൾ മുതൽ നമ്മുടെ രൂപതയിലെ ദക്ഷിണ കന്നഡ, ഉടുപ്പി ജില്ലകളിലെ പള്ളികളിൽ വീണ്ടും പൊതുജന പങ്കാളിത്വത്തോടുകൂടിയുള്ള വി. കുർബാനയും മറ്റ് തിരുകർമ്മങ്ങളും നടത്തുവാൻ അനുവദിക്കുന്നു. എല്ലാവരുടെയും സുരക്ഷിതത്വം ഉറപ്പുവരുത്തുവാൻ താഴെ പറയുന്ന നിബന്ധനകൾ കൃത്യമായി പാലിക്കേണ്ടതാണ്:

1. സർക്കാർ നല്കുന്ന നിയമങ്ങൾ കർശനമായി പാലിക്കുക.
2. നമ്മുടെ സർക്കുലർ നമ്പർ 5/2020ൽ തന്നിരിക്കുന്ന മാർഗ്ഗ രേഖകൾ (Guidelines) കർശനമായി അനുസരിച്ച്വേണം മേൽ പറഞ്ഞ കാര്യങ്ങൾ നടത്തുവാൻ.

"അങ്ങേ കൃപയുടെ വാതിൽക്കൽ മുട്ടിവിളിക്കുന്നവർക്ക് വാതിൽ തുറന്ന് കൊടുക്കുന്ന കർത്താവ്" നിങ്ങളെയെല്ലാവരെയും അനുഗ്രഹിക്കട്ടേയെന്ന് പ്രാർത്ഥിച്ചുകൊണ്ട് + പിതാവിന്റെയും + പുത്രന്റെയും + പരിശുദ്ധാത്മാവിന്റെയും നാമത്തിൽ ഏവരേയും ഹൃദയപൂർവ്വം ആശീർവ്വദിക്കുന്നു.

ബെൽത്തംഗഡി — + മാർ ലോറൻസ് മുക്കുഴി
22-06-2020 — ബെൽത്തംഗഡി രൂപതയുടെ മെത്രാൻ

---

**NB:** ഈ സർക്കുലർ 28.06.2020 മുമ്പ് എല്ലാവരെയും അറിയിക്കേണ്ടതാണ്.

**Pastoral Letter No. 2/ 2020**

ദൈവകൃപയാലും പരിശുദ്ധ സിംഹാസനത്തിന്റെ
അനുഗ്രഹത്താലും ബെൽത്തംഗഡി രൂപതയുടെ മെത്രാൻ

**ലോറൻസ് മുക്കുഴി**

നമ്മുടെ രൂപതയിലെ ബഹു. വൈദികർക്കും
സന്യാസിനീ സന്യാസികൾക്കും ദൈവജനത്തിനും
നമ്മുടെ കർത്താവിൽ ആശീർവ്വാദവും സമാധാനവും,

''അനർഥകാലത്ത് എന്നെ വിളിച്ചപേക്ഷിക്കുക;
ഞാൻ നിന്നെ മോചിപ്പിക്കും;
നീ എന്നെ മഹത്വപ്പെടുത്തുകയും ചെയ്യും'' (സങ്കി. 50:15)

വന്ദ്യ സഹോദരരേ, വത്സല മക്കളേ,

ലോകത്തെ മുഴുവൻ കിടുകിടാ വിറപ്പിച്ചുകൊണ്ടിരിക്കുകയാണ് കോവിഡ്-19 ! പകർച്ച വ്യാധി ഞൊടിയിടകൊണ്ട് ലോകത്തെ മുഴുവൻ സ്തംഭിപ്പിച്ചത് കണ്ണിന് കാണാൻ പറ്റാത്ത കൊറോണ വൈറസ്! കോവിഡ്-19 ലോക ജീവിത്തെ സാരമായി ബാധിച്ചു. സഭാ ജീവിതത്തേയും ബാധിച്ചു. നമുക്കാർക്കും സ്വതന്ത്രമായി യാത്ര ചെയ്യുവാനോ മറ്റ് അനുദിന കാര്യങ്ങൾ സ്വതന്ത്രമായി ചെയ്യുവാനോ സാധിക്കാതെ വന്നു! വിദേശത്തായിരുന്ന എനിക്ക് തിരിച്ചുവരുവാൻ 70 ദിവസം വൈകേണ്ടി വന്നു ! എന്നാൽ ദൈവാനുഗ്രഹംകൊണ്ടും നിങ്ങളുടേയെല്ലാം പ്രാർത്ഥനകൊണ്ടും ഇന്ത്യാ ഗവർണ്ണമെന്റിന്റെ സഹായംകൊണ്ടും എനിക്ക് തിരിച്ചുവരാൻ സാധിച്ചു. ദൈവത്തിന് ഞാൻ നന്ദിയും സ്തുതിയുമർപ്പിക്കുന്നു. നിങ്ങളുടെയെല്ലാവരുടെയും പ്രാർത്ഥനയ്ക്കും സ്നേഹത്തിനും പ്രത്യേകം നന്ദി പറയുന്നു!

കോവിഡ്-19 ലോക ജന ജീവിതത്തെ തകിടം മറിച്ചു! നാം ഇപ്പോൾ 21-ാം നൂറ്റാണ്ടിലാണ്. മനുഷ്യൻ അനേകം മേഖലകളിൽ, ഒരു കാലത്ത് ഊഹിക്കാൻ പോലും സാദ്ധ്യമല്ലാത്ത, നവ നവങ്ങളായ

കണ്ടുപിടുത്തങ്ങൾ നടത്തിയിട്ടുണ്ട്. ശാസ്ത്രസാങ്കേതിക മണ്ഡലങ്ങളിൽ മനുഷ്യൻ കൈവരിച്ചിട്ടുള്ള നേട്ടങ്ങളൊക്കെ അവനെ ഊറ്റം കൊള്ളിക്കുന്നു! യുദ്ധ സാമാഗ്രികളുടെ കാര്യം പറഞ്ഞാൽ ലോകം ഞെട്ടും! ബാഹ്യാകാശ കണ്ടുപിടിത്തങ്ങളും മനുഷ്യനെ അംമ്പരിപ്പിക്കുന്നു! ഇനി ഒന്നിനേയും ഭയപ്പെടേണ്ടതില്ല ; എല്ലാം സുഖം, സമൃദ്ധം, സുരക്ഷിതം എന്ന് മനുഷ്യൻ വിചാരിച്ച്പോയിരുന്നു! അപ്പോഴാണ് ശക്തിയേറിയ മൈക്രോസ്കോപ്പിനുപോലും കണ്ടുപിടിക്കാൻ ബുദ്ധിമുട്ടുള്ള കൊറോണ വൈറസ് 2019 ഡിസംബർ മാസത്തിൽ പ്രത്യക്ഷപ്പെട്ടത് ! 2020 ഫെബ്രുവരി അവസാനത്തോടുകൂടി ആയിരങ്ങൾ മരിച്ചുവീണു! മാർച്ചിൽ കോവിഡ്-19ന്റെ താണ്ടവ നൃത്തം അതി കഠിനമായി. ഇന്ന് ലോകത്തിലെ ഏറ്റവും ശക്തന്മാരായ നേതാക്കൾപ്പോലും 'ഞങ്ങൾക്ക് ഒന്നും ചെയ്യുവാൻ സാധിക്കുന്നില്ല' എന്ന് പറഞ്ഞുകൊണ്ട് തങ്ങളുടെ നിസ്സഹായത ഏറ്റു പറഞ്ഞു! ചൈനയിലാണ് ആരംഭിച്ചതെങ്കിലും ഇറ്റലി, സ്പെയിൻ, ജർമ്മനി, ഗൾഫ് രാജ്യങ്ങൾ, അമേരിക്ക, ഇന്ത്യ മുതലായ ലോക രാഷ്ട്രങ്ങളെ ഞെട്ടിപ്പിച്ച സംഭവം നമുക്കെല്ലാവർക്കും അറിവുള്ളതാണ്. ലോകത്തിലെ മിക്ക രാജ്യങ്ങളിലും ഈ രോഗം ചെറുതോ വലുതോ ആയ തോതിൽ ജീവഹാനി വരുത്തുന്നുണ്ട്. യാത്രകളെല്ലാം മുടങ്ങി, കരവാഹനങ്ങൾ, വായു വാഹനങ്ങൾ, ജലവാഹനങ്ങൾ നിലച്ചു! പട്ടണങ്ങളെല്ലാം നിശ്ച്ചലമായി; ആരാധനാലയങ്ങൾ അടയ്ക്കേണ്ടി വന്നു ! ജനങ്ങൾ ഒരുമിച്ചുകൂടുന്ന പരിപാടികൾ റദ്ദു ചെയ്യേണ്ടിവന്നു. ചുരുക്കത്തിൽ ലോക ജന ജീവിതം സ്തംഭിച്ചുപോയി; ലോക് ഡൗൺ ആയി ! ഈ ആഘാതത്തിൽ നിന്ന് ഇതുവരെയും നാം പുറത്ത് വന്നിട്ടില്ല. ഇപ്പോഴും രോഗ വ്യാപനം തുടർന്നുകൊണ്ടേയിരിക്കുന്നു! ഈ ഇടയലേഖനം എഴുതുന്ന ദിവസം കോവിഡ് ബാധ ഈ താഴെ പറയുന്ന പ്രകാരമാണ് :

ലോകത്തിൽ ആകെ കോവിഡ് ബാധിച്ചവർ : 79,29,193
ലോകത്തിൽ കോവിഡ് ബാധിച്ച് മരിച്ചവർ : 4,33,576
ഇന്ത്യയിൽ കോവിഡ് ബാധിച്ചവർ : 3,23,193
ഇന്ത്യയിൽ കോവിഡ് ബാധിച്ച് മരിച്ചവർ : 9,365
കർണ്ണാടകയിൽ കോവിഡ് ബാധിച്ചവർ : 7000
കർണ്ണാടകയിൽ കോവിഡ് ബാധിച്ച് മരിച്ചവർ : 176

വളരെ ജാഗ്രതയോടെ ജീവിക്കേണ്ട കാലമാണിത്. സൂക്ഷിച്ചില്ലെങ്കിൽ ഈ രോഗത്തിന്റെ അനന്തര ഫലങ്ങൾ ഭയാനകമായിരിക്കും!

ചുരുങ്ങിയ ദിവസങ്ങൾകൊണ്ട് മനുഷ്യൻ തന്റെ നിസ്സാരത ഒരിക്കൽക്കൂടി മനസ്സിലാക്കിയ സന്ദർഭമാണ് കോവിഡ്-19 ന്റെ വ്യാപനം.

ഇതുവരെ കണ്ടു പിടിച്ച മരുന്നുകൾക്കൊന്നിനും ശാസ്ത്രീയ സാങ്കേതിക വിദ്യകൾക്കൊന്നിനും കൊറോണ വൈറസിനെ ഇല്ലാതാക്കുവാൻ കഴിയുന്നില്ല. ഭയാനകമായ യുദ്ധ സാമാഗ്രികൾക്കൊന്നിനും കോവിഡിനെ തടയുവാൻ കഴിയുന്നില്ല! തിരുവചനം എത്രയോ വാസ്തവം : " മനുഷ്യന്റെ ജീവിതം പുല്ലുപോലെയാണ്; വയലിലെ പൂപോലെ അതു വിരിയുന്നു; എന്നാൽ, കാറ്റടിക്കുമ്പോൾ അതു കൊഴിഞ്ഞുപോകുന്നു; അതു നിന്നിരുന്ന ഇടം പോലും അതിനെ ഓർക്കുന്നില്ല" (സങ്കീ 103: 15-16)! നമ്മുടെ ബുദ്ധിയും സിദ്ധിയും ആരോഗ്യവും സമ്പത്തും പ്രസിദ്ധിയും ഒക്കെ നിസ്സാരമാണ്, ക്ഷണികമാണ്! നിമിഷനേരംകൊണ്ട് അത് ഇല്ലാതാകും. മേൽപറഞ്ഞ ഭൗതിക സംബത്തെല്ലാം മങ്ങി മറഞ്ഞ് മനുഷ്യന്റെ നില നിമിഷനേരംകൊണ്ട് മാറാം! നിലനിൽക്കുന്നത് ദൈവത്തിന്റെ വചനവും അവിടുത്തെ രാജ്യവും മാത്രമാണ്. നാം ഇത് മനസ്സിലാക്കി കർത്താവിന്റെ വചനം പാലിക്കുകയും അവിടുത്തെ രാജ്യം അന്വേഷിക്കുകയും വേണം. നമ്മുടെ പാപകരമായ ജീവിതത്തിന്റെ അഹങ്കാരവും സ്വാർത്ഥതയും ഉപേക്ഷിച്ച് ദൈവം കാണിച്ച് തരുന്ന വിശുദ്ധിയുടെയും എളിമയുടെയും മാർഗ്ഗത്തിലൂടെ സഞ്ചരിക്കണം.

2020 ഫെബ്രുവരി മാസം 25ന് ഞാൻ ബെൾത്തംഗഡിയിൽ നിന്നും റോമിലേയ്ക്ക് യാത്ര തിരിച്ചു. മാർച്ച് 28ന് മടങ്ങി വരാം എന്ന പ്രതീക്ഷയോടെയാണ് പോയത്. നമ്മുടെ രൂപതയുടെ ഔദ്യോഗികമായ ചില കാര്യങ്ങൾ ചെയ്യുവാനുള്ളതുകൊണ്ടാണ് ഞാൻ പോയത്. കോവിഡ് രോഗം കാരണം യാത്രാ തടസ്സങ്ങൾ ഒന്നും അന്നുണ്ടായിരുന്നില്ല. മംഗലാപുരത്ത് നിന്ന് ബംഗളൂറു - ദോഹ വഴി റോമിൽ ഞാൻ സുഖമായി എത്തി. അവിടെ നിന്ന് മാർച്ച് 4ന് ജർമ്മനിയിലെത്തി. അപ്പോഴേക്കും കോവിഡ്-19 ഭീകരമായ ആക്രമണം തുടങ്ങി. മാർച്ച് 27ന് ആയിരുന്നു എന്റെ മടക്ക യാത്രാ ഫ്ളൈയിറ്റ്. എന്നാൽ മാർച്ച് 18 ആയപ്പോൾ എല്ലാം ലോക്ക് ഡൗൺ ആയി; ഫ്ളൈയിറ്റുകൾ നിലച്ചു! മാർച്ച് 20 മുതൽ ഞാൻ ജർമ്മനിയിലെ വുർസ്ബുർഗ്ഗ് (Wurzburg) എന്ന സ്ഥലത്തുള്ള ക്ലരേഷ്യൻ സന്ന്യാസ വൈദികരുടെ പ്രൊവിൻഷ്യൽ ഹൗസിലാണ് തങ്ങിയത്. നമ്മുടെ രൂപതയിൽപ്പെട്ട ബട്ട്യാൽ ഇടവകാംഗമായ ബഹു. ജെയിംസ് പട്ടേരിലച്ചൻ അവിടെയുണ്ട്. ബഹുമാനപ്പെട്ട ജെയിംസ് പട്ടേരിലച്ചനും മറ്റുള്ള ബഹുമാനപ്പെട്ട അച്ചന്മാരും 70 ദിവസം എനിക്കു വേണ്ടതെല്ലാം ചെയ്തു തന്ന് എന്നെ അവിടെ താമസി

പ്പിച്ചു. അവർക്കെല്ലാവർക്കും പ്രത്യേകിച്ച് പട്ടേരിൽ ജെയിംസ് അച്ചന് ഹൃദയപൂർവ്വം ഞാൻ  നന്ദി പറയുന്നു.

അവിടെ കഴിഞ്ഞ എല്ലാ ദിവസവും  ലോകത്തിനു മുഴുവൻവേണ്ടിയും നമ്മുടെ രൂപതയ്ക്കുവേണ്ടിയും നിങ്ങൾക്ക് ഓരോരുത്തർക്കുവേണ്ടിയും  ധാരാളം പ്രാർത്ഥിക്കുവാനും ദൈവവചനം ധ്യാനിക്കുവാനും അവസരം കിട്ടി. എങ്കിലും രൂപതയിൽനിന്നും നിങ്ങളിൽ നിന്നും വളരെ ദൂരെയാണല്ലോ എന്ന ദുഃഖം മനസ്സിലുണ്ടായിരുന്നു! ഈ വർഷത്തെ വിശുദ്ധ വാരം പോലും അന്യ രാജ്യത്ത് വച്ച് എനിക്ക് ആചരിക്കേണ്ടി വന്നു!  ആദ്യമായിട്ടാണ്  നമ്മുടെ രൂപതയിൽ നിന്ന് ഞാൻ  ഇപ്രകാരം ദീർഘനാളുകൾ മാറി നിൽക്കേണ്ടി വന്നത്. വലിയ അപകട സാദ്ധ്യതകൾ എന്റെ മുമ്പിലുണ്ടായിരുന്നു! എന്നാൽ ദൈവത്തിന്റെ വലിയ സംരക്ഷണംകൊണ്ടും നിങ്ങളുടെ ഓരോരുത്തരുടെയും പ്രാർത്ഥനകൊണ്ടും എനിക്കു ഒരു പോറൽപോലും ഏൽക്കാതെ തിരിച്ചുവരുവാൻ സാധിച്ചു! നിങ്ങളുടെ എല്ലാവരുടെയും സ്നേഹവും പരിഗണനയും ഞാൻ കൂടുതൽ അനുഭവിച്ചറിഞ്ഞു!

നിങ്ങളിൽ പലരും എന്നെ നേരിട്ട് വിളിച്ച് അന്വേഷിച്ചു;  മറ്റുള്ളവർ ബഹുമാനപ്പെട്ട അച്ചന്മാരിലൂടെ കാര്യങ്ങൾ അന്വേഷിച്ചറിഞ്ഞു! നിങ്ങളിൽ  പലരും തീവ്രമായി എനിക്കുവേണ്ടി പ്രാർത്ഥിക്കുകയും ത്യാഗമനുഷ്ഠിക്കുകയും ചെയ്തുവെന്ന് ഞാൻ മനസ്സിലാക്കുന്നു. കൂപ്പുകൈകളോടെ നിങ്ങൾക്കെല്ലാവർക്കും നന്ദിപറയുന്നു!

ജർമ്മനിയിൽ യാത്രാ തടസ്സമുണ്ടായിരുന്ന  ഇന്ത്യൻ പൗരന്മാരെ കൊണ്ടുവരുവാൻവേണ്ടി  ഇന്ത്യ ഗവർണ്ണമെന്റ് പ്രത്യേക ഫ്ളൈയിറ്റ് അയ്ക്കുകയും ബാംഗളൂരിലേക്കുള്ള ആദ്യ ഫ്ളൈയിറ്റിൽ  തന്നെ എന്നെ കൊണ്ടുവരുകയും ചെയ്ത ജർമ്മനിയിലുള്ള ഇന്ത്യാ എംബസ്സിയോടും ഇന്ത്യൻ ഗവർണ്ണമെന്റിനോടുമുള്ള നന്ദി രേഖപ്പെടുത്തുന്നു. എന്റെ തിരിച്ചുവരവിനുവേണ്ടി സഹായിച്ച ജനനേതാക്കൾക്കും ബഹുമാനപ്പെട്ട അച്ചന്മാർക്കും നന്ദി പറയുന്നു.

എന്റെ  അസാന്നിദ്ധ്യത്തിൽ പെരിയ ബഹുമാനപ്പെട്ട ജനറാളച്ചൻ ബഹുമാനപ്പെട്ട അച്ചന്മാരുടെയും ബഹുമാനപ്പെട്ട സിസ്റ്റേഴ്സിന്റെയും  അല്മായ നേതാക്കളുടെയും  സഹകരണത്തോടെ രൂപതയിൽ  ആവശ്യമായതെല്ലാം ചെയ്തു. ലോക് ഡൗൺ കാലത്ത്  അനുസരിക്കേണ്ട ചട്ടങ്ങളും  നിയമങ്ങളും നിങ്ങൾ പാലിച്ചു. പള്ളികളിൽ

പൊതു ജന പങ്കാളിത്വത്തോടുകൂടിയുള്ള വി. കുർബാനയും മറ്റ് തിരുക്കർമ്മങ്ങളും നടത്താൻ സാധിച്ചില്ലെങ്കിലും എല്ലാ പള്ളികളിലും സാധിക്കുന്നതുപോലെ ബഹുമാനപ്പെട്ട അച്ചന്മാർ കുർബാന അർപ്പിക്കുകയും ആരാധന നടത്തുകയും ചെയ്യ്തു. ബഹുമാനപ്പെട്ട സിസ്റ്റേഴ്സ് സാധിക്കുന്നതുപോലെ കുർബാനയിൽ സംബന്ധിച്ചു. എന്നാൽ കൂടുതൽ പേരും ഓൺ ലൈൻ വഴിയാണ് ദിവ്യകൂദാശകളിൽ പങ്കെടുത്തിരുന്നത് ! നേരിട്ട് സജീവമായി വിശുദ്ധ കുർബാനയിൽ പങ്കെടുക്കാതെയും വിശുദ്ധ കുമ്പസാരം നടത്താതെയും ഇരിക്കേണ്ടിവന്നതിന്റെ നിങ്ങളുടെ വിഷമം എനിക്കു മനസ്സിലാകുന്നുണ്ട്. ആ നാളുകളിലൊക്കെ നമ്മുടെ ബഹുമാനപ്പെട്ട അച്ചന്മാരും സിസ്റ്റേഴ്സും അല്മായ നേതാക്കളും സാധിക്കുന്നതുപോലെ ജനങ്ങൾക്ക് ശുശ്രൂഷ ചെയ്തു; അതിലുള്ള എന്റെ സന്തോഷം ഞാൻ രേഖപ്പെടുത്തുന്നു. പ്രത്യേകിച്ച് വിശുദ്ധ കൂദാശകളും ആരാധനയും ലൈവായി സംപ്രേക്ഷണം ചെയ്തതിനുള്ള സംതൃപ്തി അറിയിക്കുന്നു. അതുപോലെ തന്നെ ക്ലേശമനുഭവിക്കുന്നവർക്ക് ആഹാര കിറ്റുകളും മരുന്നുകളും മാസ്ക്ക് മുതലായ സാമഗ്രികളും എത്തിച്ചുകൊടുക്കുവാൻ നമ്മുടെ അച്ചന്മാർ കാട്ടിയ ശുഷ്കാന്തിക്ക് അവരെ ഞാൻ അഭിനന്ദിക്കുന്നു. നമ്മുടെ ഡി.കെ.ആർ.ഡി.എസ് ന്റെ നേതൃത്വത്തിൽ നടന്ന സേവനത്തെ അഭിനന്ദിക്കുന്നു. ഡി.കെ.ആർ.ഡി.എസ് ഡയറക്ടർ ബഹു. വർക്കി മാളിഗയിലച്ചന് അഭിനന്ദനങ്ങൾ! മഠങ്ങളിൽ മുടങ്ങാതെ ബഹുമാനപ്പെട്ട സിസ്റ്റേഴ്സ് ആരാധന നടത്തിയതിനെയും ഞാൻ ആദരവോടെ കാണുന്നു. എന്റെ അസാന്നിദ്ധ്യത്തിൽ പെരിയ ബഹുമാനപ്പെട്ട ജനറാളച്ചന്റെ നേതൃത്വത്തിൽ ചെയ്ത എല്ലാ പ്രവർത്തനങ്ങൾക്കും ഞാൻ നന്ദിയും അഭിനന്ദങ്ങളും അറിയിക്കുന്നു.

കോവിഡ്-19 ലോക ചരിത്രത്തിലെ ഭയാനകമായ സംഭവമാണ്! എന്നാൽ ഒന്ന് ഓർക്കണം, ഇത് ആദ്യമായല്ല ലോക ചരിത്രത്തിൽ പകർച്ചവ്യാധികൾ ഉണ്ടായി വലിയ നാശ നഷ്ടങ്ങൾ ഉണ്ടായിട്ടുള്ളത്. കോവിഡ്-19ന് മുമ്പ് എതാണ്ട് 20 ഓളം ഭയാനകമായ പകർച്ചവ്യാധികൾ മനുഷ്യകുലത്തെ അക്രമിച്ചിട്ടുണ്ട്. ബി.സി. 5000ത്തിൽ വലിയ പകർച്ചവ്യാധി ചൈനയിൽ ഉണ്ടായി. ജനങ്ങൾ കൂട്ടം കൂട്ടമായി മരിച്ചുവീണെന്നും അവരെ കൂട്ടം കൂട്ടമായി മണ്ണിൽ കുഴിച്ചു മൂടിയെന്നും ചരിത്രം സാക്ഷിക്കുന്നു. എ.ഡി. 541 -542 വർഷത്തിൽ ബൈസന്റെൻ

സാമ്രാജ്യത്തിൽ ആരംഭിച്ച പ്ലേഗ് പടർന്ന് പിടിക്കുകയും അന്ന് അറിയപ്പെട്ടിരുന്ന ലോകത്തിലെ ജനസംഖ്യയിൽ 10 ശതമാനം മരിക്കുകയും ചെയ്തുവെന്ന് ചരിത്രം രേഖപ്പെടുത്തുന്നു. എഡി. 1346 - 1353 കാലങ്ങളിൽ യൂറോപ്പിലുണ്ടായ "കറുത്ത മരണം" (Black Death) എന്നു പറയുന്ന മാരക രോഗത്തിൽനിന്ന് അന്നുണ്ടായിരുന്ന യൂറോപ്പിലെ ജനസംഖ്യയിൽ പകുതി പേർ മരിച്ചുവെന്നാണ് അറിയുന്നത്. 1918 - 1920 കാലങ്ങളിൽ, ഒന്നാം ലോക മഹായുദ്ധ കാലത്ത്, ലോകത്തിൽ ഉണ്ടായ സ്പാനിഷ് ഫ്ളു ( Spanish Flu ) എന്ന മാരക പനി നിമിത്തം 500 മിലിയൻ ജനങ്ങൾ മരിക്കുവാൻ ഇടയായി എന്ന് ചരിത്രം രേഖപ്പെടുത്തുന്നു. ലോകത്തിലുണ്ടായ ഏറ്റവും കഠിനമായ 20 പകർച്ചവ്യാധികളിൽ ചിലത് സൂചിപ്പിച്ചുവെന്നേയുള്ളു. കോവിഡ് - 19 കാരണം ഇന്ന് നാലര ലക്ഷത്തോളം ജനങ്ങൾ മരിക്കുവാൻ ഇടയായി! രോഗം നിന്നിട്ടില്ല! രോഗ വ്യാപനം തുടർന്നുകൊണ്ടേയിരിക്കുന്നു. എങ്കിലും നാം ഭയപ്പെടരുത്, നിരാശരാകരുത്. കാരണം ഇതിനു മുമ്പും ഇപ്രകാരമുള്ള ദുരന്തങ്ങൾ ഉണ്ടായിട്ടുണ്ട്. അതിൽനിന്നെല്ലാം ദൈവം ലോകജനതയെ രക്ഷിച്ചു; മനുഷ്യൻ ചരിത്ര പാഠങ്ങൾ പഠിച്ച് മുമ്പോട്ട് പോയികൊണ്ടിരിക്കുന്നു. അതുകൊണ്ട് കോവിഡ് - 19 നേയും നാം അതിജീവിക്കും! സർക്കാർ നല്കുന്ന നിയമങ്ങൾ കർശനമായി നമുക്കു പാലിക്കാം. ആരും കോവിഡ്-19നെ നിസ്സാരമായി കാണരുത്. എല്ലാ മുൻകരുതലുകളും നിയമങ്ങളും കൃത്യമായി പാലിക്കണം. നമുക്ക് ശക്തമായി പ്രാർത്ഥിക്കാം; ദൈവത്തിൽ പൂർണ്ണമായി ആശ്രയിക്കാം; നമ്മൾ വിജയിക്കുക തന്നെ ചെയ്യും!

നമ്മുടെ രൂപതയിൽ കൊഡഗു ജില്ലയിൽ മാത്രമാണ് പൊതു ജനപങ്കാളിത്വത്തോടുകൂടിയുള്ള വി. കുർബാന ജൂൺ-14ന് പുനരാരംഭിക്കാൻ സാധിച്ചിട്ടുള്ളത്. സൗത് കാനറാ, ഉടുപ്പി ജില്ലകളിലെ നമ്മുടെ പള്ളികളിൽ പൊതു ജനപങ്കാളിത്വത്തോടുകൂടിയുള്ള വി. കുർബാനയും മറ്റ് സഭാ ജീവിതവും പുനരാരംഭിക്കുവാൻ സാധിച്ചിട്ടില്ല. ഈ കാലയളവിൽ നിങ്ങൾ, വേറെ മാർഗ്ഗങ്ങൾ ഇല്ലാത്തതുകൊണ്ട്, ഓൺലൈൻ കുർബാനയാണ് കാണുകയും പങ്കെടുക്കുകയും ചെയ്യുന്നത്. എന്നാൽ നമ്മുടെ ആദ്ധ്യാത്മീക ജീവിതത്തിന് അത് ഏറെ അപര്യാപ്തമാണ്. ഈ നില ഏറെ നാൾ ഇങ്ങനെ തുടരാൻ പാടില്ല. നമുക്ക് കൗദാശിക ജീവിതവും സഭാ ജീവിതവും ആവശ്യമാണ്. ദൈവത്തിന്

അത് നന്നായിയറിയാം. നാം മുട്ടിപ്പായി പ്രാർത്ഥിക്കുകയും ആവശ്യ മായ മുൻകരുതലുകൾ എടുക്കുകയും ചെയ്യുമ്പോൾ ദൈവം നമുക്കു സഹായം എത്തിച്ച് തരുക തന്നെ ചെയ്യും. ''അനർഥകാലത്ത് എന്നെ വിളിച്ചപേക്ഷിക്കുക; ഞാൻ നിന്നെ മോചിപ്പിക്കും; നീ എന്നെ മഹത്വ പ്പെടുത്തുകയും ചെയ്യും'' (സങ്കി 50:15) എന്നാണ് തിരുവചനം പറയു ന്നത്. ഈ വചനം പ്രകാരം നമുക്ക് തീക്ഷ്ണമായി പ്രാർത്ഥിക്കാം, ദൈവം നമ്മെ രക്ഷിക്കുക തന്നെ ചെയ്യും.

''നമ്മുടെ കർത്താവായ യേശുക്രിസ്തുവിന്റെ ദൈവവും പിതാവും കരുണയുടെ പിതാവും സകല സമാശ്വാസവും'' നല്കുന്ന (2 കോറി 1 : 3) ദൈവത്തോടു മുട്ടിപ്പായി പ്രാർത്ഥിക്കണമെന്ന് അഭ്യർത്ഥി ച്ചുകൊണ്ടും ആ തിരുമുമ്പിൽ നിങ്ങൾക്കുവേണ്ടി പ്രാർത്ഥിച്ചു കൊണ്ടും+പിതാവിന്റെയും + പുത്രന്റെയും +പരിശുദ്ധാത്മാവിന്റെയും നാമത്തിൽ ഏവരേയും ഹൃദയപൂർവ്വം ആശീർവ്വദിക്കുന്നു.

ബെൽത്തംഗഡി
16-06-2020

+ മാർ ലോറൻസ് മുക്കുഴി
ബെൽത്തംഗഡി രൂപതയുടെ മെത്രാൻ

---

**NB** : ഈ ഇടയലേഖനം 21-06-2020ന് ഞായറാഴ്ച്ചയോ അല്ലങ്കിൽ ഏറ്റവും അടുത്ത ഞായറാഴ്ച്ച വി.കുർബാന പൊതു ജനപങ്കാളിത്വത്തോ ടുകൂടി അർപ്പിക്കുമ്പോഴോ വായിക്കേണ്ടതാണ് . അതിനു മുമ്പ് ജന ങ്ങൾക്ക് ഇത് എത്തിച്ചു കൊടുക്കാവുന്നതുമാണ്.

**Circular No. 05/2020**

വന്ദ്യ സഹോദരരേ, വത്സല മക്കളേ,

ലോകചരിത്രത്തിൽ കോവിഡ്-19 പോലുള്ള പകർച്ചവ്യാധികൾ ചുരുക്കമായിട്ടേ സംഭവിച്ചിട്ടുള്ളു. കോവിഡ്-19 ന്റെ ദുരന്ത ഫലങ്ങൾ ലോകം മുഴുവനും നമ്മളും അനുഭവിച്ചുകൊണ്ടിരിക്കുകയാണ്. ഈ രോഗം നിയന്ത്രിക്കുന്നതിനും മറ്റുള്ളവരിലേയ്ക്ക് വ്യാപിക്കാതിരിക്കുന്നതിനുമായി 2020 മാർച്ച് 18 മുതൽ നമ്മുടെ ദൈവാലയങ്ങളിൽ വിശ്വാസികൾ ഒരുമിച്ച് ചേർന്നുള്ള ദിവ്യബലി മുടങ്ങിയിരിക്കുകയാണല്ലോ.

I. 2020 ജൂൺ 8 മുതൽ ആരാധനാലയങ്ങൾ പൊതു ദിവ്യബലിക്കായി തുറക്കുവാൻ കേന്ദ്ര-സംസ്ഥാന സർക്കാരുകൾ കർശനമായ നിബന്ധനകളോടുകൂടി അനുവദിച്ചിട്ടുണ്ട്. ഇത് കണക്കിലെടുത്ത് നമ്മുടെ രൂപതയിൽ നടപ്പിലാക്കേണ്ട തീരുമാനങ്ങളെക്കുറിച്ച് അഭിപ്രായം ശേഖരിക്കുവാൻ നമ്മുടെ രൂപതയിലെ പെരിയ ബഹു. ഫൊറോന വികാരിമാരെ ചുമതലപ്പെടുത്തി. അവർ ബഹു. അച്ചന്മാരോടും അല്മായ നേതാക്കളോടും സിസ്റ്റേഴ്സിനോടും ആലോചിച്ചതിനുശേഷം എനിക്കു റിപ്പോർട്ട് നല്കി. നമ്മുടെ രൂപതയിലെ സിദ്ധാപ്പുര (കൊഡഗു) ഫൊറോന ഗ്രീൻ സോൺ ആണെന്നും അവിടെ 2020 ജൂൺ 14 മുതൽ പൊതു ജനപങ്കാളിത്വത്തോടുകൂടി കുർബാന ആരംഭിക്കാൻ സാധിക്കുമെന്നും റിപ്പോർട്ട് വന്നു. ബാക്കിയുള്ള ബെൽത്തംഗഡി, ധർമ്മസ്ഥള, തോട്ടത്താടി, കുട്രുപ്പാടി, ഉദനെ, മംഗലപൂരം, ജഡ്ക്കൽ എന്നീ ഫൊറോനകളിൽ കോവിഡ്-19 വ്യാപനം കൂടിവരുകയാണെന്നും അതുകൊണ്ട് 2020 ജൂൺ 30 വരെ പൊതു ജനപങ്കളിത്വത്തോടുകൂടിയുള്ള കുർബാന വേണ്ടെന്നും റിപ്പോർട്ട് വന്നു. ഈ റിപ്പോർട്ടുകളുടെ പശ്ചാത്തലത്തിൽ താഴെ പറയുന്ന തീരുമാനങ്ങൾ അറിയിക്കുന്നു;

1. 2020 ജൂൺ 14 മുതൽ സിദ്ധാപ്പുര (കൊഡഗു) ഫൊറോനയിൽ പൊതു ജനപങ്കാളിത്വത്തോടുകൂടിയുള്ള കുർബാന ആരംഭിക്കുക. ബാനുവാറ ഇടവകയിൽ ഗൗരവമായ അസൗകര്യമുണ്ടെന്ന് അറിയിച്ചതുകൊണ്ട് ആ ഇടവകയ്ക്ക് ഇളവ് നല്കുന്നു. സിദ്ധാപ്പുര (കൊഡഗു) ഫൊറോനയിൽ വി. കുർബാന ആരംഭിക്കുമ്പോൾ ഇതൊടൊപ്പം അയ്ക്കുന്ന മാർഗ്ഗ രേഖകൾ കർശനമായി പാലിക്കേണ്ടതാണ്.

2. ബെൽത്തംഗഡി, ധർമ്മസ്ഥള, തോട്ടത്താടി, കുട്രുപ്പാടി, ഉദനെ, മംഗലപൂരം, ജഡ്ക്കൽ ഫൊറോനകളിൽ 2020 ജൂൺ 30 വരെ പൊതുജന പങ്കാളിത്വത്തോടുകൂടിയുള്ള കുർബാന നടത്തേണ്ട

തില്ല. ഈ ഫൊറോനകളിൽ ഇപ്പോൾ നിലവിലുള്ള രീതി തുടരേണ്ടതാണ്. മുൻ കരുതലുകൾ എടുത്തുകൊണ്ട് മഠങ്ങളിൽ വി. കുർബാന അർപ്പിക്കാവുന്നതാണ്. 2020 ജൂൺ 30 ന് സാഹചര്യങ്ങൾ വിലയിരുത്തി മുൻമ്പോട്ടുള്ള തീരുമാനങ്ങൾ അറിയിക്കുന്നതാണ്. ഈ ഫൊറോനകളിലും പിന്നീട് പൊതു ജനപങ്കാളിത്വത്തോടുകൂടി കുർബാന ആരംഭിക്കുമ്പോൾ ഇതോടൊപ്പം അയക്കുന്ന രൂപതാ മാർഗ്ഗ രേഖകൾ (Guidelines) കർശനമായി പാലിക്കേണ്ടതാണ്.

II. സെൻട്രൽ ഗവർണ്ണമെന്റും സ്റ്റേറ്റ് ഗവർണ്മെമെന്റും കെ.അർ.സി.ബി.സി യും തലശ്ശേരി അതിരൂപതയും തയ്യാറാക്കിയ മാർഗ്ഗ രേഖകൾ പരിഗണിച്ചും നമ്മുടെ രൂപതയിലെ പ്രത്യേക സാഹചര്യം കണക്കിലെടുത്തും നമ്മുടെ രൂപത നടപ്പിലാക്കേണ്ട Guidelines താഴെ ചേർക്കുന്നു. 2020 ജൂൺ 14 മുതൽ സിദ്ധാപ്പുര (കൊഡഗു) ഫൊറോനയും ബാക്കിയുള്ള ഫൊറോനകളിൽ പിന്നിട് പൊതു ജനപങ്കാളിത്വത്തോടുകൂടെ കുർബാന ആരംഭിക്കുമ്പോഴും ഈ Guidelines കർശനമായി പാലിക്കേണ്ടതാണ് :

1. ആരാധനാലയങ്ങൾ തുറന്ന് പ്രവർത്തിക്കുന്നതുമായി ബന്ധപ്പെട്ട് കേന്ദ്ര-സംസ്ഥാന സർക്കാരുകൾ നൽകിയിരിക്കുന്ന നിർദ്ദേശങ്ങൾ കൃത്യമായി പാലിക്കണം.

2. പള്ളികളിൽ കുർബാന ആരംഭിക്കുന്നതിന് മുമ്പ് കോവിഡ്-19 സുരക്ഷാ കമ്മിറ്റി രൂപീകരിക്കേണ്ടതാണ്. ഇടവകയുടെ ആവശ്യമനുസരിച്ച് കമ്മിറ്റി അംഗങ്ങളുടെ എണ്ണം നിശ്ചയിക്കുക. ഈ കമ്മിറ്റിയുടെ അദ്ധ്യക്ഷൻ വികാരിയച്ചനായിരിക്കും. പാരിഷ് കൗൺസിൽ അംഗങ്ങളോ അവരുടെ ഉത്തരവാദിത്വത്തിൽ മറ്റ് അംഗങ്ങളെയോ (പുരുഷൻന്മാരെയോ സ്ത്രീകളെയൊ) ഈ കമ്മിറ്റിയിൽ ചേർക്കാവുന്നതാണ്.

3. സിദ്ധാപ്പുര (കൊഡഗു) ഫൊറോനയിൽ ജൂൺ 13-ാം തിയതിക്ക് മുമ്പ് ദൈവാലയവും പരിസരവും ശുചീകരിച്ച് അണുവിമുക്തമാക്കാൻവേണ്ട നടപടികൾ സ്വീകരിക്കണം. ജൂൺ 14-ാം തീയതി മുതൽ ദൈവാലയം പൊതു തിരുക്കർമ്മങ്ങൾക്കായി തുറക്കുകയും വിശ്വാസികൾക്കു പ്രവേശനം അനുവദിക്കുകയും ചെയ്യണം. ബാക്കിയുള്ള ഫൊറോനകളിൽ പൊതു ജനപങ്കാളിത്വത്തോടുകൂടി കുർബാന ആരംഭിക്കുമ്പോൾ ഇത് പാലിക്കുക.

4. ഇടവകയുടെ അതിർത്തിക്കുള്ളിൽ സർക്കാർ നിർദ്ദേശിച്ച പ്രകാരമുള്ള കണ്ടെയ്ൻമെന്റ് സോണുകൾ ഉണ്ടെങ്കിൽ അവിടെനിന്നുള്ള വിശ്വാസികൾ വിലക്ക് നീക്കുന്നതുവരെ പള്ളിയിൽ വരുകയോ കുർബാനയിൽ പങ്കെടുക്കുവാൻ പാടുള്ളതോ അല്ല.

5. വി.കുർബാന ആരംഭിക്കുന്നതിന് 20 മിനിറ്റ് മുമ്പ് വിശ്വാസികൾ ദേവാലയത്തിന്റെ പ്രവേശന കവാടത്തിങ്കൽ വരികയും 6 അടി അകലം പാലിച്ച് പള്ളിയിൽ നില്ക്കുകയും ചെയ്യുക. വി. കുർബാനയ്ക്കും മറ്റു തിരുകർമ്മങ്ങൾക്കും പങ്കെടുക്കുന്നവരുടെ എണ്ണം സംബന്ധിച്ച് സർക്കാർ നിർദ്ദേശം കർശനമായി പാലിക്കുക. വ്യക്തികൾ തമ്മിൽ 6 അടി അകലം പാലിക്കുന്ന രീതിയിൽ സ്ഥലം അടയാളപ്പെടുത്തുകയും പള്ളിയിൽ എത്ര പേർക്ക് വരാൻ സാധിക്കുമെന്ന് കണക്കാക്കുകയും അതനുസരിച്ച് വിശ്വാസികൾക്ക് പള്ളിയിൽ വരാനുള്ള ക്രമീകരണങ്ങൾ ചെയ്യേണ്ടതുമാണ്.

6. പ്രവേശന കവാടത്തിൽ പള്ളിയിൽ വരുന്നവരുടെ പേരും മറ്റ് വിശദാംശങ്ങളും രേഖപ്പെടുത്തുന്നതിനും തെർമ്മൽ സ്ക്രീനിംഗ് നടത്തുന്നതിനുള്ള ക്രമീകരണം ചെയ്യണം. കോവിഡ്-19 രോഗ ലക്ഷണങ്ങൾ ഉണ്ടെങ്കിൽ അങ്ങനെയുള്ളവർ മടങ്ങിപോകേണ്ടതുമാണ്. ഈ ഉത്തരവാദിത്വം കോവിഡ്-19 സുരക്ഷാ കമ്മിറ്റിയെ ഏൽപ്പിക്കാവുന്നതാണ്.

7. കോവിഡ്-19 രോഗലക്ഷണങ്ങളായ പനി, ജലദോഷം, ചുമ, ശ്വാസതടസ്സം തുടങ്ങിയവ ഉള്ളവരും, മറ്റ് ഗൗരവമായ രോഗങ്ങൾ ഉള്ളവരും, ഗർഭിണികളും ഇനി ഒരു അറിയിപ്പ് ഉണ്ടാകുന്നതുവരെ പള്ളിയിൽ വരാൻ പാടുള്ളതല്ല.

8. കാർമ്മികരും, ദേവാലയ ശുശ്രൂഷകരും (കപ്യാർ) കർമ്മങ്ങൾക്കിടയിലുടനീളം കൊവിഡ് പ്രോട്ടോക്കോൾ അനുശാസിക്കുന്ന നിബന്ധനകളും ശുചിത്വവും പാലിക്കണം. ഇനി ഒരു അറിയിപ്പ് ഉണ്ടാകുന്നതുവരെ അൾത്താര ശുശ്രൂഷികൾ (Altar Boys)കുർബാനയ്ക്ക് കൂടേണ്ടതില്ല.

9. വിദേശത്തുനിന്നും അന്യസംസ്ഥാനങ്ങളിൽ നിന്നും തിരിച്ചെത്തിയവർ ഒരു മാസത്തേക്ക് ദൈവാലയത്തിൽ വരരുത്.

10. തിരുക്കർമ്മങ്ങളുടെ ഓരോ സമയത്തും ആരൊക്കെ സംബന്ധിക്കണം എന്നതിനെകുറിച്ച് മുൻകൂട്ടി ധാരണയുണ്ടാക്കണം. കുടുംബ കൂട്ടായ്മാ വാർഡുകളുടെ അടിസ്ഥാനത്തിൽ ക്രമീകരണങ്ങൾ നടത്താവുന്നതാണ്.

11. ദേവാലയത്തിൽ പ്രവേശിക്കുന്നതിനുമുമ്പ് സാനിറ്റൈസർ ഉപയോഗിച്ച് കൈകൾ ശുചിയാക്കുകയോ സോപ്പ് ഉപയോഗിച്ച് കൈകൾ കഴുകുകയോ ചെയ്യേണ്ടതാണ്. ഇതിനുള്ള ക്രമീകരണങ്ങൾ ദേവാലയത്തിന് പുറത്ത് സജ്ജീകരിക്കണം. സാനിറ്റൈസറിന്റെ കുപ്പികൾ ബഹു. വികാരിയച്ചൻ വെഞ്ചിരിക്കാവുന്നതും കോവിഡ് -19 സുരക്ഷാ കമ്മിറ്റി അംഗങ്ങൾ ഓന്നോ രണ്ടോ തുള്ളി വിശ്വാസികളുടെ കൈവെള്ളയിൽ ഒഴിക്കാവുന്നതുമാണ്. ഇത് ഹന്നാൻ വെള്ളത്തിനു പകരം കൈയിൽ പുരട്ടേണ്ടതുമാണ്.

12. ദേവാലയത്തിൽ പ്രവേശിക്കുന്നതിനും തിരികെ പോകുന്നതിനും വെവ്വേറെ വാതിലുകൾ ഉപയോഗിക്കുക. ചെരിപ്പുകൾ അകലങ്ങളിലായി സൂക്ഷിക്കുന്നതിന് സ്ഥലങ്ങൾ നിശ്ചയിച്ചു കൊടുക്കണം. പള്ളിയിൽ പ്രവേശിക്കുന്നതും ഇറങ്ങുന്നതും കൂട്ടം കൂടാതെ അകലം പാലിച്ച് ചെയ്യണം.

13. കൂടുതൽ ആളുകൾക്ക് വി. കുർബാനയിൽ പങ്കെടുക്കാനുള്ള സൗകര്യം ഒരുക്കുന്നതിനുവേണ്ടി ഇട ദിവസങ്ങളിൽ വൈദികർക്ക് രണ്ടു കുർബാനയും ഞായറാഴ്ച്ചകളിൽ മൂന്നു കുർബാനയും അർപ്പിക്കാവുന്നതാണ്. സഹ വൈദികരുടെയും സന്ന്യാസ ആശ്രമത്തിലെ വൈദികരുടെയും സഹായത്തോടുകൂടി കൂടുതൽ കുർബാനകൾ ക്രമീകരിക്കാവുന്നതാണ്.

14. തിരുക്കർമ്മങ്ങളിൽ സംബന്ധിക്കുന്ന എല്ലാവരും മാസ്ക്ക് ധരിച്ചിരിക്കണം. ഇനി ഒരു അറിയിപ്പ് ഉണ്ടാകുന്നതുവരെ, തിരുസ്വരൂപങ്ങളിലും ദേവാലയത്തിൽ പ്രതിഷ്ഠിച്ചിരിക്കുന്ന മറ്റു വിശുദ്ധ വസ്തുക്കളിലും സ്പർശിച്ചുകൊണ്ടുള്ള വണക്കം പാടില്ലാത്തതും ദൈവാലയ കവാടങ്ങളിൽ ഹന്നാൻവെള്ളം സൂക്ഷിക്കുന്നതും പാടില്ലാത്തതാണ്.

15. ഇനി ഒരു അറിയിപ്പ് ഉണ്ടാകുന്നതുവരെ തിരുക്കർമ്മളിലെ ഗാനങ്ങൾക്ക് നേതൃത്വം നൽകുന്നതിന് രണ്ടുപേരിൽ കൂടുതൽ പാടുള്ളതല്ല ; അവർ തമ്മിലും 6 അടി അകലം പാലിക്കണം.

16. വിവാഹം, മൃതസംസ്ക്കാരം, മാമ്മോദീസ തുടങ്ങിയവയ്ക്ക് സർക്കാർ നൽകിയിട്ടുള്ള നിർദ്ദേശങ്ങൾ പാലിക്കേണ്ടതാണ്. കൂടുംബക്കൂട്ടായ്മകൾ, പൊതുയോഗങ്ങൾ, ആഘോഷമായ തിരുന്നാളുകൾ തുടങ്ങിയവ ഒഴിവാക്കേണ്ടതാണ്.

17. പള്ളിയിൽ വരാൻ സാധിക്കാത്തവരുടെ അജപാലന കാര്യത്തിൽ പ്രത്യേക ശ്രദ്ധപതിപ്പിക്കാൻ വൈദികർ ശ്രദ്ധിക്കണം. അവർക്കുവേണ്ടി പള്ളികളിൽ അർപ്പിക്കപ്പെടുന്ന വി. കൂർബാനയുടെ ലൈവ് സ്ട്രിമിംഗ് നടത്താവുന്നതാണ്.

18. കുമ്പസാരം ആവശ്യമുള്ളവർക്ക് 6 അടി അകലം പാലിച്ചും രഹസ്യാത്മകത പാലിച്ചും നടത്തി കൊടുക്കാവുന്നതാണ്. എന്നാൽ പരിശുദ്ധ പിതാവ് പറഞ്ഞിട്ടുള്ളതുപോലെ പിന്നീട് സൗകര്യപ്രദമായ സമയത്ത് കുമ്പസാരിച്ചുകൊള്ളാം എന്ന തീരുമാനത്തോടെ പൂർണ്ണമനസ്താപത്തിൽ വി. കുർബാന സ്വീകരിക്കുവാൻ ആഗ്രഹിക്കുന്നവർക്കും വി. കുർബാന നൽകാം.

19. ദൈവാലയത്തിനു മുമ്പിൽ പ്രവേശന വ്യവസ്ഥകൾ രേഖപ്പെടുത്തിയ നോട്ടീസും കോവിഡ് മഹാമാരിയുടെ സാഹചര്യത്തിൽ സ്വീകരിക്കേണ്ട ജാഗ്രതയെക്കുറിച്ചുള്ള ബോർഡും പ്രദർശിപ്പിക്കണം.

20. വി. കുർബാന നല്കുന്നതിന് മുമ്പ് ബഹു. വൈദികരും കുർബാന നല്കുന്ന ബഹു. സിസ്റ്റേഴ്സും കൈകൾ സാനിട്ടൈസർ ഉപയോഗിച്ച് അണുവിമുക്തമാക്കുകയും മാസ്ക്ക് ധരിക്കുകയും വേണം. ഇനി ഒരു അറിയിപ്പ് ഉണ്ടാകുന്നതുവരെ വി.കുർബാന ഏക സാദൃശ്യത്തിൽ മാത്രം കൈകളിൽ നല്ക്കുക. വി. കുർബാന നല്കുമ്പോൾ ഒരു മീറ്റർ അകലം പാലിക്കുക. വി. കുർബാന സ്വീകരിക്കുമ്പോൾ സ്വീകരിക്കുന്ന ആൾ മാസ്ക്ക് ധരിക്കാൻ പാടില്ല. വി.കുർബാന സ്വീകരിച്ചയാൾ അവിടെവെച്ചു തന്നെ ഉൾക്കൊള്ളണം. ഉടനെ മാസ്ക്ക് ധരിക്കുകയും ചെയ്യുക.

21. 6 അടി അകലം പാലിച്ചുകൊണ്ടും സ്തോത്രകാഴ്ച്ചക്കുള്ളപാത്രം പരസ്പരം കൈമാറാതെയും സ്തോത്രകാഴ്ച്ച സമർപ്പണം ചെയ്യുന്നതിനുവേണ്ട ക്രമീകരണം പള്ളിയിൽ ചെയ്യേണ്ടതാണ്.

22. പൊതുജനങ്ങളുടെ ഉപയോഗത്തിനുള്ള ടോയിലെറ്റുകൾ കൂടെക്കൂടെ ശുചീകരിക്കുകയും അണുവിമുക്തമാക്കുകയും ചെയ്യണം.

23. ഓരോ ദിവ്യബലിക്കും ശേഷം പള്ളി അകവും പുറവും ശുചീകരിക്കുകയും അണുവിമുക്ത മാക്കുകയും ചെയ്യണം.

24. എല്ലാവരും ശ്വസന മര്യാദകൾ(Respiratory Etiquettes)പാലിക്കുക അതായത്, ചുമക്കുമ്പോഴും തുമ്മുമ്പോഴും തൂവാലയോ ടിഷ്യു പേപ്പറോ ഉപയോഗിക്കാൻ ശ്രദ്ധിക്കുക, ചുമക്കുമ്പോഴും തുമ്മുമ്പോഴും മുഖം മറ്റുള്ളവരിൽ നിന്ന് മാറ്റുക, അല്ലങ്കിൽ കൈമുട്ടിന്റെ ഭാഗത്തേക്ക് തുമ്മുകയോ ചുമക്കുകയോ ചെയ്യുക. ഉപയോഗിച്ച ടിഷ്യു പേപ്പറുകൾ തീയിലിട്ട് ദഹിപ്പിക്കുകയോ കുഴിച്ച് മുടുകയോ ചെയ്യേണ്ടതാണ്.

25. മുകളിൽ പറഞ്ഞ നിബന്ധനകളെല്ലാം നടപ്പിൽ വരുത്തുകയും അതിനുള്ള ക്രമീകരണങ്ങൾ ഇടവകയിൽ ചെയ്യേണ്ടതുമാണ്. ബഹു. വികാരിയച്ചന്മാർ ഈ നിബന്ധനകളെല്ലാം ഇടവകയിൽ പാലിക്കപ്പെടുന്നുണ്ടോ എന്ന് ഉറപ്പുവരുത്തേണ്ടതാണ്.

III. ഇനി ഒരു അറിയിപ്പ് ഉണ്ടാകുന്നതുവരെ സൺഡെ സ്കൂൾ ഉണ്ടായിരിക്കുന്നതല്ല. എന്നാൽ ഓൺ ലൈൻ വഴി 2020 ജൂൺ 14 മുതൽ വീടുകളിൽ ക്ലാസ്സുകൾ ആരംഭിക്കുന്നതാണ്.

സ്നേഹമുള്ളവരേ, കോവിഡ് -19 ബാധിച്ച രോഗികൾ വർദ്ധിച്ചുവരുന്നതിന്റെ ഭീതിയിലും ആശങ്കയിലുമാണ് സമൂഹം. അതിനാൽത്തന്നെ വിവേകത്തോടുകൂടി വേണം നാം ദേവാലയങ്ങൾ തുറന്ന് പ്രവർത്തിക്കുവാൻ. രോഗ വ്യാപനം ഉണ്ടാകാതിരിക്കാൻ സാദ്ധ്യമായ എല്ലാ മുൻകരുതലുകളും എടുക്കണം. അതേ സമയം അനിശ്ചിതമായി പള്ളികൾ അടച്ചിട്ട് മുമ്പോട്ട് പോവുക അസാദ്ധ്യമാണ്. മാനുഷികമായ മുൻകരുതലുകളോടൊപ്പം ദൈവത്തിലുള്ള സമ്പൂർണ്ണ ആശ്രയത്വവും കൈമുതലാക്കി നമുക്ക് മുമ്പോട്ട് പോകാം.

നിങ്ങളെയും എല്ലാ കുടുംബങ്ങളെയും ദൈവപരിപാലനയ്ക്ക് സമർപ്പിക്കുന്നു. നമ്മുടെ അമ്മയായ പരിശുദ്ധ കന്യാകമറിയത്തിന്റെയും രൂപതാ മദ്ധ്യസ്ഥനായ വി. തോമാശ്ശീഹായുടെയും സംരക്ഷണത്തിന് എല്ലാവരേയും ഭരമേൽപ്പിച്ചുകൊണ്ട് +പിതാവിന്റെയും + പുത്രന്റെയും +പരിശുദ്ധാത്മാവിന്റെയും നാമത്തിൽ ഏവരേയും ഹൃദയപൂർവ്വം ആശീർവ്വദിക്കുന്നു.

ബെൽത്തംഗഡി
11-06-2020

+ മാർ ലോറൻസ് മുക്കുഴി
ബെൽത്തംഗഡി രൂപതയുടെ മെത്രാൻ

---

**NB:** 1. 2020 ജൂൺ 14 മുതൽ സിദ്ധാപ്പുര (കൊഡഗു) ഫൊറോനയിൽ പൊതു ജന പങ്കാളിത്വത്തോടുകൂടിയുള്ള കുർബാന ആരംഭിക്കുന്നു. മറ്റ് സ്ഥലങ്ങളിലെ കാര്യം 30-06-2020 ന് ശേഷം സഹചര്യമനുസരിച്ച് തീരുമാനിക്കുന്നതാണ്.

2. ഈ സർക്കുലറിലെ വിവരം ജനങ്ങളെ അറിയിക്കണം.

**Circular No. 06/2020**

2020 – 21 ലേക്കുള്ള കൈക്കാരന്മാരുടെ തെരഞ്ഞെടുപ്പ്, പാരിഷ് കൗൺസിൽ, ഫൊറോന കൗൺസിൽ രൂപതാ പാസ്റ്ററൽ കൗൺസിൽ എന്നിവയുടെ രൂപീകരണം സംബന്ധിച്ച തീരുമാനങ്ങൾ.

വന്ദ്യ സഹോദരരേ, വത്സല മക്കളേ,

മാനവ ചരിത്രത്തിൽ കോവിഡ്– 19 അസാധാരണ സംഭവമാണ്! അപ്രതീക്ഷിതമായി ലോകത്തെ മുഴുവനും ഭയപ്പെടുത്തിയ രോഗമാണിത്. അത് ലോകത്തെയും സഭാ ജീവിതത്തെയും ബാധിച്ചു! അതുകൊണ്ട് നമ്മൾ ക്രമമായി ചെയ്തിരുന്ന സഭാത്മകമായ പലകാര്യങ്ങളും ചെയ്യാൻ സാധിച്ചില്ല. ഇത് ഒരു അടിയന്തരാവസ്ഥ സാഹചര്യം സൃഷ്ടിച്ചിരിക്കുകയാണ്. എങ്കിലും ദൈവാനുഗ്രഹംകൊണ്ട് ഇതെല്ലാം പരിഹരിച്ച് മറികടക്കുവാൻ നമുക്ക് സാധിക്കും. ഇതുപോലുള്ള അനുഭവങ്ങൾ ചുരുക്കമായിട്ടെങ്കിലും മനുഷ്യ ചരിത്രത്തിൽ ഉണ്ടായിട്ടുണ്ട്.

2020 ഫെബ്രുവരി സർക്കുലർ നമ്പർ–2ൽ അറിയിച്ചിരുന്നത് പോലെ നമ്മുടെ പാരിഷ് കൗൺസിൽ, ഫൊറോന കൗൺസിൽ, രൂപതാ പാസ്റ്ററൽ കൗൺസിൽ എന്നിവയുടെ കാലാവധി 2020 മാർച്ച് 31 ന് അവസാനിക്കുകയും പുതിയ സമിതികൾ രൂപീകരിക്കപ്പെടുകയും ചെയ്യേണ്ടിയിരുന്നു . 2019 – 20ലെ ആണ്ട് തെരട്ട് പാസാക്കുകയും 2020 – 21 ലേക്കുള്ള കൈക്കാരന്മാര തെരഞ്ഞെടുക്കുകയും ചെയ്യേണ്ടതായിരുന്നു. എന്നാൽ 2020 മാർച്ച് 18 ന് കോവിഡ് ബാധ രൂക്ഷമാകുകയും ലോക്ക് ഡൗൺ ആകുകയും ചെയ്തതുകൊണ്ട് ഈ തിരഞ്ഞെടുപ്പ് പൂർണ്ണമായി നടത്തുവാൻ പല ഇടവകകളിലും സാധിക്കാതെ വരുകയും ചെയ്തു. പൊതുയോഗം കൂടി ആണ്ട് തെരട്ട് പാസാക്കുവാനും പുതിയ കൈക്കാരന്മാര തിരഞ്ഞെടുക്കുവാനും സാധിക്കാതെ വന്നു. വിദേശത്തായിരുന്ന എനിക്ക് 2020 ജൂൺ 6 വരെ തിരിച്ചുവരുവാൻ സാധിക്കാതെ വരുകയും ചെയ്തു. ഇപ്പോഴും ലോക്ക് ഡൗൺ നിലവിലിരിക്കുകയാണ്! നമ്മുടെ പള്ളികളുടെ പ്രവർത്തനങ്ങൾ പതിവ് പോലെ നടത്തുവാൻ അസാദ്ധ്യമായിരിക്കുകയാണ്. അതുകൊണ്ട് ഈ അടിയന്തിര സഹാചര്യത്തിൽ മുമ്പ് സൂചിപ്പിച്ച കാര്യങ്ങളെക്കുറിച്ച് താഴെപറയുന്ന തീരുമാനങ്ങൾ അറിയിക്കുന്നു :

1. 2019 – 20 ൽ നിലവിലുണ്ടായിരുന്ന പാരിഷ് കൗൺസിൽ വിളിച്ച് കൂട്ടി ആണ്ട് തെരട്ട് പാസാക്കുക.

2. ഏതെങ്കിലും ഇടവകകളിൽ ഇതിന് മുമ്പ് 2020 – 21 ലേക്കുള്ള കൈക്കാരന്മാരെ തിരഞ്ഞെടുത്തിട്ടുണ്ടെങ്കിൽ അവരെയും ഏതെങ്കിലും ഇടവകകളിൽ പുതിയ പാരിഷ് കൗൺസിൽ അംഗങ്ങളെ

തിരഞ്ഞെടുത്തിട്ടുണ്ടെങ്കിൽ അവരെയും ചേർത്ത് ബാക്കി 2019 – 20ലെ കമ്മിറ്റിയംഗങ്ങളെയും ചേർത്ത് പുതിയ പാരിഷ് കൗൺസിൽ രൂപീകരിക്കുക. പുതിയതായി തിരഞ്ഞെടുക്കപ്പെട്ട കൈക്കാരന്മാരുടെയും കമ്മിറ്റിയംഗങ്ങളുടെയും സ്ഥാനത്ത് ഉണ്ടായിരുന്ന കൈക്കാരന്മാരും കമ്മിറ്റിയംഗങ്ങളും സ്ഥാനം ഒഴിയേണ്ടതാണ്. അവർക്ക് പ്രത്യേകം നന്ദി പറയുന്നു. ബാക്കിയുള്ളവർ കമ്മിറ്റിയംഗങ്ങളായി ഒരു വർഷത്തേക്കുകൂടി തുടരണമെന്ന് അഭ്യർത്ഥിക്കുന്നു.

3. പുതിയ പാരിഷ് കൗൺസിൽ എത്രയും പെട്ടന്ന് ചേർന്ന് ഓരോ ഇടവകയ്ക്കും ആവശ്യമായ കൈക്കാരന്മാരെ തിരഞ്ഞെടുക്കുക. (പുതിയതായി തിരഞ്ഞെടുക്കപ്പെട്ട കൈക്കാരന്മാരെ നിലനിർത്തുകയും തികയാതെ വരുന്നവരെ തിരഞ്ഞെടുക്കേണ്ടതുമാണ്).

4. പുതിയ കൈക്കാരന്മാരുടെയും പാരിഷ് കൗൺസിൽ അംഗങ്ങളുടെയും പേര്, വീട്ട് പേര്, പോസ്റ്റൽ അഡ്രസ്സ്, മൊബൈൽ നമ്പർ, ഈമെയിൽ, വാട്ട്സാപ്പ് നമ്പർ മുതലായവ അംഗീകാരത്തിനായി 2020 ജൂൺ 25 ന് മുമ്പ് രൂപതാ കച്ചേരിയിൽ എത്തിക്കേണ്ടതാണ്. അതോടൊപ്പം ഇടവകയിൽ നിന്ന് രൂപതയിലേക്കുള്ള വിഹിതവും എത്തിക്കേണ്ടതാണ്.

5. രൂപതാ കച്ചേരിയിൽ നിന്ന് അംഗീകാരം ലഭിച്ചതിനു ശേഷം മാത്രമേ കൈക്കാരന്മാരും കമ്മിറ്റിയംഗങ്ങളും ചാർജ്ജ് എടുക്കാവൂ.

6. 2017– 20 കാലാവധിയിൽ ഉണ്ടായിരുന്ന ഫൊറോന കൗൺസിലിന്റെ കാലാവധി മുകളിൽ പറഞ്ഞ അടിയന്തിര കാരണത്താൽ ഒരു വർഷത്തേക്ക്കൂടി നീട്ടുന്നു. ഇപ്പോൾ പുതിയതായി തിരഞ്ഞെടുക്കപ്പെട്ട കൈക്കാന്മാരുടെയോ, കമ്മിറ്റിക്കാരുടെയോ പ്രവേശനം കാരണം ഏതെങ്കിലും ഫൊറോന കൗൺസിൽ അംഗങ്ങളുടെ അംഗത്വം നഷ്ടമായിട്ടുണ്ടെങ്കിൽ ആ ഒഴിവിലേക്ക് പുതിയ അംഗങ്ങളെ ഇപ്പോൾ നിലവിൽ വന്ന പാരിഷ് കൗൺസിൽ നിന്ന് തിരഞ്ഞെടുക്കണം. ഫൊറോന കൗൺസിൽ അംഗങ്ങളുടെ പേര്, വീട്ട്പേര്, ഇടവക, പോസ്റ്റൽ അഡ്രസ്സ്, മൊബൈൽ നമ്പർ, ഈമെയിൽ, വാട്ട്സാഫ് നമ്പർ മുതലയാവ 2020 ജൂലൈ 8നകം ബഹു. ഫൊറോന വികാരിമാർ രൂപതാ കച്ചേരിയിൽ അംഗീകാരത്തിനായി അയക്കേണ്ടതാണ്.

7. 2017 – 20 കാലയളവിൽ നിലവിലുണ്ടായിരുന്ന രൂപതാ പാസ്റ്ററൽ കൗൺസിലിന്റെ കാലാവധി ഒരു വർഷത്തേക്ക്കൂടി നീട്ടുകയാ

ണ്. പാസ്റ്ററൽ കൗൺസിൽ അംഗങ്ങൾ തങ്ങളുടെ വിലപ്പെട്ട സേവനം ഒരു വർഷത്തേക്കുകൂടി നല്കണമെന്ന് സ്നേഹത്തോടെ അഭ്യർഥിക്കുന്നു. മുമ്പ് ഫൊറോന കൗൺസിലിൽ അംഗത്വം നഷ്ടപ്പെട്ടിട്ടുണ്ടെങ്കിൽ അംഗങ്ങളായിരുന്ന ഏതെങ്കിലും അംഗത്തിന് പുതിയ തിരഞ്ഞെടുപ്പ് കാരണം ഫൊറോന കൗൺസിലിൽ അവർക്ക് പകരം പുതിയ ഫൊറോന പ്രതിനിധികളെ നിയമ പ്രകാരം തിരഞ്ഞെടുത്ത് 2020 ജൂലൈ 15 മുമ്പ് ബഹു. ഫൊറോന വികാരിമാർ രൂപതാ കച്ചേരിയിലേക്ക് അംഗീകാരത്തിനായി അയക്കേണ്ടതാണ്.

8. മേൽ പറഞ്ഞ വിശദാംശങ്ങൾ ഇവിടെ ലഭിച്ചതിനു ശേഷം പുതിയ രൂപതാ പാസ്റ്ററൽ കൗൺസിൽ രൂപീകരിക്കുന്നതാണ്. അതുവരെ സൂചിപ്പിച്ച എല്ലാ കാര്യങ്ങളും ക്രമ പ്രകാരം ഇടവകയിലും ഫൊറോനയിലും നടത്തുവാൻ പെരിയ ബഹു. ഫൊറോന വികാരിമാരും ബഹു. ഇടവക വികാരിമാരും ബന്ധപ്പെട്ട എല്ലാ അംഗങ്ങളും പൂർണ്ണമായി സഹകരിക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

ഏറെ ക്ലേശകരമായ സാഹചര്യത്തിലൂടെയാണ് നാം നീങ്ങുന്നത്. എങ്കിലും സർവ്വശക്തനും കരുണാവാരിധിയുമായ ദൈവത്തിന്റെ അനുഗ്രഹത്താലും അവിടുത്തെ തിരുപുത്രനായ ഈശോ മിശിഹായുടെ കൃപയാലും ഈ അടിയന്തര വിഷമ ഘട്ടത്തെ നാം ഒന്ന് ചേർന്ന് അതിജീവിക്കുക തന്നെ ചെയ്യും! സർക്കാർ നല്കുന്ന നിയമങ്ങളും സഭ നല്കുന്ന നിയമങ്ങളും കൃത്യമായി പാലിച്ച് നാം ഒന്നായി പ്രാർത്ഥിക്കുകയും പ്രവർത്തിക്കുകയും ചെയ്യുമ്പോൾ നാം വിജയം കണ്ടെത്തുക തന്നെ ചെയ്യും.

'തോണി മുങ്ങി, നശിക്കാൻ പോയ ശിഷ്യന്മാരെ' പോലെ (മത്തായി 8 : 25) നമുക്കും, "കർത്താവേ, രക്ഷിക്കണേ" എന്ന് പ്രാർത്ഥിക്കാം. സ്നേഹമുള്ളവരേ, ആരും ഭയപ്പെടേണ്ടാ; ഈശോ നമ്മെ രക്ഷിക്കുക തന്നെ ചെയ്യും! നിങ്ങളെയെല്ലാവരെയും +പിതാവിന്റെയും + പുത്രന്റെയും + പരിശുദ്ധാത്മാവിന്റെയും നാമത്തിൽ ഹൃദയപൂർവ്വം ആശീർവ്വദിക്കുന്നു.

ബെൽത്തംഗഡി — + മാർ ലോറൻസ് മുക്കുഴി

12-06-2020 — ബെൽത്തംഗഡി രൂപതയുടെ മെത്രാൻ

---

**NB:** 1. ഈ സർക്കുലർ 14 തീയതിക്ക് മുമ്പ് ഇടവകാംഗങ്ങളെ അറിയിക്കേണ്ടതാണ്.

2. ഈ സർക്കുലറിൽ സൂചിപ്പിച്ച തിരഞ്ഞെടുപ്പുകൾ കൃത്യസമയത്ത് നടത്തി രൂപതാ കേന്ദ്രത്തിൽ അംഗീകാരത്തിനായി റിപ്പോർട്ട് സമർപ്പിക്കുവാൻ ബഹു. വികാരിയച്ചന്മാരും പെരിയ ബഹു. ഫൊറോന വികാരിയച്ചന്മാരും അടിയന്തരമായി ശ്രദ്ധിക്കണം.

# ലോക മാധ്യമദിന സന്ദേശം 2020

## നീ നിന്റെ മക്കളോടും പൗത്രന്മാരോടും വർണിച്ചറിയിക്കാനും വേണ്ടിയാണ് (പുറ 10 : 2).

## ലോക മാധ്യമദിനത്തോടനുബന്ധിച്ച് ഫ്രാൻസിസ് പാപ്പാ നല്കുന്ന സന്ദേശം

ഈ വർഷത്തെ ആഗോളമാധ്യമദിനത്തോടനുബന്ധിച്ചുള്ള ഫ്രാൻസിസ് പാപ്പായുടെ പ്രത്യേക സന്ദേശം പുറപ്പാടു പുസ്തകത്തിലെ ''നീ നിന്റെ മക്കളോടും പൗത്രന്മാരോടും വർണിച്ചറിയിക്കാനും വേണ്ടിയാണ്'' ( പുറ 10 : 2) എന്ന വാക്യശകാലത്തെ ആസ്പദമാക്കിയാണ്.

പ്രിയ സഹോദരീ സഹോദരന്മരേ,

**ജീവിതം ചരിത്രമാകുമ്പോൾ**

ഈ വർഷത്തെ സന്ദേശം ഞാൻ 'കഥ പറയലിനായി' സമർപ്പിക്കാനാഗ്രഹിക്കുന്നു. കാരണം, നമുക്ക് ദിശാബോധവും സ്വത്വബോധവും കൈമോശം വരാതിരിക്കണമെങ്കിൽ നമ്മുടെ സ്വന്തം സത്യം ചെറിയ നല്ല കഥകളായി സ്വാംശീകരിക്കണമല്ലോ. പടിപടിയായി പടുത്തുയർത്തുന്ന കഥകൾ, നമ്മുടെ ഉദ്ഭവപരമ്പരകളുടെ വേരുകൾ കണ്ടെത്താനുതകുന്ന കഥകൾ ആ പുനരറിവിൽ നിന്നും മുന്നോട്ട് പ്രത്യാശയോടെ നയിക്കാനും നയിക്കപ്പെടാനും ഉതകുന്ന കഥകൾ. ഈ കാലത്തെ കലപിലകൾക്കിടയിൽ മനുഷ്യത്വത്തെക്കുറിച്ചും നമ്മളെക്കുറിച്ചും നമ്മുടെ ചുറ്റിലുമുള്ള സൗന്ദര്യങ്ങളെക്കുറിച്ചും പ്രതിപാദിക്കുന്ന മാനവിക കഥകളാണ് ആവശ്യം- സൗന്ദര്യപൂർണ്ണമായ ഈ പ്രപഞ്ചത്തെയും അതിലെ സംഭവവികാസങ്ങളെയും സ്നേഹവാൽസല്യങ്ങളോടെ നോക്കികാണുന്ന ആഖ്യാനകഥകൾ, നമ്മൾ സജീവവും ഇഴയടുപ്പമുള്ളതുമായ ഒരു ചിത്രകമ്പളത്തിന്റെ ഭാഗമാണെന്ന് എപ്പോഴും ഓർമ്മപ്പെടുത്തുന്ന ആഖ്യാനങ്ങൾ നമ്മളെ പരസ്പരം അടുപ്പിക്കുന്ന അന്തർധാരകളെയും കുറിച്ചുള്ള ആഖ്യാനങ്ങൾ.

## 1. കഥകളുടെ നെയ്തെടുപ്പ്

കഥകളെ സ്നേഹിക്കുന്നവരാണ് എല്ലാ മനുഷ്യരും . കുട്ടികാലം മുതൽ ഭക്ഷണത്തോടൊപ്പം തന്നെ കഥകൾക്കുവേണ്ടികൂടി നമ്മൾ വിശന്നിരുന്നു. കഥകളെല്ലാം – അത് മുത്തശ്ശിക്കഥകളാവട്ടെ, നോവലുകളാവട്ടെ, പാട്ടുകളാവട്ടെ, ചലച്ചിത്രങ്ങളാവട്ടെ നാം തിരിച്ചറിയുന്നില്ലെങ്കിലും, നമ്മുടെ ജീവിതങ്ങളെ സ്വാധീനിക്കുന്നു. നാം സ്വാംശീകരിച്ച കഥാപാത്രങ്ങളുടെയും അടിസ്ഥാനത്തിലാണ് പലപ്പോഴും നമ്മൾ ശരി

യേത് അല്ലാത്തതെന്ത് എന്നു നിശ്ചയിക്കുന്നത്. കഥകൾ എപ്പോഴും നമ്മിലൊരു അടയാളപ്പെടുത്തൽ നടത്തുന്നുണ്ട്. നമ്മുടെ നിഷ്ഠബോധ്യങ്ങളും പെരുമാറ്റങ്ങളും, എന്തിന് ഒരു പരിധിവരെ സ്വഭാവ രൂപീകരണം വരെ, കഥകളിലൂടെ ഉരുത്തിരിഞ്ഞ് വരുന്നു. കഥകൾ പലപ്പോഴും നമ്മളാരാണന്നു മനസ്സിലാക്കാനും അതു സംവേദിക്കാനും സഹായിക്കുന്നുണ്ട്.

"ദൗർബല്യങ്ങൾ മറയ്ക്കാൻ വസ്ത്രങ്ങൾ" (cf. ഉത്പ 3 : 21) ധരിക്കുന്നവർ മാത്രമല്ല മനുഷ്യൻ. നമ്മുടെ ജീവിതങ്ങൾ സംരക്ഷിച്ചുപിടിക്കാൻ പലപ്പോഴും കഥാഖ്യാനങ്ങളുടെ വസ്ത്രകവചം ആവശ്യമുള്ളവരുമാണ്. നെയ്യുക എന്നതിനുള്ള ലത്തീൻ വാക്ക് texere എന്നാണ്. നമ്മൾ നെയ്തെടുക്കുന്നത് വസ്ത്രങ്ങൾ മാത്രമല്ല, കഥകളും കൂടിയാണ്. നെയ്തെടുക്കാൻ മനുഷ്യൻ മാത്രമുള്ള കഴിവാകണം നമുക്കായി വചനവും (text) വസ്ത്രകവചവും (textiles) സമ്മാനിച്ചത്. മനുഷ്യ ചരിത്രത്തിലെ ഓരോരോ കാലഘട്ടങ്ങളിലും, പ്രത്യക്ഷപ്പെടുന്ന കഥാഖ്യാനങ്ങളിലും പൊതുവായി കാണപ്പെടുന്ന ഒരു 'നെയ്ത്തുതറി' ഉണ്ട്; അതിന്റെ ഇഴയായി നായകന്മാരുമുണ്ട് സ്നേഹത്തിന്റെ കരുത്തിനാൽ പ്രചോദിതരായി പ്രത്യാശപൂർവകങ്ങളായ സ്വപ്നങ്ങളെ പിന്തുടർന്ന്, ആ യാത്രയിൽ ഉരുത്തിരിയുന്ന ദുർഘടസാഹചര്യങ്ങളെ അഭിമുഖീകരിച്ച് തിന്മയുടെ സകല ശക്തികളെയും പടവെട്ടി തോൽപ്പിച്ച് മുന്നോട്ടു പ്രയാണം ചെയ്യുന്ന നായകന്മാർ ജീവിതത്തിന്റെ വെല്ലുവിളികളെ സാഹസികോചിതമായി നേരിടാനുള്ള കാരണങ്ങളും ആർജവവും ഊർജവും കഥകളിൽ മുങ്ങിത്താഴ്ന്ന് നമുക്കാർജിക്കാൻ സാധിക്കും. മനുഷ്യരായ നമ്മൾ കഥപറച്ചിലുകാരായിരിക്കുന്നത്, നമ്മുടെ ദൈനംദിന ജീവിതമാകുന്ന ചിത്രകമ്പളത്തിൽ നമ്മെത്തന്നെ കണ്ടെത്തിക്കൊണ്ടും ആത്മധന്യത നേടിക്കൊണ്ടും ഒരു നിരന്തര വളർച്ചയുടെ പ്രക്രിയയിൽ നാം മുഴുകിയിരിക്കുന്നതുകൊണ്ടാണ്. എങ്കിലും ആരംഭം മുതലേയുള്ള തിന്മയുടെ ശക്തികളുടെ സാന്നിധ്യം നമ്മുടെ കഥകളെ ഭീഷണിയിലാക്കിയിരിക്കുന്നു.

## 2. എല്ലാ കഥകളും നന്മയുടെ കഥകൾ ആവണമെന്നില്ല.

അത് ഭക്ഷിക്കുന്ന ദിവസം നിങ്ങൾ ദൈവത്തെ പോലെയാവും (ഉത്പ 3 : 4) ഇഴനെയ്ത്തിലേക്ക് സർപ്പത്തിന്റെ ഈ പ്രലോഭനം ചരിത്രത്തിന്റെ ഉടയാടകളിലേക്ക് ഒരു അഴിയാകുരുക്ക് അവതരിപ്പിക്കുന്നു. നീ എല്ലാം സ്വന്തമാക്കുന്നെങ്കിൽ നിനക്ക് ആയിത്തീരാം, നേടാം – ഈയൊരു സന്ദേശമാണ് ഈ കാലഘട്ടത്തിലും കഥാഖ്യാനങ്ങൾ

ചൂഷണത്തിനുപയോഗിക്കുന്നവർ നൽകിക്കൊണ്ടിരിക്കുന്നത്. നമ്മൾ സന്തോഷത്തിലായിരിക്കണമെങ്കിൽ, നമ്മളെപ്പോഴും എന്നും ലാഭമാർജി ക്കണം, കൈവശപ്പെടുത്തിക്കൊണ്ടിരിക്കണം എന്ന കാതലുള്ള കഥക ളാണ് നമ്മളെ വശീകരിക്കാനും ബോധ്യപ്പെടുത്താനുമായി അവതരി പ്പിക്കപ്പെടുന്നത്. പലപ്പോഴും നമ്മൾ അറിയാതെ തന്നെ ആവശ്യത്തില ധികം ജല്പനങ്ങൾക്കും കിംവദന്തികൾക്കും വേണ്ടി ആവേശത്തോടെ കാത്തിരിക്കുന്നു. അല്ലെങ്കിൽ എന്തുമാത്രം ഹിംസാത്മകതയ്ക്കും കാപട്യങ്ങൾക്കും ആണ് നമ്മൾ, നമ്മൾ തന്നെ അറിയാതെ ഉപയോ ക്താക്കളായി പോവുന്നത്. സാംസ്കാരിക ഇഴയടുപ്പങ്ങൾക്കും ശക്ത മായ സാമൂഹിക ബന്ധങ്ങളുടെ നിർമിതിക്കും ഉപോൽബലകമായി വർത്തിക്കാൻ കെൽപുള്ള പല മാധ്യമവേദികകളും പലപ്പോഴും പ്രകോ പനകരവും വിനാശകാരകവുമായ കഥാകഥന രീതികളിലൂടെ ലോല ദുർബലമായ സാമൂഹിക വ്യവസ്ഥകളെ തച്ചുതകർക്കുന്നതായാണ് കാണപ്പെടുന്നത്.

സ്ഥിരീകരിക്കപ്പെടാത്ത പലപല വാർത്താശകലങ്ങൾ യുക്തിര ഹിതമായി തുന്നിച്ചേർത്ത് അവതരിപ്പിക്കുക മുഷിച്ചിലും വിരസതയും ഉളവാകുന്ന രീതിയിൽ വാർത്താശകലങ്ങളും വഴിതെറ്റലുകൾക്ക് പ്രേര കമാവുന്ന വാദഗതികളും ആവർത്തിച്ചുകൊണ്ടിരിക്കുക, വെറുപ്പുളവാ ക്കുന്നതും പരുക്കനും കർക്കശവുമായ സന്ദേശങ്ങയയ്ക്കുക ഇവ യെല്ലാം മാനുഷിക ചരിത്രം തുന്നി നെയ്യുന്നതിനല്ല ഉപകരിക്കുന്നത്, മറിച്ച് നമ്മുടെ സഹോദരരുടെ അന്തസ്സും മാന്യതയും കവർന്ന് അപ മാനിക്കാനേ ഉപകരിക്കൂ. ചൂഷണത്തിനും അധികാരത്തിനും ഉപയോ ഗിക്കപ്പെടുന്ന കഥകൾ തീരെ ചെറിയ കാലഘട്ടത്തിനുള്ളിൽ താനേ നശിച്ചുപോകുമ്പോൾ നല്ല കഥകൾ മനുഷ്യ ജീവിതത്തെ പരിപോഷി പ്പിക്കാനായി കാലോചിതമായി നിലകൊള്ളുന്നു. കൃത്രിമത്വം ഇത്രമേൽ പരിഷ്കൃതമാക്കപ്പെടുമ്പോൾ ഇത്രമേൽ ക്രമാതീതമായ മാറ്റം കൃത്രിമ ത്വത്തിന് സംഭവിക്കുമ്പോൾ നമുക്ക് അവശ്യം വേണ്ടത് മനോഹ രവും സുന്ദരവും നല്ലതും സർവോപരി സത്യാധിഷ്ഠവുമായ കഥ കൾ മെനഞ്ഞു സൃഷ്ടിക്കാനും അവയെ സ്വാഗതം ചെയ്ത് സ്വീകരി ക്കാനുമുള്ള വിവേകവും വിജ്ഞാനവുമാണ്. കപടതയും ദുഷ്ടതയും തിന്മകളും നിറഞ്ഞ കഥാശകലങ്ങൾ തിരസ്കരിക്കാനുള്ള നിർഭയത്തി ലൂന്നിയ ധൈര്യവും നമുക്ക് ഈ സാഹചര്യത്തിൽ വേണ്ടതായിട്ടു ണ്ട്. ഈ കാലഘട്ടത്തിലെ കഷ്ടതകൾക്കിടയിലും നമുക്കുവേണ്ടത് തുടർചരടുകൾ നഷ്ടപ്പെടാതിരിക്കാനുള്ള ക്ഷമയും വിവേചനാബുദ്ധി

യുമാണ്. നമ്മൾ സത്യത്തിൽ ആരാണെന്നും ദൈനം ദിന ജീവിതാഖ്യാനങ്ങളിൽ പെടാതെപോകുന്ന ധൈര്യസ്ഥൈര്യരുടെയും വിവരണങ്ങൾ ഉൾപ്പെടുന്ന കഥകളാണിപ്പോൾ നമുക്കാവശ്യം.

## 3. സകല കഥകളുടെയും കഥ

വിശുദ്ധഗ്രന്ഥം കഥകളുടെ ഒരു കഥയാണ്. എത്രമാത്രം സംഭവങ്ങളെയും ജനതകളെയും വ്യക്തികളെയുമാണ് അത് നമ്മുടെ മുമ്പിലേക്ക് അവതരിപ്പിച്ചു നല്കുന്നത്. ആരംഭം മുതലെ സൃഷ്ടികർത്താവും ആഖ്യാതവുമായ ഒരു ദൈവത്തെ അത് നമുക്ക് കാണിച്ചുതരുന്നു. ദൈവം തന്റെ വചനം ഉരുവിടുകയും അതിലൂടെ സൃഷ്ടികർമ്മം സംഭവിക്കുകയും ചെയ്യുന്നു( ഉത്പ 1). തന്നോടൊപ്പം നിലകൊണ്ടു ചരിത്രം സൃഷ്ടിക്കുകയും തന്നോടു സ്വതന്ത്രമായി ആശയവിനിമയവും സംഭാഷണ സല്ലാപവും നടത്തുന്ന ആൺ പെൺദ്വയമടക്കമുള്ള എല്ലാത്തിനും ജീവൻ നല്കി സൃഷ്ടികർമ്മം നടത്തുന്ന ദൈവം ഇവയെല്ലാം ചെയ്യുന്നത് വിശുദ്ധ ഗ്രന്ഥത്തിൽ ഒരാഖ്യാതാവായി ഉടനീളം നിലകൊണ്ടു തന്നെയാണ്. സങ്കീർത്തനങ്ങളിലൊരിടത്ത് സൃഷ്ടി, സ്രഷ്ടാവിനോട് പറയുന്നുണ്ട്: ''അവിടുന്നാണ് എന്റെ അന്തരംഗത്തിന് രൂപം നല്കിയത്, എന്റെ അമ്മയുടെ ഉദരത്തിൽ അവിടുന്ന് എന്നെ മെനഞ്ഞു. ഞാൻ അങ്ങയെ സ്തിക്കുന്നു. എന്തെന്നാൽ അങ്ങ് എന്നെ വിസ്മയനീയനായി സൃഷ്ടിച്ചു. അവിടുത്തെ സൃഷ്ടികൾ അദ്ഭുതകരമാണ്. എനിക്കത് നന്നായി അറിയാം. ഞാൻ നിഗൂഢതയിൽ ഉരുവാക്കപ്പെടുകയും ഭൂമിയുടെ അധോഭാഗങ്ങളിൽ വെച്ച് സൂക്ഷ്മതയോടെ സൃഷ്ടിക്കപ്പെടുകയും ചെയ്തപ്പോൾ എന്റെ രൂപം അങ്ങേയ്ക്ക് അജ്ഞാതമായിരുന്നില്ല'' (സങ്കീ 139 : 13-15). നമ്മൾ ജനിച്ചിരിക്കുന്നത് സമ്പൂർണ്ണരായിട്ടല്ലാത്തതിനാൽ, ഇടവിടാതെ എപ്പോഴും മെനയപ്പെട്ടുകൊണ്ടേയിരിക്കണം. ഇടതടവില്ലാതെ നെയ്യപ്പെട്ടുകൊണ്ടേയിരിക്കണം. ജീവിതം നമുക്ക് നല്കിയിരിക്കുന്നതാകട്ടെ, നമ്മളായിരിക്കുന്ന നിത്യവിസ്മയനീയമായ രഹസ്യ നിഗൂഢതയുടെ നിതാന്ത നെയ്ത്ത് തുടർന്നുകൊണ്ടേയിരിക്കാനുള്ള ക്ഷണക്കത്തും.

ആയതിനാൽ തന്നെ വിശുദ്ധഗ്രന്ഥം, ദൈവപിതാവും മനുഷ്യകുലവും തമ്മിലുള്ള ഒരു മഹത്തായ സ്നേഹം ബന്ധത്തിന്റെ ആഖ്യാനമാവുന്നു. ദൈവപിതാവിന് നമ്മളോടും നമുക്ക് തിരിച്ചുമുള്ള അനന്യസ്നേഹത്തിന്റെ സഫലപൂർത്തീകരണമായ യേശുവിന്റെ കഥ തന്നെയാണ് എന്നും എപ്പോഴും വിശുദ്ധഗ്രന്ഥത്തിലെ കാതലായ ആശയ - സന്ദേശങ്ങൾ വിളിച്ചോതുന്ന ഏറ്റവും പ്രബലസാർഥകമായ കഥകൾ

എല്ലാ തലമുറകളിലും പെട്ടവരായ മനുഷ്യർ വർണിച്ച് വിസ്തരിച്ചു പറയാനും ഹൃദിസ്ഥമാക്കാനും കടപ്പെട്ടവരും വിളിക്കപ്പെട്ടവരുമാണ്.

ഈ വർഷത്തെ സന്ദേശം എടുത്തിരിക്കുന്നത് മനുഷ്യന്റെ ചരിത്രത്തിൽ ദൈവപിതാവ് ഇടപ്പെടുന്ന വിശുദ്ധ ഗ്രന്ഥത്തിലെ മൗലിക പുസ്തകങ്ങളിലൊന്നായ പുറപ്പാടു പുസ്തകത്തിൽ നിന്നാണ്. അടിമയാക്കപ്പെട്ട ഇസ്രായേൽ മക്കൾ തന്നോടു നിലവിളിച്ചു പ്രാർത്ഥിച്ചപ്പോൾ ദൈവപിതാവ് ശ്രവിക്കുകയും സ്മരിക്കുകയും ചെയ്തു. ദൈവം അവരുടെ ദീനരോദനം ശ്രവിക്കുകയും അബ്രാഹമിനോടും ഇസഹാക്കിനോടും യാക്കോബിനോടും ചെയ്ത ഉടമ്പടി സ്മരിക്കുകയും ചെയ്തു (പുറ 2 : 24-25). ദൈവപിതാവിന്റെ ആ സ്മരണയിൽ നിന്നും അടയാളങ്ങളുടെയും ഒരമ്പരപ്പിക്കുന്ന പരമ്പരയിലൂടെ ഇസ്രയേൽ മക്കൾക്ക് അവരുടെ അടിച്ചമർത്തലുകളിൽ നിന്നും വിമോചനം ലഭിക്കുന്നു. പിന്നീട് മോശയ്ക്ക് ഈ അടയാളങ്ങളുടെ അർത്ഥങ്ങൾ വെളിപ്പെടുത്തികൊണ്ട് ഓർമ്മിപ്പിക്കുന്നു. അവരുടെ ഇടയിൽ എന്റെ ഈ അടയാളങ്ങൾ കാണിക്കാനും ഈജിപ്തുകാരെ ഞാൻ എങ്ങനെ വിഡ്ഢികളാക്കിയെന്നും അവരുടെ ഇടയിൽ ഞാൻ എന്തെല്ലാം അടയാളങ്ങൾ കാണിച്ചെന്നും നീ നിന്റെ പുത്രന്മാരെയും പൗത്രന്മാരെയും വർണിച്ചു കേൾപ്പിക്കാനും ഞാനാണ് ദൈവമായ പിതാവെന്ന് നിങ്ങൾ ഗ്രഹിക്കാനും വേണ്ടിയാണ് (പുറ 10 : 2). തലമുറ തലമുറയായി മുടങ്ങാതെ ദൈവാനുഭവം പകർന്നുകൊടുക്കപ്പെടുന്നത്, ദൈവം നമ്മുടെയിടയിൽ എങ്ങനെ അചഞ്ചലമായി സന്നിഹിതനായിരിക്കുന്നു എന്ന കഥാഖ്യാനത്തിലൂടെയാണെന്ന് പുറപ്പാടനുഭവം പഠിപ്പിക്കുന്നു. ജീവിതത്തിന്റെ കഥാഖ്യാനത്തിലൂടെ ജീവന്റെ ദൈവം നമ്മളോട് നിതാന്തമായി സംവദിക്കുന്നു.

നിഗൂഢവും അമൂർത്തവുമായ സങ്കല്പനങ്ങളിലൂടെയല്ല, മറിച്ച് ദൈനംദിന ജീവിതങ്ങളിൽ നിന്നും അടർത്തിയെടുത്ത സകലർക്കും മനസ്സിലാവുന്ന കഥകളിലൂടെയും ഉപമകളിലൂടെയുമാണ് യേശു ദൈവപിതാവിനെക്കുറിച്ച് നമ്മോട് സംസാരിച്ചത്. ഈ സന്ദർഭത്തിൽ ജീവിതം തന്നെ കഥയാവുകയും ശ്രോതാവിന് കഥ തന്നെ ജീവിതമാക്കുകയും ചെയ്യുന്ന അനുഭവമാക്കുന്നു; കഥ, അതിന്റെ സൂക്ഷ്മ ശ്രോതാവിന് തന്റെ ജീവന്റെ ഭാഗം തന്നെയാവുകയും ജീവിതത്തെ തന്നെ മാറ്റിമറിയ്ക്കുകയും ചെയ്യുന്നു.

വിശുദ്ധഗ്രന്ഥത്തിലെ സുവിശേഷങ്ങളും കഥകൾ തന്നെയാണ്, പക്ഷേ അതൊരിക്കലും സാന്ദർഭികമായിരുന്നില്ല. നമ്മളോട് സുവിശേ

ഷങ്ങൾ യേശുവിനെക്കുറിച്ച്, സംസാരിക്കുമ്പോൾത്തന്നെ, അവ നിർവാഹക ദൗത്യം ചെയ്യുന്നു (performative) അതായത്, നമ്മെ - മനുഷ്യരെ യേശുവിന് സാദൃശ്യപ്പെടുത്തി അനുരൂപരാക്കുന്നു. ഒരേ വിശ്വാസത്തിൽ പങ്കാളിയാകാൻ സുവിശേഷങ്ങൾ നമ്മോട് ആഹ്വാനം ചെയ്യുന്നുമുണ്ട്. വിശുദ്ധ യോഹാന്റെ സുവിശേഷത്തിൽ ആഖ്യാതാവ് - വചനം -തന്നെ കഥയായി മാറുകയും ചെയ്യുന്നു. പിതാവുമായി ഗാഢബന്ധം പുലർത്തുന്ന ദൈവം തന്നെയായ ഏകജാതൻ തന്നെയാണ് അവിടുത്തെ വെളിപ്പെടുത്തിയത് (യോഹ 1 : 18). പ്രഥമവും മൗലികവുമായ ക്രിയാപദത്തിന്റെ (exegesato) അർത്ഥം തന്നെ വെളിവാക്കപ്പെട്ടു എന്നും വിസ്തരിച്ച് വർണിച്ചു എന്നുമാണ്. ദൈവപിതാവ് തന്നെ നമ്മുടെ ജീവിത്തിൽ ഇഴചേർന്നു ആയിരിക്കുകയും ചെയ്യുന്നതിനാൽ തന്നെ പുതുകഥകൾ നെയ്തെടുക്കാനായി നവീന നൂതന രീതികൾ കാണിച്ച് നല്കുകയും ചെയ്യുന്നു.

## 4. ശാശ്വതമായി നവീകരിക്കപ്പെടുന്ന ഒരു കഥ

ക്രിസ്ത്വാനുഭവം നമുക്കൊരിക്കലും ഏതോ പുരാവൃത്തത്തിലെ വെറുമൊരു പാരമ്പര്യമല്ല, മറിച്ച് അവസരോചിതവും സന്ദർഭോചിതവും കാലോചിതവുമായ നമ്മുടെ ഒരു തനത് കഥ തന്നെയാണ്. ആ കഥാഖ്യാനം വിവരിച്ച് കാണിച്ചു തരുന്നത് മനുഷ്യകുലത്തിന്റെ അവരുടെ ദേഹിയെക്കുറിച്ചും ചരിത്രത്തിലെ സ്ഥാനത്തേക്കുറിച്ചും താൻ തന്നെ മനുഷ്യനും ദേഹിയും ചരിത്രം തന്നെയും ആവാൻ മാത്രം ഉത്കണ്ഠയും താല്പര്യവുമുള്ളവനുമായ നമ്മുടെ സ്വന്തം ദൈവപിതാവിനെയാണ്. മാനവികതയുടെ ഒരു കഥപോലും നിസ്സാരമായതോ തുച്ഛമായതോ അല്ല എന്നും ഇത് നമ്മെ ഓർമ്മിപ്പിക്കുന്നുണ്ട്. ദൈവപിതാവ് തന്നെ ഒരു കഥയായി മാറിയതിനാൽ, ഒരു പരിധിവരെ ഓരോ മനുഷ്യന്റെ കഥകളും ഓരോ ദൈവിക കഥ തന്നെയാവുന്നു. ഓരോ മനുഷ്യന്റെ ചരിത്ര കഥയിലും ദൈവപിതാവ് പിന്നെയും പിന്നെയും ആവർത്തിച്ച് കാണുന്നത് തന്റെ ഒരേയൊരു മകൻ ഭൂമിയിലേയക്ക് മനുഷ്യനായി ഇറങ്ങിവന്ന കഥ തന്നെയാവണം. ഓരോ മാനവികതയുടെ കഥയ്ക്കും മതിപ്പു തോന്നിപ്പിക്കാവുന്ന ഒരു അന്തസ്സും പ്രഭാവവും ഉണ്ടെന്ന് ഉറപ്പാണുതാനും. തത്ഫലമായി മാനവികതയും മനുഷ്യകുലവും അർഹിക്കുന്നത് നല്ല കഥകൾ തന്നെ ദൈവപുത്രനായ യേശു വിസ്മയനീയമായ ഉയരങ്ങളിലേക്ക് എത്തിച്ച വിലപ്പെട്ട കഥകളാണ് മനുഷ്യകുലത്തിന് എപ്പോഴും അർഹതപ്പെട്ടത്.

വിശുദ്ധ പൗലോസ് എഴുതിയിരിക്കുന്നു ; "മഷി കൊണ്ടല്ല ജീവിക്കുന്ന ദൈവത്തിന്റെ ആത്മാവുകൊണ്ട് കല്പലകകളിലല്ല - മനുഷ്യരുടെ ഹൃദയഫലകങ്ങളിൽ ഞങ്ങളുടെ ശുശ്രൂഷ വഴി എഴുതപ്പെട്ട ക്രിസ്തുവിന്റെ ലിഖിതമാണ് നിങ്ങളെന്ന് വ്യക്തമാണ് "(2 കൊറി 3 : 3). പരിശുദ്ധ അരൂപി - ദൈവസ്നേഹം എഴുതുന്നത് നമ്മളിലാണ്. നമ്മുടെയുള്ളിൽ തന്നെ. അങ്ങനെ എഴുതപ്പെടുമ്പോൾ നന്മ നമ്മുടെയുള്ളിൽ സ്ഥാപിക്കപ്പെടുകയും (establish) നമ്മളെ അത് എപ്പോഴും ഓർമപ്പെടുത്തുകയും (remind) ചെയ്തുകൊണ്ടേയിരിക്കുന്നു. ഓർമ്മപ്പെടുത്തുക എന്നാൽ (remind) മനസ്സിലേക്ക് വീണ്ടും കൊണ്ടുവരുക എന്നും ഹൃദയത്തിൽ എഴുതുകയെന്നും തന്നെയാണല്ലോ. പരിശുദ്ധ അരൂപിയുടെ ശക്തിയുണ്ടെങ്കിൽ ഏതൊരു കഥയും - അതെത്ര വിസ്മരിക്കപ്പെട്ടുപോയതാണെങ്കിലും എത്ര നീചമായ വരികളിലൂടെ എഴുതപ്പെട്ടതാണെങ്കിലും - അത് പ്രചോദനപരമാക്കി മാറ്റിയെഴുതപ്പെടാം. ഏറ്റവും ശ്രേഷ്ഠ കൃതിയായി പുനരവതരിപ്പിക്കപ്പെടാം- അതു വഴി സുവിശേഷങ്ങളുടെ ഒരു അനുബന്ധമായി തന്നെ രൂപാന്തരപ്പെടാം - പരിശുദ്ധ അരൂപിയുടെ ഇടപെടലുകളുടെ ശക്തി അതിനു പോന്നത് തന്നെയാണ്. വിശുദ്ധ അഗസ്റ്റിന്റെ ആത്മകഥപോലെ, വിശുദ്ധ ഇഗ്നേഷ്യസിന്റെ ആത്മകഥപോലെ, ഉണ്ണിശോയുടെ കൊച്ചുത്രേസ്യയുടെ കഥപോലെ കാരമസോവ് സഹോദരന്മാരുടെ കഥപോലെ മറ്റനേകം കഥകൾ പോലെ - ദൈവപിതാവിന്റെയും മനുഷ്യന്റെയും സ്വാതന്ത്ര്യങ്ങൾ തമ്മിലുള്ള സമാഗമങ്ങൾ സ്തുത്യർഹമായ രീതിയിൽ എഴുതി ഫലിപ്പിച്ചതുപോലെ സുവിശേഷങ്ങളുടെ മാനവികതയുടെ സൗരഭ്യമുള്ള ജീവിതം തന്നെ മാറ്റിമറിയ്ക്കുന്ന സ്നേഹ സാക്ഷ്യങ്ങൾ ഒരുപാടുള്ള ചെറിയ വലിയ കഥകൾ നമ്മളിൽ ഓരോരുത്തർക്കും അറിയാം ഇത്തരം കഥകൾ സാധിക്കുന്ന എല്ലാ കാലങ്ങളിലും എല്ലാ ഭാഷകളിലും എല്ലാ മാധ്യമങ്ങളിലും പങ്കുവയ്ക്കപ്പെടേണ്ടതാണ്.

## 5. നമ്മളെ നവീകരിക്കുന്ന കഥ

നമ്മുടെ സ്വന്തം കഥ എല്ലാ മഹനീയ കഥകളിലും ഭാഗഭാക്കാകുന്നു. വിശുദ്ധഗ്രന്ഥ ഭാഗങ്ങളും വിശുദ്ധരെക്കുറിച്ചുള്ള ആഖ്യാനങ്ങളും മാനവികതയെക്കുറിച്ചും അതിന്റെ ഹൃദ്യതയെയും സൗന്ദര്യത്തെയും കുറിച്ചുമുള്ള വിവരണങ്ങളും മറ്റും നമ്മൾ ചെയ്യുവാൻ സാധിക്കുന്നു. അതുവഴി, ദൈവപിതാവിന്റെ വീക്ഷണത്തിൽ നമ്മളെല്ലാം ആരാണെന്നും എന്താണെന്നും നമുക്ക് സ്മരിക്കാൻ കഴിയുന്നു. നമ്മെ സൃഷ്ടിക്കുകയും രക്ഷിക്കുകയും ചെയ്ത ആഴത്തിലുള്ള സ്നേഹം

സ്മരിക്കുമ്പോൾ, നമ്മുടെ ദൈനംദിന ആഖ്യാനങ്ങളിൽ കറകളഞ്ഞ സ്നേഹം ഒരു ഭാഗമാവുമ്പോൾ ദയയും കാരുണ്യവും കൂടി കലർത്തി കൊണ്ട് നമ്മുടെ ജീവിത ദിനങ്ങൾ നെയ്തെടുക്കുമ്പോൾ അറിയാതെ തന്നെ നവീനമായ ഒരേട് നമ്മൾ മറിക്കുന്നു. ദുഖാകുലതകളോട് ഇഴ പിരിഞ്ഞ മനസ്സുകളുമായി ഹൃദയങ്ങളെ നുറുക്കുന്ന അനാരോഗ്യപര മായ സ്മരണകൾപേറി  ഇരുണ്ട വിഹ്വലതകളിലേക്കല്ല, മറിച്ച് നമ്മൾ മറ്റുള്ളവരോട് തുറവിയും ആർജവവും ഉള്ളവരാവുമ്പോൾ മഹാനായ ആ ആഖ്യാതാവിന്റെ അതേ അപാര വീക്ഷണ സംവിധാനത്തിലേക്കാണ് നമ്മൾ നടന്നടുക്കുന്നത്. നമ്മുടെ കഥകൾ ദൈവപിതാവിനോട് ദിനം തോറും പങ്കുവയ്ക്കുന്നത് ഒരിക്കലും പ്രയോജനശൂന്യമാവുന്നില്ല. സംഭ വങ്ങളുടെ കുറിപ്പടികൾ ഒന്നായിരിക്കുമെങ്കിലും അവയുടെ അർഥത ലങ്ങളും വീക്ഷണ കാഴ്ചപ്പാടുകളും പലപ്പോഴും മാറിക്കൊണ്ടേയിരി ക്കും. നമ്മുടെ കഥകൾ നമ്മൾ ദൈവപിതാവിനോട് പങ്കുവയ്ക്കുമ്പോൾ നമ്മളോടു മറ്റുള്ളവരോടു ആർദ്രചിത്തനായ അവിടുത്തെ അവലോ കന ദൃഷ്ടിയിലേക്ക് നമ്മൾ കടന്നു ചെല്ലുകയാണ്. നമ്മുടെ ജീവിത സാഹചര്യങ്ങളും അതിലൂടെ കടന്നുവന്നു നമ്മുടെ ജീവിത പൂർത്തീ കരണത്തിന് സഹായിക്കുന്ന മറ്റുള്ളവരെയും ദൈവപിതാവിങ്കലേക്ക് കൊണ്ടുവരുമ്പോൾ നമ്മുടെ ജീവിതകഥ തന്നെയാണ് വർണ്ണിച്ചു നല്കു ന്നത്. അങ്ങനെ ചെയ്യുമ്പോൾ ജീവിത സമരങ്ങളിൽപ്പെട്ട് നിറവും മറ്റും മങ്ങിപ്പോയ തമ്മിലടുപ്പം കുറഞ്ഞുപോയ നൂലിഴബന്ധങ്ങൾക്ക് പുതി യൊരു ഉണർവും ശോഭയും ശക്തിബന്ധങ്ങളും ലഭിക്കുന്നു. നമുക്കെ ത്രയോ അത്യാവശ്യമാണ് ഈ രീതിയിലുള്ള ഒരു നവോർജ സംവിധാ നം.

ആത്യന്തികമായ വീക്ഷണം പാടവമുള്ള ആ മഹാ ആഖ്യാതാ വിന്റെ അതേ അവലോകന ദൃഷ്ടി സ്വായത്തമാക്കി നമ്മുടെ ദൈനം ദിന ജീവിതയാത്രയിലെ സഹജരായ നമ്മുടെ കഥകളിലെ മറ്റ് അഭിനേ താക്കളായ സഹോദരീ സഹോദരന്മാരുടെ അടുത്തെത്താം. കാരണം, ഏവരുടെയും കഥകൾ എപ്പോൾ വേണമെങ്കിലും  മാറിമറിയാം. ഈ ലോകഭൂമിയിൽ ആരും തന്നെ ഒരിക്കലും അധികപറ്റാകുന്നില്ല. ഹീന കരമായ വിനാശത്തെക്കുറിച്ച് എപ്പോഴെല്ലാം പ്രതിപാദിക്കുമ്പോഴും ഒരു വീണ്ടെടുപ്പു മോചനത്തിനുള്ള ഇടം ഒഴിച്ചിടാം. തിന്മകളുടെ നടുവിലും നന്മയെ മനസ്സിലാക്കി അതിന്റെ പദ്ധതിക്കായി ഒരിടം ഒഴിച്ചിടാം.

ആയതിനാൽ നമ്മുടെ ജീവിതം, വെറുതെ ഒരു കഥപറച്ചിലായോ സ്വയം പരസ്യപ്പെടുത്താനായുള്ള ഒരു അവസരമായോ മാത്രമല്ല, മറിച്ച് ദൈവപിതാവിന്റെ മുമ്പിൽ നമ്മൾ ആരാണെന്നും എന്താണെന്നും പരി

ശുദ്ധ അരൂപി നേരിട്ട് നമ്മുടെ ഹൃദയങ്ങളിലെ ആഴങ്ങളിൽ എന്താണോ ലിഖിതം ചെയ്തത് അത് സാക്ഷ്യപ്പെടുത്തിയുള്ള താന്താങ്ങളുടെ കതകളിൽ ഉൾപ്പെട്ടിട്ടുള്ള വിശിഷ്ടമായ എല്ലാം മറ്റുള്ളവർക്ക് തുറന്നുകാണിച്ചു കൊടുക്കുന്നതാവാണം നമ്മുടെ ജീവിതം. ദൈവപിതാവിന്റെ മനുഷ്യത്വം തന്നെ തന്റെ ഉദരത്തിൽ നെയ്തുകൂട്ടി, ഇതിനായി നിയോഗിക്കപ്പെട്ട ഒരു മാതാവിന്റെ അടുക്കൽ നമ്മളെ തന്നെ ഭരമേൽപിക്കാം. കാരണം പരിശുദ്ധ മറിയം ഇവയെല്ലാം ഹൃദയത്തിൽ സംഗ്രഹിച്ച് ഗാഢമായി ചിന്തിച്ചുകൊണ്ടിരുന്നു(ലൂക്കാ 2 : 9). ജീവിതത്തിന്റെ എത്ര വലിയ കെട്ടുപാടുകളും സ്നേഹത്തിന്റെ സൗമ്യ ശക്തിയാൽ അഴിച്ചുമാറ്റാൻ കെല്പുള്ള അതേ മാതാവിൽ നിന്നും നമുക്ക് സഹായമഭ്യർത്ഥിക്കാം.

ഓ മാതാവും സ്ത്രീയുമായ മറിയമേ, ദൈവവചനം നീ നിന്റെ ഉദരത്തിൽ നെയ്തുകൂട്ടിയല്ലോ. ദൈവത്തിന്റെ മഹനീയ വേലകളെ നീ നിന്റെ ജീവിത ചരിത്രം കൊണ്ടു തന്നെ വിവരിച്ച് വർണ്ണിച്ചല്ലോ. വേറെയാരും കേൾക്കാനാഗ്രഹിക്കാത്ത ഞങ്ങളുടെ കഥകൾ നീ നിന്റെതാക്കണമെ. ഞങ്ങളുടെ കഥകൾ നീ നിന്റെ ഹൃദയത്തിൽ സ്വീകരിക്കണമേ. ചരിത്രത്തിലെ നല്ല ഇഴകളെ തിരിച്ചറിയാൻ നീ ഞങ്ങളെ പരിശീലിപ്പിക്കണമേ. ഓർമ്മകളെപ്പോലും മരവിപ്പിക്കുന്ന ഞങ്ങളുടെ ജീവിതത്തിലെ കെട്ടുപാടുകളെ നീ കാണേണമേ. സൗമ്യവും ആർദ്രവും ആയ നിന്റെ കരങ്ങളാൽ ഏത് കെട്ടുപാടുകളും അഴിച്ചെടുക്കാമല്ലോ. അരൂപിയുള്ള സ്ത്രീയേ, വിശ്വാസത്തിന്റെ മാതാവേ, ഞങ്ങളെയും ഉദ്ബോധിപ്പിക്കണമേ. സമാധാനത്തിലൂന്നിയ ഭാവിയിലേക്കടുപ്പിക്കുന്ന കഥകൾ മെനഞ്ഞെടുക്കാൻ ഞങ്ങളെ എപ്പോഴും സഹായിക്കണേ. അവയെല്ലാം ഒരുമിച്ച് ജീവിക്കുന്നതെങ്ങനെയെന്നും ഞങ്ങളെ പരിശീലിപ്പിക്കണമേ.

**Pope Francis**

24.01.2020

Rome, Basilika of St. John Latarane

Feast day of St.Francis di Salas

# രൂപതാകാര്യാലയം

**1) Pope's Monthly Intention for July 2020**

**"ആധുനിക കുടുംബങ്ങളിൽ കുടുംബാംഗങ്ങൾ തമ്മിൽ പരസ്പര സ്നേഹവും ബഹുമാനവും മാർഗ്ഗ നിർദേശവും പ്രകടിപ്പിക്കുന്നതിനായി നമുക്ക് പ്രാർത്ഥിക്കാം".**

**2) ഓർമ്മിക്കേണ്ട ദിവസങ്ങൾ**

**3. മാർ തോമാശ്ലീഹായുടെ ദുക്റാനത്തിരുനാൾ**

- ആദ്യവെള്ളി

5. ശ്ലീഹാ ആറാം ഞായർ

11. ശ്ലീഹാ ആറാം ശനി - **വി. ബനഡിക്ട്**

12. ശ്ലീഹാ ഏഴാം ഞായർ

15. ശ്ലീഹാ ഏഴാം ബുധൻ -

**വി.കുര്യാക്കോസും വി. ജുലിറ്റായും**

16. ശ്ലീഹാ ഏഴാം വ്യാഴം - **കർമ്മലമാതാവ്**

17. ശ്ലീഹാ ഏഴാം വെള്ളി

- കർത്താവിന്റെ എഴുപത് ശിഷ്യന്മാർ

**കൈത്താക്കാലം**

19. കൈത്താ ഒന്നാം ഞായർ

**-പന്ത്രണ്ടു ശ്ലീഹന്മാരുടെ തിരുനാൾ**

22. കൈത്താ ഒന്നാം ബുധൻ - **വി.മഗ്ദലേന മറിയം**

24. കൈത്താ ഒന്നാം വെള്ളി -

**നിസിബിസിലെ വി.യാക്കോബ്**

25. കൈത്താ ഒന്നാം ശനി - **വി. യാക്കോബ് ശ്ലീഹാ**

**വി. യോവാക്കിമും വി. അന്നായും**

26. കൈത്താ രണ്ടാം ഞായർ

28. കൈത്താ രണ്ടാം ചൊവ്വ

**വി. അൽഫോൻസ**

29. കൈത്താ രണ്ടാം ബുധൻ

**വി. മർത്താ**

31. കൈത്താ രണ്ടാം വെള്ളി

**മാർ അദ്ദായിയുടെ ശിഷ്യൻ മാർ മാറി**
**വി. ഇഗ്നേഷ്യസ് ലയോള**

**3) നന്ദി**

നമ്മുടെ അഭിവന്ദ്യ പിതാവ് വിദേശ യാത്ര കഴിഞ്ഞ് സുരക്ഷിതമായി തിരിച്ചെത്തി. ഇപ്പോൾ സുഖമായിരിക്കുന്നു. അഭിവന്ദ്യ പിതാവിനുവേണ്ടി പ്രാർത്ഥിച്ച എല്ലാവർക്കും ഹൃദയംനിറഞ്ഞ നന്ദി അറിയിക്കുന്നു.

**4) നന്ദിയുടെ നറുമലരുകൾ**

കൂട്രുപ്പാടി, പദാവ്, മർദ്ദാള, എന്നീ ഇടവകകളിൽ 2 മാസക്കാലവും, ബജഗോളി, മാളാചൗക്കി, കെർവാശെ എന്നീ ഇടവകകളിൽ 4 മാസക്കാലവും അസിസ്തേന്തിയായി സ്തുത്യർഹമായി സേവനം ചെയ്ത കപ്പൂച്ചിൻ സഭാംഗമായ ബഹു. ജോസഫ് പറമ്പനാട്ടച്ചനും മണിപ്പാൽ ഇടവകയിൽ കഴിഞ്ഞ 6 മാസക്കാലമായി അസിസ്തേന്തിയായി സ്തുത്യർഹമായി സേവനം ചെയ്ത കപ്പൂച്ചിൻ സഭാംഗമായ ബഹു. ജോർജ് കൈയിതമറ്റത്തിലച്ചനും രൂപത മുഴുവന്റെയും നന്ദിയും സ്നേഹവും അറിയിക്കുന്നതോടൊപ്പം, പുതിയ പ്രവർത്തന രംഗത്ത് ദൈവാനുഗ്രഹവും, വിജയങ്ങളും നേരുകയും ചെയ്യുന്നു.

രൂപതയുടെ വിശ്വാസപരിശീലനത്തിന്റെയും ചെറുപുഷ്പമിഷൻലീഗിന്റെയും കേന്ദ്ര കാര്യാലയത്തിൽ (ജ്ഞാനനിലയ) കഴിഞ്ഞ 2 വർഷക്കാലം സ്തുത്യർഹമായി സേവനം ചെയ്ത ബഹു. സിസ്റ്റർ ബിൻസി സി.എം.സി. ക്കും, രുപതയുടെ അജപാലന കേന്ദ്രത്തിൽ 3 വർഷക്കാലം സേവനം ചെയ്ത ബഹു. സിസ്റ്റർ ഡീന എസ്. എ.ബി.എസ്.നും, രൂപതാ കാര്യാലയത്തിൽ 3 വർഷക്കാലം സേവനം

ചെയ്ത ബഹു. സിസ്റ്റർ സൗമ്യ എഫ്.സി.സി. ക്കും നന്ദിയും പ്രാർത്ഥനാ മംഗളങ്ങളും പുതിയ പ്രവർത്തന മേഖലകളിൽ എല്ലാ വിധ വിജയങ്ങളും നേരുന്നു.

**5) സ്വാഗതം**

രുപതയുടെ അജപാലന കേന്ദ്രത്തിലേയ്ക്ക് (ജ്ഞാനനിലയ) പുതിയതായി സേവനത്തിനായി കടന്നുവന്നിരിക്കുന്ന ബഹു. സിസ്റ്റർ മേഴ്സിലിൻ എം.എസ്.എം.ഐ.ക്കും, രൂപതയുടെ വിശ്വാസ പരിശീലനത്തിന്റെയും ചെറുപുഷ്പമിഷൻലീഗിന്റെയും കേന്ദ്ര കാര്യാലയത്തിൽ സേവനത്തിനായി കടന്നുവന്നിരിക്കുന്ന ബഹു. സിസ്റ്റർ ദീപ എഫ്.സി.സി.ക്കും, രൂപതാ കൂരിയായിൽ പുതിയതായി സേവനത്തിനായ് കടന്നു വന്നിരിക്കുന്ന ബഹു. സിസ്റ്റർ സിൽവിയ സി.എം.സി.ക്കും സ്വാഗതം ആശംസിക്കുന്നതോടൊപ്പം പുതിയ പ്രവർത്തന മേഖലകളിൽ എല്ലാവിധ വിജയങ്ങളും നേരുന്നു!

**6) Let us pray for Rev., Priests :**

**Birth Day : July**

| | | |
|---|---|---|
| Rev. Fr. Paikatt Devasya | - | 7 |
| Rev. Fr. Vettuvazhy Kuriakose | - | 11 |
| Rev. Fr. Ambattu Mathew | - | 22 |
| Rev. Fr. Parambukattil Jacob | - | 24 |

**Feast Day: July**

| | | |
|---|---|---|
| Rev. Fr. Kannamkal Thomas | - | 03 |
| Rev. Fr. Kallikat Thomas | - | 03 |
| Rev. Fr. Parekattil Thomas | - | 03 |
| Rev. Fr. Kallupuraparambil Thomas | - | 03 |
| Rev. Fr. Panachickal Thomas | - | 03 |
| Rev. Fr. Pullattu Thomas | - | 03 |
| Rev. Fr. Puthiyara Thomas | - | 03 |

| | | |
|---|---|---|
| Rev. Fr. Vettuvazhy Kuriakose | - | 15 |
| Rev. Fr. Parambukattil Jacob | - | 25 |
| Rev. Fr. Chengemcherril Jacob CMI | - | 25 |

**6) Transfers and Appointments :**

| Names & Surname | Parishes | Designation |
|---|---|---|
| Rev. Fr. Vellachalil Mathew | Kalmakki, Maddiodi & Shirur | Asst.Vicar |

**7) പിരിവ് :** സഭാദിനം - 3rd July 2020

**Fr. Lawrence Poonolil**
Chancellor

# വിശ്വാസ പരിശീലന രംഗം

**"സത്യം സത്യമായി ഞാൻ നിങ്ങളോടു പറയുന്നു, ഗോതമ്പുമണി നിലത്തുവീണ് അഴിയുന്നില്ലെങ്കിൽ അത് അതേപടിയിരിക്കും. അഴിയുന്നെങ്കിലോ അതു വളരെ ഫലം പുറപ്പെടുവിക്കും." - (യോഹ 12:24)**

## പുതിയ അധ്യയനവർഷം ഉദ്ഘാടനം

2020-21 അധ്യയന വർഷം ഉദ്ഘാടനം ചെയ്യപ്പെട്ടത് കുടുംബങ്ങളിൽവച്ചാണ്. അഭിവന്ദ്യ പിതാവിന്റെ നിർദ്ദേശപ്രകാരം ജൂൺ 7 ാം തിയതി കുടുംബങ്ങളിൽ മാതാപിതാക്കളും കുട്ടികളും ഒരുമിച്ചുചേർന്ന് തിരികൾ തെളിയിച്ച് പ്രാർത്ഥിച്ചുകൊണ്ട് പുതിയ അധ്യയന വർഷം ഉദ്ഘാടനം ചെയ്തു. അതിനുശേഷം മാതാപിതാക്കളുടെ മേൽനോട്ടത്തിൽ കുട്ടികൾ അവരുടെ ഭവനത്തിൽവച്ചുതന്നെ വേദപാഠ പരീക്ഷ എഴുതി. ഇതിനുവേണ്ട എല്ലാ ക്രമീകരണങ്ങളും നടത്തിയ ബഹു. വികാരി അച്ചൻമാർക്കും, സിസ്റ്റേഴ്സിനും, പ്രധാന അധ്യാപകർക്കും, എല്ലാ മതാധ്യാപകർക്കും, മാതാപിതാക്കൾക്കും പ്രത്യേകം നന്ദി അറിയിക്കുന്നു.

## വിശ്വാസ പരിശീലന ക്ലാസ്സുകളുടെ ആരംഭം

ഈ അധ്യയനവർഷത്തിലെ വിശ്വാസ പരിശീലന ക്ലാസ്സുകൾ ജൂൺ 14 ാം തിയതി കുടുംബങ്ങളിൽ ആരംഭിച്ചു. കോവിഡ് 19 എന്ന മഹാമാരിമൂലം നാമെല്ലാവരും സ്വഭവനങ്ങളിലായിരിക്കുന്ന ഈ പ്രത്യേക സാഹചര്യത്തിൽ നമ്മൾ സ്വഭവനങ്ങളിൽത്തന്നെ വിശ്വാസ പരിശീലനം ആരംഭിക്കുവാൻ കാരണം അതിന്റെ പ്രാധാന്യം അത്രമാത്രം ഉള്ളതുകൊണ്ടാണ്. പലരും ഇതിനെക്കുറുച്ച് തങ്ങളുടെ സന്തോഷം അറിയിക്കുകയും ചെയ്തു.

ചുരുക്കം ചില ഇടവകകളൊഴികെ ബാക്കി എല്ലാ ഇടവകകളിലും കൃത്യം സമയത്തുതന്നെ ഭവനങ്ങളിൽ വിശ്വാസപരിശീലനം ആരംബിച്ചതിൽ സന്തോഷമുണ്ട്. ചില ഇടവകകളിൽ അന്നേദിവസം ഇതിനുള്ള ഒരുക്കങ്ങളാണ് നടന്നത്. എല്ലാ ഭവനങ്ങളിലും ക്ലാസ്സുകൾ നന്നായി നടക്കട്ടെ എന്ന് പ്രാർത്ഥിക്കുന്നു.

"**കുടുംബ വിശ്വാസ പരിശീലനം**" എന്ന ആശയമാണ് നമ്മൾ നടപ്പിലാക്കിയിരിക്കുന്നത്. ഇതുകൊണ്ട് ഉദ്ധേശിക്കുന്നത് ഗാർഹിക സഭയായ കുടുംബത്തിൽ മാതാപിതാക്കൾ തങ്ങളുടെ കുട്ടികൾക്ക് വിശ്വാസപരി

ശീലനം നടത്തുക. അഭിവന്ദ്യ പിതാവ് തന്റെ വീഡിയോ സന്ദേശത്തിൽ ഇതിനെക്കുറിച്ച് വിവരങ്ങൾ നൽകിയിട്ടുണ്ട്. കുടുംബങ്ങളിൽ വിശ്വാസപരിശീലനം ഇന്നിന്റെ അത്യാവശ്യമാണെന്ന വസ്തുത മനസ്സിലാക്കിക്കൊണ്ട് അഭിവന്ദ്യ പിതാവിന്റെ നിർദ്ദേശപ്രകാരം നമ്മൾ കുടുംബങ്ങളിൽ വിശ്വാസ പരിശീലനം ആരംഭിച്ചിരിക്കുന്നു.

ആദ്യമൊക്കെ പലർക്കും ആശയക്കുഴപ്പങ്ങൾ ഉണ്ടായിരുന്നെങ്കിലും രൂപതാകേന്ദ്രത്തിൽനിന്നും വ്യക്തമായ നിർദ്ദേശങ്ങളും സ്റ്റഡി മറ്റീരിയൽസും ലഭിച്ചപ്പോൾ നല്ല രീതിയിൽ ക്ലാസ്സ് നടത്താൻ സാധിക്കുന്നുണ്ട് എന്ന് അറിയുന്നതിൽ സന്തോഷമുണ്ട്. ഞായറാഴ്ച രാവിലെ 10.00 മണി മുതൽ 11.30 വരെയാണ് ക്ലാസ്സിന്റെ സമയം. ഈ സമയം മാതാപിതാക്കൾ കുട്ടികളോടൊപ്പം ആയിരുന്നുകൊണ്ട് പഠനത്തിൽ അവരെ സഹായിക്കണം. കുട്ടികളുടെ കയ്യിൽ പാഠപുസ്തകം ഉണ്ടായിരിക്കണം. രൂപതാ വിശ്വാസ പരിശീലന കേന്ദ്രത്തിൽനിന്നും പഠന സഹായി കന്നഡയിലും മലയാളത്തിലും പിഡിഎഫ് ആയി അയച്ചുകൊടുക്കുന്നുണ്ട്. അതോടൊപ്പം വീഡിയോ ക്ലാസ്സുകൾ മലയാളത്തിലും കന്നഡയിലും ലഭ്യമാക്കുന്നുണ്ട്. ഇവയെല്ലാം ഉപയോകപ്പെടുത്തിക്കൊണ്ട് കുട്ടികൾ രണ്ട് ആഴ്ചയിൽ ഒരു പാഠംവീതം പഠിക്കുകയും പഠനസഹായിയുടെ അവസാനം നൽകിയിരിക്കുന്ന ചോദ്യങ്ങൾക്കും അതുപോലെ ഓരോ പാഠത്തിന്റെയും അവസാനം നൽകിയിരിക്കുന്ന ചോദ്യങ്ങൾക്കും ഉത്തരം എഴുതി തങ്ങളുടെ ക്ലാസ്സിലെ അധ്യാപകരെ ഏൽപ്പിക്കേണ്ടതാണ്. മലയാളത്തിലുള്ള ക്ലാസ്സുകൾ എറണാകുളം അധിരൂപത തയ്യാറാക്കിയവയാണ്. കന്നഡയിൽ നമ്മുടെ അധ്യാപകർ വീഡിയോ ക്ലാസ്സുകൾ നൽകുന്നതനുസരിച്ച് നിങ്ങൾക്ക് ലഭ്യമാക്കുന്നതാണ്. അധ്യാപകർ ഈ കാര്യത്തിൽ കൂടുതൽ താൽപ്പര്യം എടുത്ത് വീഡിയോ ക്ലാസ്സുകൾ തയ്യാറാക്കി നൽകണമെന്ന് അഭ്യർത്ഥിക്കുന്നു.

## സുറിയാനി ഭാഷാ പഠനക്ലാസ്

ജൂൺ 21 ാം തിയതിമുതൽ സുറിയാനി ഭാഷ പഠിക്കുവാൻ താൽപ്പര്യമുള്ളവർക്കുവേണ്ടി ഒരു വാട്സ് ആപ്പ് ക്ലാസ്സ് തുടങ്ങി. ഒരു ദിവസം ഒരു അക്ഷരം പഠിക്കാം എന്ന രീതിയിലാണ് ക്രമീകരിച്ചിരിക്കുന്നത്. സിസ്റ്റേഴ്സും, അധ്യാപകരും, കുട്ടികളും ഈ കോഴ്സിൽ ചേർന്നു പഠിക്കുന്നു.

## നന്ദിയും സ്വാഗതവും

കഴിഞ്ഞ രണ്ടു വർഷമായി മതബോധന കേന്ദ്രത്തിൽ സ്തുത്യർഹമായ സേവനം അനുഷ്ടിച്ചതിനു ശേഷം ഗുത്തിഗാർ ഇടവകയിലേക്ക് സ്ഥലം മാറിപ്പോകുന്ന സിസ്റ്റർ ബിൻസി മാത്യു സി.എം. സി. ക്ക് നന്ദിയും മുമ്പോട്ടുള്ള ശുശ്രൂഷാ ജീവിതത്തിന് എല്ലാ വിധ പ്രാർത്ഥനാശംസകളും സ്നേഹത്തോടെ നേരുന്നു.

പുതിയതായി വിശ്വാസപരിശീലന കേന്ദ്രത്തിൽ സേവനമനുഷ്ഠിക്കുവാൻ കടന്നുവന്നിരിക്കുന്ന ബഹു. സിസ്റ്റർ ദീപ എഫ്.സി.സി. ക്ക് സ്വാഗതം ആശംസിക്കുന്നതിനോടൊപ്പം എല്ലാ വിധ നന്മകളും പ്രാർത്ഥനാശംശകളും നേരുന്നു.

നമ്മുടെ അജപാലന കേന്ദ്രത്തിൽ കഴിഞ്ഞ മൂന്നു വർഷക്കാലമായി സ്തുത്യർഹമായ സേവനം അനുഷ്ഠിച്ചതിനുശേഷം കേരളത്തിലെ കാസർഗോടു മഠത്തിലേക്ക് സ്ഥലം മാറിപ്പോകുന്ന സിസ്റ്റർ ഡീനാ എസ്.എ.ബി.എസ്. നും രൂപതയുടെ നന്നിയും പ്രാർത്ഥനാശംസകളും അറിയിക്കുന്നു. പുതിയതായി അജപാലന കേന്ദ്രത്തിലേക്ക് സേവനത്തിനായി കടന്നുവന്നിരിക്കുന്ന സിസ്റ്റർ മേഴ്സിലിൻ എം.എസ്.എം.ഐ. ക്ക് പ്രത്യേകമായി സ്വാഗതവും എല്ലാ വിധ നന്മകളും ആശംസിക്കുന്നു.

അഭിവന്ദ്യ പിതാവ് സുറക്ഷിതമായി തിരിച്ചെത്തി. ക്വാരന്റെൻ കഴിഞ്ഞു, ഇപ്പോൾ സുഖമായിരിക്കുന്നു. പിതാവിനുവേണ്ടി പ്രാർത്ഥിച്ച എല്ലാവർക്കും നന്ദി.

## ചെറുപുഷ്പ മിഷൻലീഗ്

കോവിഡ്-19 മഹാമാരിയോടനുബന്ധിച്ചു ലോക്ക്ഡൗൺ മൂലം നമ്മുടെ മിഷൻലീഗ് പ്രവർത്തനവർഷത്തിന്റെ ഉദ്ഘാടനം വൈകിയിരിക്കുകയാണ്. ജൂലൈ 4ാം തിയതി നമുക്ക് നമ്മുടെ ഭവനങ്ങളിൽവച്ചു തന്നെ മിഷൻലീഗ് പ്രവർത്തന വർഷം ഉൽഘാടനം ചെയ്യാം. അഭിവന്ദ്യ പിതാവ് അന്നേ ദിവസം നമുക്കുവേണ്ടി സന്ദേശം നൽക്കുന്നതായിരിക്കും. അന്നേദിവസം വേദപാഠ ക്ലാസ്സുകൾ ആരംഭിക്കുന്നതിനു മുമ്പ് രൂപക്കൂടിനു മുമ്പിൽ തിരികൾ കത്തിച്ച് മിഷൻലീഗ് അംഗങ്ങ

ളുടെ അനുദിന പ്രാർത്ഥന ചൊല്ലണം. മാതാപിക്കളുടെ സാന്നിദ്ധ്യം ഏറെ അഭികാമ്യമാണ്. പ്രാർത്ഥനക്കുശേഷം മിഷൻ ആന്തം പാടാം.

ജൂലൈ 5 മുതൽ ഒരു ദിവസം ഒരു പുണ്യപ്രവർത്തിയെങ്കിലും ചെയ്യുകയും അത് കോവിഡ് - 19 ഈ ലോകത്തിൽനിന്നും അകറ്റപ്പെടുന്നതിനുവേണ്ടി കാഴ്ചവയ്ക്കുകയും ചെയ്യുക. നിങ്ങൾ ചെയ്യുന്ന നന്മ പ്രവർത്തികൾ വചനഡയറിയിൽ കുറിച്ചുവയ്കുകയും റെഗ്ഗുലർ ക്ലാസ്സുകൾ തുടങ്ങുമ്പോൾ അധ്യാപകരെ കാണിച്ചു ഒപ്പ് വാങ്ങിക്കുകയും ചെയ്യുക.

അതുപോലെ ലോക്ക്ഡൗൺ കാലത്ത് നമ്മൾ പഠിച്ച 23, 51, 91 എന്നീ സംഗീർത്തനങ്ങളിൽ ഒന്ന് എല്ലാ ദിവസവും ചൊല്ലി തിരുസഭക്കുവേണ്ടിയും നമ്മുടെ രാജ്യത്തിനുവേണ്ടിയും കാഴ്ചവയ്ക്കാം.

## ജൂലൈ മാസത്തിലെ ടാസ്ക്

5 മുതൽ 8 വരെ ക്ലാസ്സുകളിൽ പഠിക്കുന്ന കുട്ടികൾ വി. അൽഫോൻസാമ്മയെക്കുറിച്ചും 9 മുതൽ 12 വരെ ക്ലാസ്സുകളിൽ പഠിക്കുന്ന കുട്ടികൾ വി. തോമ്മാശ്ലീഹായെക്കുറുച്ചും മൂന്നു മിനിറ്റിൽ കവിയാത്ത ഒരു പ്രസംഗം പറഞ്ഞ് വീഡിയോ എടുക്കുക. അതിനു സാധിക്കാത്തവർ രണ്ടു പേജിൽ കവിയാതെ ഒരു ഉപന്യാസം തയ്യാറാക്കുക. ഇടവകാ തലത്തിൽ വിലയിരുത്തി ഏറ്റവും നല്ല 5 പ്രസംഗവും 5 ഉപന്യാസവും ഫൊറോനാ സി. എം. എൽ. കമ്മിറ്റിയിലേക്ക് അയക്കുക. ഓരോ ഫൊറോനയിലും അതു വിലയിരുത്തി ഏറ്റവും നല്ല 5 പ്രസംഗവും 5 ഉപന്യാസവും രൂപതയിലേക്ക് അയച്ചുതരിക. ഏറ്റവും നല്ല 5 പ്രസംഗത്തിനും 5 ഉപന്യാസത്തിനും രൂപതാ തലത്തിൽ സമ്മാനം നൽക്കുന്നതായിരിക്കും.

ജൂലൈ 20 നു മുമ്പായി ഫൊറോനയിലും ജൂലൈ 30 നുള്ളിൽ രൂപതയിലും എത്തിക്കേണ്ടതാണ്. അയച്ചുതരേണ്ട വാട്സ് ആപ്പ് നമ്പർ: 9448858925, 9008376409.

## തിരുബാലസഖ്യം

തിരുബാലസഖ്യം കുട്ടികൾ ജൂലൈ 5 ാം തിയതി സ്വഭവനത്തിൽ തിരികൾ കത്തിച്ച് ഒരു സ്വർഗ്ഗസ്ഥനായ ഒരു നന്മനിറഞ്ഞ ചൊല്ലി ഈ വർഷത്തെ നിങ്ങളുടെ വ്രവർത്തനങ്ങൾ ആരംഭിക്കുക. മാതാപിതാക്കൾ അവരെ ഇതിനായി സഹായിക്കണം. തിരുബാലസഖ്യം കുട്ടികൾ എല്ലാ ദിവസവും ഒരു നല്ല കാര്യം ചെയ്യുകയും അത് ഉണ്ണീ

ശോയ്ക്ക് കാഴ്ച്ചവച്ചുകൊണ്ട് വീട്ടിലുള്ള എല്ലാവർക്കുവേണ്ടി പ്രാർത്ഥിക്കുകയും ചെയ്യുക. മാതാപിതാക്കൾ ഈ കാര്യങ്ങൾ ശ്രദ്ധിക്കുകയും അന്വേഷിക്കുകയും ചെയ്യണം.

## തിരുബാലസഖ്യം കുട്ടികൾക്ക് ജൂലൈ മാസത്തിലെ ടാസ്ക്ക്

**ഫാൻസി ഡ്രെസ്സ്:** വി. അൽഫോൻസാമ്മ അഥവാ വി. തോമ്മാശ്ലീഹാ. അഭിനയം ആകാം പക്ഷെ സംസാരം പാടില്ല. 15 സെക്കന്റിൽ കവിയാത്ത വീഡിയോ ആക്കുക. ഇടവകാ തലത്തിൽ മൂല്യനിർണ്ണയം നടത്തി ഏറ്റവും മികച്ച 5 വീഡിയോകളെ ഫൊറോനാ തിരുബാലസഖ്യ കമ്മിറ്റിയിലേക്ക് അയച്ചുകൊടുക്കുക. ഓരോ ഫൊറോനയിൽനിന്നും തങ്ങൾക്കു ലഭിച്ചവയിൽനിന്നും ഏറ്റവും നല്ല 5 വീഡിയോകൾ രൂപതയിലേക്ക് അയച്ചുതരിക. രൂപതാ തല്ത്തിൽ മികച്ച 5 പേർക്ക് സമ്മാനങ്ങൾ നൽക്കുന്നതായിരിക്കും. ജൂലൈ 20 നു മുമ്പായി ഫൊറോനയിലും ജൂലൈ 30 നുള്ളിൽ രൂപതയിലും എത്തിക്കേണ്ടതാണ്. അയച്ചുതരേണ്ട വാട്സ് ആപ്പ് നമ്പർ: 9448858925, 9008376409.

**ഫാ. ജോസഫ് മറ്റം**
ഡയറക്റ്റർ
വിശ്വാസപരിശീലന കേന്ദ്രം, ബെൽത്തംഗഡി

# ಸಮಾಜ ಸೇವಾ ವಿಭಾಗ

**ನವಜೀವನ ಹೆಚ್.ಐ.ವಿ./ಏಡ್ಸ್ ಆರೈಕೆ ಮತ್ತು ಬೆಂಬಲ ಕಾರ್ಯಕ್ರಮ**

ಡಿ.ಕೆ.ಆರ್.ಡಿ.ಎಸ್. (ರಿ) ಸಂಸ್ಥೆಯು ಹೆಚ್.ಐ.ವಿ ಸೋಂಕಿತ ಮತ್ತು ಭಾದಿತರಿಗೋಸ್ಕರ ಆರೈಕೆ ಮತ್ತು ಬೆಂಬಲ ನೀಡುವ ಕಾರ್ಯಕ್ರಮವನ್ನು ನಡೆಸುತ್ತಿದ್ದು 80 ಹೆಚ್.ಐ.ವಿ. ಸೋಂಕಿತ ವ್ಯಕ್ತಿಗಳು, 30 ಸೋಂಕಿತ ಮಕ್ಕಳು ಹಾಗೂ 60 ಭಾದಿತ ಮಕ್ಕಳಿಗೆ ಮಾನಸಿಕ ಸ್ಥೈರ್ಯ ನೀಡುವ ಕಾರ್ಯವನ್ನು ಮಾಡುತ್ತಿದೆ.

ಅನ್ನಾ ಕಲೆಕ್ಷನ್ಸ್ ಮಾಲಕರಾದ ಶ್ರೀ ಸೆಬಾಸ್ಟಿಯನ್ ಪಿ.ಸಿ ಹಾಗೂ ವಿನ್ಸೆಂಟ್ ಡಿ ಪಾವ್ಲ್ ಸೊಸೈಟಿ ತೋಟತ್ತಾಡಿ ಏರಿಯಾ ಕೌನ್ಸಿಲ್ ವತಿಯಿಂದ ಹೆಚ್.ಐ.ವಿ. ಸೋಂಕಿತ ಮತ್ತು ಭಾದಿತ ಮಕ್ಕಳಿಗೆ ಹೊಸ ಬಟ್ಟೆಯನ್ನು ನೀಡಿ ಸಹಕರಿಸಿದ್ದಾರೆ.

**ಕಾರಿತಾಸ್ ಇಂಡಿಯಾ ಕಾರ್ಯತಂತ್ರ ಯೋಜನೆ**

ದಿನಾಂಕ 22.06.2020 ಹಾಗೂ 23.06.2020 ರಂದು ಕಾರಿತಾಸ್ ಇಂಡಿಯಾ ನವದೆಹಲಿ ವತಿಯಿಂದ ವಿಡಿಯೋ ಕಾನ್ಫರೆನ್ಸ್ ಮೂಲಕ ತರಬೇತಿಯನ್ನು ಆಯೋಜಿಸಿದ್ದರು. ಧರ್ಮಪ್ರಾಂತ್ಯ ಮಟ್ಟದಲ್ಲಿ ಪ್ರಮುಖ 4 ಕಾರ್ಯತಂತ್ರ ಸ್ತಂಭಗಳಾದ ಸಬಲೀಕರಣ ಪ್ರೇರಣೆ, ಸಂವಾದ, ಸ್ವಯಂಸೇವೆ ಮತ್ತು ಉದಾತ್ತ ಸಮುದಾಯ ವಿಚಾರಗಳನ್ನು ಅಳವಡಿಸಿಕೊಂಡು ಸಮುದಾಯದ ಅಭಿವೃದ್ಧಿಗೆ ಶ್ರಮಿಸುವ ಬಗ್ಗೆ ಸಂಪನ್ಮೂಲ ವ್ಯಕ್ತಿಗಳಾದ ಶ್ರೀ ಕಿಲೇಶ್‌ರವರು ಮಾಹಿತಿ ನೀಡಿದರು. ಪ್ರತೀ ಧರ್ಮಪ್ರಾಂತ್ಯ ಮಟ್ಟದಲ್ಲಿ ಕಾರ್ಯ ಯೋಜನೆ ರೂಪಿಸಲಾಯಿತು.

**ಮಹಿಳಾ ಸಶಕ್ತತಾ ಕಾರ್ಯಕ್ರಮ**

ಮಿಸೆರಿಯೋರ್ ಪ್ರಾಯೋಜಿತ ಮಹಿಳಾ ಸಶಕ್ತತಾ ಕಾರ್ಯಕ್ರಮವು ಕ್ರಾಸ್ ಸಂಸ್ಥೆಯ ನೇತೃತ್ವದಲ್ಲಿ ಡಿ.ಕೆ.ಆರ್.ಡಿ.ಎಸ್. ಸಂಸ್ಥೆಯ ಮೂಲಕ ಬೆಳ್ತಂಗಡಿ, ಪುತ್ತೂರು ಮತ್ತು ಕಡಬ ತಾಲೂಕುಗಳ 30 ಆಯ್ದ ಗ್ರಾಮಗಳಲ್ಲಿ ವ್ಯಾಪಿಸಿದೆ. ಒಟ್ಟು 123 ಮಹಿಳಾ ಸ್ವ-ಸಹಾಯ ಸಂಘಗಳು, 8 ಮಹಾಸಂಘಗಳು ಮತ್ತು 2 ನೋಂದಾಯಿತ ಒಕ್ಕೂಟಗಳು, 1 ಜಿಲ್ಲಾ ಒಕ್ಕೂಟ ಇವೆ. ಒಟ್ಟು 1,326 ಮಂದಿ ಸದಸ್ಯರು ಸ್ವ-ಸಹಾಯ ಸಂಘದ ಸದಸ್ಯತ್ವ ಪಡೆದಿದ್ದಾರೆ.

**ಸಂಘಗಳ ವಾರ್ಷಿಕ ಲೆಕ್ಕಪರಿಶೋದನೆ**

ದೇವಗಿರಿ, ಗಂಡಿಬಾಗಿಲು, ತೋಟತ್ತಾಡಿ, ಬೆಳ್ತಂಗಡಿ ವಲಯದ 19 ಮಹಿಳಾ ಸ್ವ-ಸಹಾಯ ಸಂಘಗಳ ಲೆಕ್ಕಪರಿಶೋದನೆ ಮಾಡಲಾಗಿದೆ. ವಾರ್ಷಿಕ ಲಾಭಾಂಶವನ್ನು ಪ್ರತಿ ಸದಸ್ಯರ ಉಳಿತಾಯಕ್ಕೆ ಸೇರ್ಪಡೆ ಮಾಡಲಾಗಿದೆ.

**ಕೋವಿಡ್–19 :ನೆರವು ಕಾರ್ಯಕ್ರಮ**

ಮಾರಕ ರೋಗದ ಪರಿಣಾಮದಿಂದ ಸಂಕಷ್ಟದಲ್ಲಿರುವ ಜನರ ಸಮಸ್ಯೆಗಳಿಗೆ ಸ್ಪಂಧಿಸುವ ನಿಟ್ಟಿನಲ್ಲಿ ಸಂಸ್ಥೆಯು ಚಿಂತನೆ ನಡೆಸುತ್ತಿದೆ. ಈ ನಿಟ್ಟಿನಲ್ಲಿ ಮಂಗಳೂರಿನ ಸ್ನೇಹ ಸಧನ ಕಾಮಿಲ್ಲಸ್ ಹೌಸ್‌ರವರ ಪ್ರಾಯೋಜಕತ್ವದಲ್ಲಿ ದಿನಾಂಕ 7.6.2020 ರಂದು ಉಡುಪಿ ಜಿಲ್ಲೆಯ ಕುಂದಾಪುರ ತಾಲೂಕಿನ ಮುದೂರು, ಬೀಸಿನಪಾರೆ, ಜಡ್ಕಲ್, ಮರ್ದ್ದೋಡಿ, ಬಾಡ, ತೂದಳ್ಳಿಯಲ್ಲಿ ಸುಮಾರು 350 ಆಹಾರ ಕಿಟ್‌ಗಳನ್ನು ಚರ್ಚ್ ಹಾಗೂ ಡಿ.ಕೆ.ಆರ್.ಡಿ.ಎಸ್.ನ ಸ್ವ–ಸಹಾಯ ಸಂಘಗಳಿಗೆ ಸ್ಥಳೀಯ ಧರ್ಮಗುರುಗಳ ಹಾಗೂ ಕಾರ್ಯಕರ್ತರ ಸಹಕಾರದಿಂದ ವಿತರಿಸಲಾಯಿತು. ಕೊಡಗು ಜಿಲ್ಲೆಯ ಹೆಗ್ಗಳ ವ್ಯಾಪ್ತಿಯ ವಿವಿಧ ಪ್ರದೇಶಗಳಿಗೆ 175 ಆಹಾರ ಕಿಟ್ಟುಗಳನ್ನು ವಿತರಿಸಲಾಗಿದೆ. ಜೊತೆಗೆ ಸಾಮಾಜಿಕ ಅಂತರ ಕಾಪಾಡುವ ಬಗ್ಗೆ ಹಾಗೂ ಮಾಸ್ಕ್‌ಗಳ ಬಳಕೆಯ ಬಗ್ಗೆ ಸಂಸ್ಥೆಯ ನಿರ್ದೇಶಕರು ಮಾಹಿತಿ ನೀಡಿದ್ದಾರೆ.

ಕೋವಿಡ್ ಸಂದರ್ಭದಲ್ಲಿ ಮಂಗಳೂರಿನ ಸ್ನೇಹ ಸಧನ ಕಾಮಿಲ್ಲಸ್ ಹೌಸ್‌ರವರ ಆರ್ಥಿಕ ಸಹಾಯದಿಂದ ಒಟ್ಟು ರೂ. 3,50,000/– ಮೊತ್ತದ ಆಹಾರ ಕಿಟ್‌ಗಳನ್ನು ಈವರೆಗೆ ವಿತರಿಸಲಾಗಿದೆ. ಅವರ ಸಂಸ್ಥೆಗೆ ನಾವು ಸದಾ ಆಭಾರಿಯಾಗಿದ್ದೇವೆ.

ಕೋವಿಡ್ ವೈರಸ್ ನಿಯಂತ್ರಣದ ನಿಟ್ಟಿನಲ್ಲಿ ಸಾರ್ವಜನಿಕ ಸ್ಥಳದಲ್ಲಿ ಮಾಸ್ಕ್ ಧರಿಸುವುದು ಕಡ್ಡಾಯವಾಗಿರುವುದರಿಂದ ಸಂಸ್ಥೆಯ ವತಿಯಿಂದ ಬಟ್ಟೆಯ ಮಾಸ್ಕ್ ತಯಾರಿಸುವ ಕಾರ್ಯವನ್ನು ಈಗಾಗಲೇ ಕೈಗೆತ್ತಿಕೊಳ್ಳಲಾಗಿದೆ. ಯಾರಿಗಾದರು ಇಂತಹ ಮಾಸ್ಕ್ ಬೇಕಾದಲ್ಲಿ ಸಂಸ್ಥೆಗೆ ತಿಳಿಸುವುದು ಹಾಗೂ ಬೇಡಿಕೆಗೆ ಅನುಗುಣವಾಗಿ ಅವುಗಳನ್ನು ಪೂರೈಸಲಾಗುವುದು.

**ನೆರೆ ಸಂತೃಸ್ತರಿಗೋಸ್ಕರ ವಸತಿ ಯೋಜನೆ**

ಕಾರಿತಾಸ್ ಇಂಡಿಯಾ ನವದೆಹಲಿ ಸಂಸ್ಥೆಯ ಮೂಲಕ ಬೆಂಗಳೂರು ಮಹಾ ಧರ್ಮಪ್ರಾಂತ್ಯದ ಆರ್ಥಿಕ ಸಹಕಾರದಿಂದ ಡಿ.ಕೆ.ಆರ್.ಡಿ.ಎಸ್ ಸಂಸ್ಥೆಯ ನೇತೃತ್ವದಲ್ಲಿ ಹಾಗೂ ವಿವಿಧ ಸಂಘಟನೆಗಳ ಸಹಕಾರದಲ್ಲಿ ಈ ಯೋಜನೆಯಲ್ಲಿ ಒಟ್ಟು 6 ಮನೆ ನಿರ್ಮಾಣ ಮಾಡುವ ಯೋಜನೆ ತಯಾರಿಸಲಾಗಿದೆ.

ಈಗಾಗಲೇ ಮುಂಡಾಜೆಯ ಶ್ರೀಮತಿ ಅನ್ನಮ್ಮರವರ ಮನೆಯ ಕಾಮಗಾರಿಯು ಪೂರ್ಣಗೊಂಡಿದ್ದು, ಮನೆಯು ಉದ್ಘಾಟನೆಗೊಂಡಿದೆ. ಈ ಮನೆ ನಿರ್ಮಾಣದ ನೇತೃತ್ವ ವಹಿಸಿದ ಮುಂಡಾಜೆ ಸಂತ ವಿನ್ಸೆಂಟ್ ಡಿ ಪಾವ್ಲ್ ಸೊಸೈಟಿ ಸಂಸ್ಥೆಗೆ ನಾವು ಧನ್ಯವಾದ ಅರ್ಪಿಸುತ್ತೇವೆ. ಇನ್ನು 5 ಮನೆಗಳ ನಿರ್ಮಾಣ ಕಾರ್ಯ ತ್ವರಿತ ಗತಿಯಲ್ಲಿ ನಡೆಯುತ್ತಿದೆ.

**Fr. Varkey Malikayil**
Director, DKRDS

# ഫാമിലി അപ്പസ്തോലേറ്റ്

**1. ബൈബിൾ ക്വിസ് :**

ദൈവവചനം ആഴത്തിൽ മനസ്സിലാക്കുവാൻവേണ്ടി ബൈബിൾ ക്വിസ് വി. മർക്കോസ്, തുടർന്ന് വി. ലൂക്കാ എഴുതിയ സുവിശേഷം മൂന്ന് അദ്ധ്യായങ്ങൾ വീതം ക്വിസ് മത്സരമായി നടത്തപ്പെട്ടു.

**ബൈബിൾ ക്വിസ് : 12** വി. മർക്കോസ് 3,4,5 അദ്ധ്യായങ്ങൾ

Winners:

1. Mamachan Belthangady
2. Nikhitha Jaison Kalenja
3. Stefi Rajesh Moorje
4. Jomy Jomesh Mudur

**ബൈബിൾ ക്വിസ് : 13** വി. മർക്കോസ് 6,7,8 അദ്ധ്യായങ്ങൾ

Winners:

1.Prabha Panachickal Gandibagilu
2. Baiju Xevier Katippalla
3. Aleyamma Thagadil Kankanady
4. Nisha Perumpallil Arla

**ബൈബിൾ ക്വിസ് : 14** വി. മർക്കോസ് 9,10,11 അദ്ധ്യായങ്ങൾ

Winners:

1.Liby Vijay Kalenja
2. Lizamma Joseph Hebri
3. Lilly John Venur
4. Joliya Vinoy Nettana

**ബൈബിൾ ക്വിസ് : 15** വി. മർക്കോസ് 12,13,14,അദ്ധ്യായങ്ങൾ

Winners:

1. Pushpa shine Neeruvelil Ajekar
2. Bobby Sebastian Katippalla
3. Divya Prajwal Vallooran Thotathady
4. Lini John Gonikoppalu

**ബൈബിൾ ക്വിസ് : 16** വി. മർക്കോസ് 15,16 അദ്ധ്യായങ്ങൾ

Winners:

1. Thomas Paul Nellyadi
2. Sophy Sunil Udane
3. Preethi Thomas Nettana
4. Lincy Manoj Nellyadi

**ബൈബിൾ ക്വിസ് : 17** വി. ലൂക്കാ എഴുതിയ സുവിശേഷം ആമുഖം, 1, 2 അദ്ധ്യായങ്ങൾ

Winners:

1. Xavier Prakash Sampaje
2. Margaret Mathew 7th Hoskotte
3. Animol Varghese Bangady
4. Thresiya Vazhakutam Nettana

**2. ദൈവവചനം ഗാനരൂപത്തിൽ:**

ബൈബിളിലെ ഇഷ്ടമുള്ള ഒരുവചനം(പഴയനിയമം/പുതിയനിയമം) വചനത്തിൽ മാറ്റം വരുത്താതെ ഒരു മിനിറ്റ് സമയത്തിനുള്ളിൽ ആലപിക്കുക. ***Sing & Praise : Parents Group***

1. Jane Sebastian Kottayam
2. Sally Punjakkunnel Mudur
3. Shubha Pradeep Dharmasthala
4. Lency Melett Udane

**ദൈവവചനം ഗാനരൂപത്തിൽ** ***Sing & Praise : Sisters Group***

1. Sr. Roshma S.H Kankanady
2. Sr. Therese Kurian S.H Kankanady
3. Sr. Naveene CFMSS Jadkal
4. Sr. Divya Sebastian S.H Kankanady

**ബൈബിൾ ക്വിസ് : 18** വി. ലൂക്കാ 3,4,5 അദ്ധ്യായങ്ങൾ

Winners:

1. Renil P Jose Hebri
2. Suni Thomas Katippalla
3. Lilly Ayyapallil Thotathady
4. Jomesh Joy Mudur

**ബൈബിൾ ക്വിസ് : 19** വി. ലൂക്കാ 6,7,8 അദ്ധ്യായങ്ങൾ

Winners:

1. Mary Abraham Nellyadi
2. Lucy Devis Gandibagilu
3. Jessy Puthettupadavil Kalenja
4. Anna Albin Kuthlur

**ബൈബിൾ ക്വിസ് : 20** വി. ലൂക്കാ 9,10,11 അദ്ധ്യായങ്ങൾ

Winners:

1. Arun Nediyapalackal Shirady
2. Shyby Reji Kankanady
3. Tessy Thomas Hebri
4. Maria Chandankunnel Mundaje

**Fr.Thomas Puthiyara**
Director, Family Apostolate

# യൂത്ത് അപ്പസ്തോലേറ്റ്

**1.Challenge 2020** യുവജനങ്ങൾക്കായി ഓൺലൈനിൽ നടത്തിയ വിവിധ മത്സരങ്ങൾ

**SINGLE DANCE. Date of Submission 24/5/2020**

വിജയികളായവർ

I. Rose Mary Kulathinal Kankanady
II. Teresa Mudaplakkel Kankanady
III. Medona Cheriyankunnel Gandibagilu

**2. YOUCAT** : വിജയികളായവർ

**YOUCAT VI on 31 / 05 / 2020 (Question 81-95)**

1. Shelbin Saju Bajagoli
2. Priyanaka Belthangady
3. Nayana K.S Udane
4. Neha Kankanady

**YOUCAT VII on 06 / 06 / 2020 (Question 96-111)**

1. Neha Kankanady
2. Sandra Belthangady
3. Praseeda Myalil  Udane
4. Priyanka Belthangady

**3. ദൈവവചനം ഗാനരൂപത്തിൽ**

ബൈബിളിലെ ഇഷ്ടമുള്ള ഒരുവചനം (പഴയനിയമം/പുതിയ നിയമം) വചനത്തിൽ മാറ്റം വരുത്താതെ ഒരു മിനിറ്റ് സമയത്തിനുള്ളിൽ ആലപിക്കുക. ***Sing & Praise   Youth Group***

1. Sameeksha Thotapally, Navoor
2. Robin Murikkal Katippalla
3. Nikshep Thotapally Navoor
4. Jinu Ammanathil Ujire

**4. 91–ാംസങ്കീർത്തനം കന്നഡപരിഭാഷയിൽ ഗാനരൂപത്തിൽ :**

2020 ജൂൺ 14–ാം തീയതി ബഹു. തോമസ് പുതിയറ അച്ചന്റെ നേതൃത്വത്തിൽ ബെൽത്തംഗഡി എസ്.എം.വൈ.എം. അംഗങ്ങൾ 91–ാം സങ്കീർത്തനം കന്നഡപരിഭാഷയിൽ ഗാനരൂപത്തിൽ 'The Healing Power of God's Mercy' എന്ന പേരിൽ പ്രകാശനം ചെയ്തു. ആശംസകളർപ്പിച്ച അഭിവന്ദ്യ മാർ ലോറൻസ് പിതാവിനും, ഗാനമാലപിച്ച ബഹു. തോമസ് പനച്ചിക്കൽ അച്ചനും, എസ്.എം.വൈ.എം. അംഗങ്ങൾക്കും പ്രത്യേകം നന്ദി. ഇതിനായി സഹായസഹകരണം നൽകിയ ബഹു. ജോസ് പൂവ്വത്തിങ്കലച്ചനും, ബഹു. ജോസഫ് മുക്കാട്ടച്ചനും നന്ദി.

**Fr. Thomas Puthiyara**
Director, Youth Apostolate

85. സിനഡ് ഏറ്റവു മധികം പ്രാധാന്യമുള്ള മൂന്നു തലങ്ങളെക്കുറിച്ച് സവിശേഷമാംവിധം പര്യാലോചിച്ചു. ഇവിടെ അതിന്റെ നിഗമനങ്ങളെ ഉദ്ധരിക്കാൻ ഞാൻ ആഗ്രഹിക്കുന്നു. അതേ സമയം, കൂടുതൽവിശക ലനവും, പ്രത്യുത്തരിക്കുന്നതിന് കൂടുതൽ ഉചിതവും, ഫലപ്രദവുമായ കഴിവിന്റെ വികസനവും അവ ആവശ്യപ്പെടുന്നു എന്ന് അംഗീകരിക്കു കയും ചെയ്യുന്നു.

## സാങ്കേതികതയുടെ സാമൂഹ്യാന്തരിക്ഷം

86. സമകാലീന ലോകത്തിന്റെ സവിശേഷതയാണ് ഡിജിറ്റൽ അന്തരീ ക്ഷമെന്നത്. മാനവകുലത്തിന്റെ വിശാലമായ വരമ്പുകൾ അതിൽ ആഴ്ന്നിരിക്കുകയാണ്. അത് സാധാരണമായും, തുടർച്ചയായ രീതിയിൽ സമ്പർക്ക ഉപകരണങ്ങളുടെ ഉപയോഗത്തെക്കുറിച്ചുള്ള ചോദ്യം മാത്ര മല്ല, പ്രത്യുത സ്ഥലകാലങ്ങളെക്കുറിച്ചുള്ള ആശയങ്ങളുടെമേലുള്ള ആഴ മായ സ്വാധീനത്തിനും, നമ്മുടെ സ്വയ അവബോധത്തെയും, മറ്റുള്ളവ രെയും ലോകത്തെയും ക്കുറിച്ചുള്ള ഗ്രഹക്കലിനും മറ്റുള്ളവരുമായി സമ്പർക്കത്തിലേർപ്പെടാനും, അവരെ പഠിപ്പിക്കാനും, വിശദാംശങ്ങൾ അറിയാനും, അവരുമായി ബന്ധപ്പടാനുമുള്ള കഴിവിനും, ഊന്നൽകൊ ടുക്കുന്ന ഉയർന്ന ഡിജിറ്റലൈസ്ഡ് സംസ്കാരത്തിൽ ജീവിക്കുക എന്നതാണ്. ശ്രവിക്കുന്നതിനെയും വായിക്കുന്നതിനെയും കാൾ പ്രതി ബിംബങ്ങൾക്ക് പ്രാമുഖ്യം നൽകുന്ന യാഥാർത്ഥ്യത്തോടുള്ള സമീപ നം, ജനങ്ങൾ പഠിപ്പിക്കുന്ന രീതിയിലും, അവരുടെ വിമർശനഭാവത്തെ വികസിപ്പിക്കുന്നതിലും സ്വാധീനം ചെലുത്തിയിട്ടുണ്ട്.

87. വെബും, സാമൂഹിക നെറ്റുവർക്കുകളും സമ്പർക്കത്തിലേർപ്പെടാനും, കൂട്ടിയിണക്കാനും ഒരു പുത്തൻ മാർഗം സൃഷ്ടിച്ചിട്ടുണ്ട്. യുവജന ങ്ങൾ അവരുടെ സമയം അധികമായി ചെലവഴിക്കുന്നതും പരസ്പരം കണ്ടുമുട്ടുന്നതുമായ പൊതു സ്ഥലമാണ്. ഒരു പക്ഷേ എല്ലാവർക്കും തുല്യപ്രവേശനം അതിലേക്കില്ലെങ്കിലും പ്രത്യേകിച്ച് ലോകത്തിന്റെ ചില പ്രദേശങ്ങളിൽ, സംവാദത്തിനും, കണ്ടുമുട്ടലിനും, വ്യക്തികളു ടെയിടയിലെ കൈമാറ്റത്തിനും, വിവരങ്ങൾക്കും അറിവിനും ഉള്ള ലഭ്യ തയ്ക്കും, അസാധാരണമായ അവസരം അവ നൽകുന്നു. ഇതു കൂടാതെ, സാമൂഹികവും രാഷ്ട്രീയവുമായ സമ്പർക്കത്തിന്റെയും

സജീവ പൗരത്വത്തിന്റെയും വേദിയാണ് ഡിജിറ്റൽ ലോകം. സ്വതന്ത്ര മായ വിവരങ്ങൾ പങ്കുവയ്ക്കുന്നതും, ഏറ്റവും ദുർബലരായവർക്ക് ഫലപ്രദമായ സംരക്ഷണം നൽകുന്നതും അവരുടെ അവകാശ ങ്ങൾ സംരക്ഷിക്കുന്നതും ഇത് സുഗമമാക്കുന്നു. പല രാജ്യങ്ങളിലും ഇന്റർനെറ്റും, സാമൂഹിക നെറ്റുവർക്കുകകളും ഇതിനോടകം തന്നെ യുവജനങ്ങളെ സമീപിക്കുന്നതിനും അവർക്ക് പങ്കാളിത്തം നൽകുന്ന തിനും നന്നായി ഉറച്ചവിധം ഏർപ്പെടുത്തിയിരിക്കുന്ന ഒരു വേദിയാ ണ്, അജപാലന പരിപാടികൾക്കും പ്രവർത്തനങ്ങൾക്കും ഒട്ടും കുറ വല്ല ഇവയുടെ ഉപയോഗം.

88. ഈ പ്രതിഭാസത്തെ മുഴുവനായും മനസ്സിലാക്കണമെങ്കിൽ, മനുഷ്യന്റെ ഓരോ യാഥാർത്ഥ്യത്തെയുംപോലെ തന്നെ അതിനും പരിമിതികളും കുറവുകളുമുണ്ടെന്ന് നമ്മൾ അംഗീകരിക്കണം. പരസ്പ രസമ്പർക്കത്തെയും വെറും കാൽപ്പനിക കണ്ടുമുട്ടലിനെയും കൂട്ടിക്കു ഴയ്ക്കുന്നത് ആരോഗ്യകരമല്ല. വാസ്തവത്തിൽ, ഡിജിറ്റൽ സാഹചര്യം ഏകാന്തതയുടെയും കൃത്രിമത്തിന്റെയും ചൂഷണത്തിന്റെയും അക്രമ ത്തിന്റെയും കടന്ന കൈയെന്നവിധം ഇരുണ്ട വെബിന്റെയും ഇടമാ ണ്. ഡിജിറ്റൽ മീഡയ ആളുകളെ, ആസക്തിയിലേക്കും, ഒറ്റപ്പെടലി ലേക്കും മൂർത്തമായ യാഥാർത്ഥ്യവുമായുള്ള ഇടപെടലിൽ നിന്നുളവാ കുന്ന സാവകാശത്തിലുള്ള നഷ്ടത്തിലേക്കും ,ശരിയായ പരസ്പര വൈയക്തിക ബന്ധങ്ങളുടെ വികാസത്തിനുള്ള തടസ്സങ്ങളിലേക്കും ,വ്യ ക്തികളുടെ കണ്ണു തുറപ്പിക്കാം.പുത്തൻ രൂപങ്ങളിലുള്ള അക്രമങ്ങൾ സാമൂഹിക മീഡിയയിൽ കൂടി പടർന്നുകൊണ്ടിരിക്കുന്നു. ഉദാഹരണ ത്തിന് അശ്ലീല സാഹിത്യത്തിന്റെ പ്രചരണത്തിനും ലൈംഗിക ദുരു പയോഗത്തിനും ചൂതാട്ടത്തിനും പ്രേരിപ്പിച്ചുകൊണ്ട്, വ്യക്തികളുടെ ചൂഷണം ചെയ്യൽ പരക്കുന്നതിന് ഇന്റർനെറ്റ് ഒരു മാർഗമാണ്.

89. ഡിജിറ്റൽ ലോകത്ത് മനസ്സാക്ഷികളെയും ജനായത്തപ്രക്രിയക ളെയും കൃത്രിമ നടപടികളാൽ വളച്ചൊടിക്കുന്ന ക്രമീകരണങ്ങൾ സാധ്യ മാകുംവിധം വളരെ ലോലവും, എന്നാൽ കടന്നു കയറുന്നതുമായ ഘടനാ സംവിധാനങ്ങൾ ഏർപ്പെടുത്താൻ കെൽപ്പുള്ളതുമായ വളരെ വലിയ സാമ്പത്തിക താത്പര്യങ്ങൾ പ്രവർത്തിക്കുന്നുണ്ടെന്ന വസ്തുത വിസ്മരിക്കാവുന്നതല്ല. പല വേദികളുടെയും പ്രവർത്തനം അവസാനം ചെന്നെത്തുന്നത് സമാനചിന്തയുള്ളവരെ സംവാദത്തിൽ നിന്നും അക റ്റിക്കൊണ്ട്, പരസ്പര മത്സരത്തിലാണ്. ഈ അടഞ്ഞ പ്രവർത്തന

ങ്ങൾ വ്യാജമായ വാർത്തകളും തെറ്റായ വിവരങ്ങളും പ്രചരിക്കുന്നതിനും,മുൻവിധിയും വെറുപ്പും നുരഞ്ഞുപൊങ്ങുന്നതിനും ഇടയാക്കുന്നു. വ്യാജമായ വാർത്തകൾ മെനഞ്ഞുണ്ടാക്കുക എന്നത്,സത്യാവബോധം നഷ്ടപ്പെട്ടതിനാൽ പ്രത്യേക താത്പര്യങ്ങൾക്കായി വസ്തുതകളെ വളച്ചൊടിക്കുന്ന സംസ്കാരത്തിന്റെ ദുഷ്പ്രവണതയാണ്. വ്യക്തികളുടെ സത്പേര് ഓൺലൈനിലൂടെ നടക്കുന്ന വിചാരണ വഴി അപകടത്തിലാക്കുന്ന. ഈ പ്രതിഭാസത്തിൽ നിന്നും സഭയും സഭയുടെ അജപാലകരും ഒഴിവാക്കപ്പെട്ടിട്ടില്ല.

90. സിനഡിന്റെ തലേദിവസം, ലോകത്തിന്റെ വിവിധയിടങ്ങളിൽ നിന്നുള്ള മുന്നൂറ് യുവജനങ്ങൾ തയ്യാറാക്കിയ ഒരു രേഖയിൽ, ചൂണ്ടികാണിച്ചിരിക്കുന്നു. ഓൺ ലൈൻ ബന്ധങ്ങൾ മനുഷ്യത്വരഹിതമായിത്തീരാം. ഡിജിറ്റൽ ഇടങ്ങൾ മറ്റൊരു മനുഷ്യത്വരഹിതമായിത്തീരാം. ഡിജിറ്റൽ ഇടങ്ങൾ മറ്റൊരു മനുഷ്യ ജീവിയുടെ വികാരങ്ങളെ വ്രണപ്പെടുത്തുന്നതിൽ നമ്മളെ അന്ധരാക്കിക്കളയാവുന്നതും, നമ്മുടെ തന്നെ ആത്മവിമർശനത്തെ തടയാനിടയാക്കാവുന്നതുമാണ്. അശ്ലീല സാഹിത്യം പോലുള്ള പ്രശ്നങ്ങൾ മാനവിക ലൈലംഗികതയെക്കുറിച്ചുള്ള ഒരു യുവ വ്യക്തിയുടെ വീക്ഷണങ്ങളെ വികലമാക്കുന്നതാണ്. ഈ വിധത്തിൽ ഉപയോഗിക്കുന്ന സാങ്കേതിക വിദ്യ മനുഷ്യ മഹത്വത്തെ വിസ്മരിക്കുന്നവിധം കബളിപ്പിക്കുന്ന സമാന്തര യാഥാർത്ഥ്യത്തെ സൃഷ്ടിക്കുന്നു. പലയാളുകളെ സംബന്ധിച്ചും, കാൽപനിക ലോകത്തിൽ മുങ്ങിക്കിടക്കുന്നതു വഴി ഒരു തരം ഡിജിറ്റൽ നിർഗമനം വരുത്തിവച്ചിട്ടുണ്ട്. അവർ തങ്ങളുടെ കുടുംബങ്ങളിൽ നിന്നും സാംസ്കാരികവും മതപരവുമായ മൂല്യങ്ങളിൽ നിന്നും പിൻവലിയുകയും ,ഒറ്റപ്പെടലിന്റെയും ,സ്വയം കണ്ടുപിടിക്കലിന്റേയുമായ ഒരു ലോകത്തിലേക്ക് പ്രവേശിക്കുകയും ചെയ്യുന്നു. തത്ഫലമായി അവർ, ഒരു സ്ഥലത്ത് ബാഹ്യമായി സ്ഥിതി ചെയ്യുന്നുണ്ടെങ്കിലും, വേരറ്റതായി അവർക്ക് അനുഭപ്പെടുന്നു. തങ്ങളുടെ വ്യക്തിത്വത്തെ അംഗീകരിക്കാനാഗ്രഹിക്കുന്ന, നല്ല പ്രസരിപ്പും പുഷ്കലവുമായ ജീവിതങ്ങളോടുകൂടിയ യുവജനങ്ങൾ ഇന്ന് നേരിടുന്ന ഒരു പുതിയ വെല്ലുവിളിയുണ്ട്. ഇതുവരെയും കണ്ടെത്തിയിട്ടില്ലാത്ത ഒരു പുതിയ ഭൂഖണ്ഡത്തിൽ കാലുകുത്തിയാലെന്ന പോലെ യഥാർത്ഥവും കാൽപനികവുമായ ഒരു ലോകത്തിലേക്ക് ഒറ്റയ്ക്ക് അവർ പ്രവേശിക്കുന്നു. ഇന്നത്തെ യുവജനങ്ങളാണ്, വൈയക്തികവും തങ്ങളുടെ തന്നെ സംസ്കാര സവിശേഷതയാർന്നതും ആഗോള സംബന്ധവുമായവയുടെ ഒരു സങ്കലനം സാധ്യമാക്കാൻ ഒന്നാ

മതായി ബാധ്യസ്ഥരായിരിക്കുന്നത്. അതിനർത്ഥം, അവർ, കാൽപനിക സംസർഗത്തിൽ നിന്നും നല്ല ആരോഗ്യകരമായ സമ്പർക്കത്തിലേക്കു കടക്കാൻ വഴികൾ തേടണം എന്നാണ്.

**പ്രവാസം, നമ്മുടെ കാലത്തിന്റ സാരസംഗ്രഹം**

91. കുടിയേറ്റ യാത്രകളാൽ വലഞ്ഞവരായ ആ യുവജനങ്ങളെല്ലാവരെയും കുറിച്ച് നമുക്ക് എങ്ങനെ ചിന്തിക്കാതിരിക്കാനാകും. കുടിയേറ്റം, ആഗോള തലത്തിൽ പരിഗണിക്കുമ്പോൾ,കടന്നു പോകുന്ന ഒരു അടിയന്തരാവസ്ഥ എന്നതിനെക്കാളുപരി ഘടനാപരമായ ഒരു പ്രതിഭാസമാണത്. ഒരു രാജ്യത്തിനകത്തോ വ്യത്യസ്തരാജ്യങ്ങൾക്കിടയിലോ അതു സംഭവിക്കാം.യുദ്ധങ്ങളിൽനിന്നോ, അക്രമങ്ങളിൽ നിന്നോ, രാഷ്ട്രീയമോ മതപരമോ ആയ പീഡനങ്ങളിൽ നിന്നോ കാലാവസ്ഥാ വ്യതിയാനം മൂലമുണ്ടാകുന്നവയുൾപ്പെടെ പ്രകൃതിദുരന്തങ്ങളിൽ നിന്നോ, കൊടും പട്ടിണിയിൽ നിന്നോ പലായനം ചെയ്യുന്നവരിലാണ് സഭയുടെ ശ്രദ്ധ വിശേഷിച്ചും കേന്ദ്രീകരിച്ചിരിക്കുന്നത്. അവരിൽ അനേകർ യുവാക്കളാണ്. പൊതുവിൽ, അവർ തങ്ങൾക്കുവേണ്ടിയും തങ്ങളുടെ കുടംബങ്ങൾക്കുവേണ്ടിയും അവസരങ്ങൾ തേടുക.യാണ്. അവർ കൂടുതൽ നല്ല ഭാവിയെ സ്വപ്നം കാണുകയും, അത് നേടാനുതകുന്ന സാഹചര്യങ്ങൾ സൃഷ്ടിക്കാൻ ആഗ്രഹിക്കുകയും ചെയ്യുന്നു. കുടിയേറ്റക്കാർ നമ്മുടെ വിശ്വാസത്തിന്റെ മൗലികമായ ഒരുവശം നമ്മെ അനുസ്മരിപ്പിക്കുന്നുണ്ട്. അതായത് നമ്മൾ ഭൂമിയിൽ പരദേശികളും വിപ്രവാസികളുമാണ് എന്ന്.

92. മറ്റ് കുടിയേറ്റക്കാർ പാശ്ചാത്യ സംസ്കാരത്താൽ ആകൃഷ്ടരായി. ചിലപ്പോൾ,തങ്ങളെ ഗൗരവതരമായ ഇച്ഛാഭംഗത്തിലേക്ക് നയിക്കുന്ന യാഥാർത്ഥ്യ രഹിതമായ പ്രതീക്ഷകളാൽ നയിക്കപ്പെട്ടവരാണ്.മനസ്സാക്ഷിയില്ലാത്ത കടത്തുകാർ പലപ്പോഴും മയക്കുമരുന്നും ആയുധങ്ങളും കടത്തുന്നതിനോടു ബന്ധപ്പെട്ടവർ, കുടിയേറ്റക്കാരുടെ ബലഹീനത ചൂഷണം ചെയ്യുന്നു. വഴിയിൽ വച്ച് അവർ പലപ്പോഴും ക്രൂരതയ്ക്കും, കള്ളക്കളിക്കും,മാനസികവും ശാരീരികവുമായ ദുരുപയോഗത്തിനും കേട്ടിട്ടില്ലാത്ത തരം സഹനങ്ങൾക്കും വിധേയരാകുന്നു. അതു മാത്രമല്ല, മുതിർന്ന വരുടെ കൂടെയല്ലാതെ ഒറ്റക്കു കുടിയേറുന്ന പ്രായ പൂർത്തിയാകാത്തവരുടെയും അനേകം വർഷങ്ങൾ അഭയാർത്ഥി ക്യാമ്പുകളിൽ കഴിയാൻ നിർബന്ധിതരാകുന്നവരുടെയും, ദീർഘകാലം ഇടത്താവള രാജ്യങ്ങളിൽ പഠനം പിന്തുടരാനാവാതെയും തങ്ങളുടെ കഴിവു

കൾ ഉപയോഗിക്കാനാകാതെയും കുടുങ്ങിക്കിടക്കുന്നവരുടെയും ദുർഭഗസ്ഥിതി അവഗണിക്കാൻ നമുക്കാവില്ല. അഭയാർത്ഥികളെ സ്വീകരിക്കുന്ന ചില രാജ്യങ്ങളിൽ കുടിയേറ്റം ഭയവും അങ്കലാപ്പും ഉള്ളവാക്കുന്നു. പലപ്പോഴും രാഷ്ട്രീയ ലക്ഷ്യങ്ങൾ ഉന്നം വച്ചുകൊണ്ട് ഉണ്ടാകുന്നവയും ചൂഷണം ചെയ്യപ്പെടുന്നവയും. ജനം തങ്ങളെ സമീപിച്ചുകൊണ്ടിരിക്കുമ്പോൾ അപരിചിതരോടു വെറുപ്പുളവാക്കുന്ന മനോഭാവത്തിലേക്ക് ഇത് നയിക്കുന്നു. നിർണ്ണായകമായവിധം ഇക്കാര്യം പരിഗണിക്കപ്പെടേണ്ടതാണ്.

93. യുവകുടിയേറ്റക്കാർ തങ്ങളുടെ ഉത്ഭവസ്ഥലങ്ങളിൽ നിന്നുമുള്ള വേർപെടലും , അതോടൊപ്പം പലപ്പോഴും സാംസ്കാരികവും മതപരവുമായ പിഴുതുമാറ്റപ്പെടലും അനുഭവിക്കുന്നു. അവർ വിട്ടിട്ടുപോകുന്ന സമൂഹങ്ങളിൽ ശിഥിലീകരണം പോലും അനുഭവപ്പെടുന്നുണ്ട്, കാരണം അവയുടെ ഏറ്റവും ഊർജ്ജസ്വലവും സാഹസികവുമായ ഘടകങ്ങൾ നഷ്ടപ്പെട്ടുപോകുന്നു. കുടുംബങ്ങളിലും ഇതനുഭപ്പെടുന്നുണ്ട്. പ്രത്യേകിച്ച് മാതാപിതാക്കളിൽ ഒരാളോ രണ്ടുപേരുമോ,കുട്ടികളെ, സ്വന്തം രാജ്യത്ത് വിട്ടിട്ടുപോകുന്നതുകൊണ്ട് വിഭജിതമായ ഈ കുടുംബങ്ങളിലെ യുവ അംഗങ്ങളെ സംബന്ധിച്ചിടത്തോളം സഭയ്ക്ക് ആശ്രയിക്കാനൊരിടമെന്ന നിലക്ക് വളരെ പ്രധാനപ്പെട്ട കടമയുണ്ട്. എന്നാൽ കുടിയേറ്റക്കാരുടെ കഥകൾ വ്യക്തികൾ തമ്മിലും സംസ്കാരങ്ങൾ തമ്മിലുമുള്ള ഒരു സമ്മേളനത്തിന്റെ കഥകൾ കൂടിയാണ്. അവർ വന്നെത്തുന്ന സമൂഹങ്ങളെയും സംഘങ്ങളെയും സംബന്ധിച്ചിടത്തോളം കുടിയേറ്റക്കാർ സമ്പന്നമാക്കുകയും എല്ലാവരുടെയും പൂർണ്ണമായ മാനുഷിക വികാസത്തിന് അവസരമുണ്ടാക്കുകയും ചെയ്യുന്നു. സഭയെയും സഹകരിപ്പിച്ചുകൊണ്ട് അവരെ സ്വീകരിക്കുന്നതിനുള്ള ഉദ്യമങ്ങൾ ഈ കാഴ്ചപ്പാടിൽ വളരെ പ്രധാന കടമയുണ്ട്. എന്നാൽ കുടിയേറ്റക്കാരുടെ കഥകൾ, വ്യക്തികൾ തമ്മിലും സംസ്കാരങ്ങൾ തമ്മിലുമുള്ള ഒരു സമ്മേളനത്തിന്റെ കഥകൾ കൂടിയാണ്. അവർ വന്നെത്തുന്ന സമൂഹങ്ങളെയും സംഘങ്ങളെയും സംബന്ധിച്ചിടത്തോളം കുടിയേറ്റക്കാർ, സമ്പന്നമാക്കുകയും , എല്ലാവരുടെയും പൂർണ്ണമായ മാനുഷിക വികാസനത്തിന് അവസരമുണ്ടാക്കുകയും ചെയ്യുന്നു. സഭയെയും സഹകരിപ്പിച്ചുകൊണ്ട് അവരെ സ്വീകരിക്കുന്നതിനുള്ള ഉദ്യമങ്ങൾ ഈ കാഴ്ചപ്പാടിൽ വളരെ പ്രധാനപ്പെട്ടതാണ്. അവരെ ഏറ്റെടുക്കാൻ സന്നദ്ധതയുള്ള സമൂഹങ്ങൾക്ക് പുത്തൻ ജീവൻ കൊണ്ടുവരുന്നതിന് സാധിക്കും.

**Continued......**

# KRCBC
# PASTORAL GUIDELINES
# ON THE RESUMPTION OF PUBLIC MASSES
# DURING PUBLIC HEALTH EMERGENCY

(General Standard Operating Procedures)

Christian Religion is a structured one, with the contents, the form and the place of its worship being regulated by the leaders of the religion. In general, the Christian population has been maintaining discipline, order, social distancing in churches and chapels during religious services. On the part of the Christian faithful, participating in the Community Sunday Service is an obligation. Nevertheless, in so far as the pandemic is not yet completely contained, adhering to the Directives issued by the Union Government as well as the Government of Karnataka, the Christian faithful will follow these guidelines.

All the churches are to strictly comply with all the directives that the Govt. of India or the Govt. of Karnataka may notify from time to time.

**The Daily and the Sunday Services will resume from Saturday, 13th June 2020, and the following Guidelines are to be attentively taken note of and strictly adhered to. Besides, the necessary precautionary measures are to be taken and sufficient instructions are to be given to the faithful.**

**Please note:**

**Location**

1. **Sanitization**: Churches should be well ventilated and seats cleansed and disinfected regularly, with a disinfected carpet at the church entrance, if need be. Adequate amount of Ethanol (70%) based sanitizers is made available at all entrances to the church. The use of holy water at the church entrance should be suspended.

2. The rest rooms at the Church should be fumigated and the commode and its covers should be sanitized. In order to minimize transfer of the virus, reduce or avoid using the western commode. In the case, its use is absolutely required, sanitize it after every use.

**At the Service**

1. Time for celebrating Sunday Mass starts from Saturday, 13th of June, 2020 (evening Mass) as mentioned above. To start with, there could be public Masses on Sundays. As regards the Daily Mass, please see that the prescribed minimum number does not exceed.
2. The pews or the places of seating are to be clearly marked keeping in mind the instruction to maintain physical (social) distancing – A minimum of 6 feet distance is a must.
3. Encourage parishioners to cover the mouth while coughing and sneezing with a tissue or use the inside of their elbow. Used tissues should be thrown in the trash and hands washed.
4. If need be, there can be multiplication of Masses in a Church. This could be done zone wise at the Church or at convenient places in different zones. Masses can also be celebrated in all chapels.
5. In order that more people can participate in the service, CCTVs can be installed in the open area around the church or in the halls available next to the church.
6. Touching of statues/idols / holy books etc. not encouraged during this public health emergency. The use of liturgical booklets and hymnals should be suspended. The LCD projectors may be used instead, for hymns and other recitals.
7. Holy Communion should be received strictly on hand or other alternatives prescribed by the bishop. Receiving Communion on the tongue is suspended for the time being. The priest may use sanitized gloves or sanitized hands while distributing Communion and the faithful will receive on their sanitized hands.

8. The collections should be made after the service, with one or several donation boxes placed at some noticeable places.
9. The 'Sign of Peace' should be expressed by bowing heads with folded hands only, not with handshakes.
10. Only the Eucharistic Service may be allowed to be celebrated publicly in churches and chapels, and not the other acts of worship, such as Rosary, Novena Prayers, Adoration of Blessed Sacraments, Charismatic Meetings etc. until the time the pandemic is contained.
11. The same instructions, given above, are to be followed for the Celebrations of Sacraments of Baptism, Reconciliation (Confessions), First Holy Communion and Confirmation.
12. The Directives of the Government are to be strictly followed for weddings and funerals.

**Participation**

1. All those who come to the church will undergo the thermal checking for fever with contactless thermometer. Faithful with temperature above the prescribed limit or with allied symptoms may be turned back and/or advised to undergo further medical assistance.
2. All those who participate in the services have to wear face masks compulsorily, at the premises and inside the Church. Only asymptomatic persons shall be allowed in the premises.
3. Respiratory etiquettes to be strictly followed. This involves strict practice of covering one's mouth and nose while coughing/sneezing with a tissue/handkerchief/flexed elbow and disposing off used tissues properly.
4. The faithful should be inside the church the minimum necessary time to participate in the Mass. They should enter the church few minutes before the Mass and disperse soon thereafter.

5. The faithful should leave the church premises as soon as the Mass ends and avoid socializing before or after the Service at the premises in groups.
6. Children below the age of 10 and adults above 65 years are advised not to participate in the Services held at the church. Persons already infected are strictly advised not to attend the services for the greater good.
7. People living in the 'containment area declared by the government' will not participate in the Church Services until such restrictions are cleared by the Government. Also churches / Chapels in those areas will not have public services during this Public Health Emergency.
8. Members of the faithful with comorbidities, pregnant women, as well as those who have someone undergoing "self-quarantine" at home, should not go to church on Sundays; instead, they may continue to participate in Online Masses from the safety of their homes.

**Live streaming**

1. The Masses could be live streamed for those who cannot attend due to various reasons mentioned above. Instead of receiving the actual Holy Communion they will have to receive Spiritual Communion with due preparation followed by some spiritual practices. The above measure will be terminated once the pandemic is fully contained.
2. Communion can be made available at the church to those who have participated in the online service on other days by adopting a simplified rite to be provided by the Diocesan Liturgy Commission.

**Personnel**

1. **Volunteers** can stand at the door of the church,pouring one or two drops of the sanitizer liquid on each entrant's palm. Parish Priests can bless the sanitizer bottles, so that they can also act as a Holy Water.

2. Priests and Others, who distribute Holy Communion, also should use sanitizer.

3. Posters/standees on preventive measures about COVID-19 to be displayed prominently. You may also circulate them among the faithful through WhatsApp or other Social Media Net Works in the parish.

4. Ushers should ensure that social distancing is kept between persons inside the church.

5. The Diocesan and the Religious priests, working in parishes and in institutions, should make themselves available to celebrate Masses, and to distribute Holy Communion, and to take Communion to the Sick, as a few more Masses will be introduced/scheduled as the number of participants at each Mass is restricted.

*Kindly Note*:

**i. Parish Priest is responsible to ensure that these guidelines are strictly adhere to.**

**ii.** Every parish should, prior to opening the Parish Church for the Public, form a **'Covid - 19 Safety Committee'** to implement and monitor the SOP that contains in this Document, and also it can add other precautionary guidelines as deemed fit to ensure safe and health of its members.

**iii.** At every service large gathering of people in the worship places is discouraged.

**iiii. The above restrictions will be lifted once the pandemic is fully contained.**

**+Most Rev. Peter Machado**
**Archbishop of Bangalore**
**and**
**President, KRCBC**

## Pope Francis adds three new invocations to the Litany of the Blessed Virgin Mary

In June 2020, Pope Francis added three new invocations in the litany. “Mater misericordiae”, the Latin for “Mother of Mercy” (after Mother of the Church), "Mater spei" “Mother of Hope” (after Mother of Divine Grace), and “Solacium migrantium"“Solace of Migrants” (after Refuge of Sinners) .

---

## Pope Francis’ Covid-19 Prayer

Heavenly Father, we thank you for the gift of good health and peace that we have enjoyed for so many years. As we find ourselves in this time of crisis today, we ask for your divine intervention and mercy to be upon each of us.

Come and guide the minds of those working to discover a treatment to the COVID-19 virus. Grant them wisdom, knowledge, and clarity of mind, so that all peoples will be free from the threat of this ailment.

We also pray for the healthcare workers that are standing in the front line of this battle. Father, we thank you for their hearts of service, putting the needs of society before their own, generously responding to the cry of Your people. We ask that You will grant them strength and protection. As they give of themselves in selfless service, may You fill them with your Holy Spirit as they work to be Your healing hands and feet!

Father, we also surrender to You all those who have been afflicted with the virus. Grant them Your healing grace, merciful Father, so that they may recover swiftly and continue to be witnesses of Your love in their lives.

Mother Mary, we ask for your intercession in this great time of need. Cover each of us with your blue mantle of protection, so that we may be preserved in good health to continue to glorify Your Son, Jesus Christ. We make this prayer through Christ, our Saviour and Redeemer.

Amen.